34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 23, 2026 Vol. XXXIV No. 08

3 എഐ കുത്തകയ്ക്ക് എതിരെ ഇന്ത്യ
4 ഫാ. തിയോഫിൻ ധന്യൻ പദവിയിൽ
10 21 കരാറുകളിൽ ഒപ്പുവെച്ച് ഇന്ത്യയും ഫ്രാൻസും
15 റവ.ഫാ. പത്രോസ് ചമ്പക്കരയ്ക്ക് യാത്രയയപ്പ്
17 'കിലുക്കം-25' ഏപ്രിൽ 17-ന് ഹൂസ്റ്റണിൽ



# റയൻ വെട്ടിക്കാട്
## ഇല്ലിനോയിസിൽ പുതിയ തലമുറയുടെ നേതൃത്വം

ഇല്ലിനോയി: 2026 മാർച്ച് 17-ന് നടക്കുന്ന ഡെമോക്രാറ്റിക് പ്രൈമറിയിൽ ഇല്ലിനോയി സംസ്ഥാനത്തിലെ 8-ാംകോൺഗ്രഷണൽ ജില്ലയിൽ യു.എസ് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സിലേക്കുള്ള ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയാണ് റയൻ വെട്ടിക്കാട്. 8-ാം ജില്ലയിൽ നോർത്ത് വെസ്റ്റ് ചിക്കാഗോ നഗര പരിസരപ്രദേശങ്ങളുടെ ഭാഗങ്ങൾ ഉൾപ്പെടുന്നു-കുക്ക്, ഡുപേജ്, കെയ്ൻ കൗണ്ടികളുടെ ചില ഭാഗങ്ങൾ ഉൾപ്പെടെ നിലവിലെ പ്രതിനിധിയായ രാജാ കൃഷ്ണമൂർത്തി ഈ വർഷം മറ്റൊരു പദവിക്കായി മത്സരിക്കുന്നതിനാൽ ഒഴിവാകുന്ന സീറ്റിനായി ശക്തമായ ഡെമോക്രാറ്റിക് മത്സരത്തിലാണ് വെട്ടിക്കാട് രംഗത്തുള്ളത്.

ചിക്കാഗോ പ്രദേശത്ത് ജനിച്ചുവളർന്ന റയൻ ഡെസ്പ്ലെയിൻലും ഹോഫ്മാൻ എസ്റ്റേറ്റ്സിലും വളർന്ന് ഇപ്പോൾ സൗത്ത് ബാരിങ്ടണിൽ താമസിക്കുന്നു. അമേരിക്കൻ സ്വപ്നത്തിന്റെ പ്രതീകമാണ്. 1990-കളിൽ ഇന്ത്യയിൽ നിന്ന് കുടിയേറിയ മാതാപിതാക്കൾക്കാണ് അദ്ദേഹം ജനിച്ചത്. അമ്മ യുഎസ് പോസ്റ്റൽ സർവീസിൽ സേവനമനുഷ്ഠിച്ചു. അച്ഛൻ സോഫ്റ്റ് വെയർ എൻജിനീയറായി പ്രവർത്തിക്കുന്നു.

പഠനകാലത്ത് മുഴുവൻ ജോലി ചെയ്തിരുന്ന റയൻ യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് ഉർബാന-ഷാംപെയ്നിൽ നിന്ന് summa cum laude ബിരുദം നേടി. തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോയിൽ നിന്ന് അന്താരാഷ്ട്ര നിയമത്തിൽ മാസ്റ്റേഴ്സ് ബിരുദം നേടി.

തെരഞ്ഞെടുപ്പ്രാഷ്ട്രീയത്തിലേക്ക് കടക്കുന്നതിനു മുമ്പ് വെട്ടിക്കാട് യുഎസ് ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിൽ കൗണ്ടർടെററിസം അനലിസ്റ്റായി സേവനമനുഷ്ഠിച്ചു.

ഭരണത്തിലേക്ക് പുതുമയും നിഷ്ഠയും കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയിൽ വിശ്വാസമുള്ളതിനാൽ അദ്ദേഹം പിന്നീട് രാജിവെച്ച് പൊതുസേവനത്തിലേക്ക് പ്രവേശിച്ചു. ഇല്ലിനോയി കുടുംബങ്ങൾക്ക് ജീവിതച്ചെലവ് കുറയ്ക്കുക, തെരഞ്ഞെടുപ്പ് ധനസമാഹരണത്തിലെ സുതാര്യത വർദ്ധിപ്പിക്കുക, കോൺഗ്രസ് അംഗങ്ങൾ ഓഹരി വ്യാപാരം നടത്തുന്നത് നിരോധിക്കുക, പൊതുവായ ഗൺ സുരക്ഷാ നിയമങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന നയലക്ഷ്യങ്ങൾ.

(ശേഷം 28-ാം പേജിൽ)

### ശബരിമല സ്വർണക്കൊള്ള: തന്ത്രിയ്ക്കു ജാമ്യം നൽകിയതിനെതിരെ എസ്ഐടി ഹൈക്കോടതിയിലേക്ക്
# നിയമസഭയിൽ ഭരണ-പ്രതിപക്ഷ വാക്പോര്

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ നിയമസഭ പ്രക്ഷുബ്ധമായി. പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ച് പ്രതിഷേധം തുടങ്ങി. ദേവസ്വം മന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം നിയമസഭയ്ക്കകത്ത് പ്രതിഷേധിച്ചു. പ്ലക്കാർഡുകളുമായെത്തിയ പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധം നടത്തി. ശരണം വിളികളോടെയും സ്വർണം കട്ടതാരപ്പ എന്ന പാരഡിഗാനം പാടിയുമാണ് പ്രതിപക്ഷ പ്രതിഷേധം. ശബരിമല സ്വർണ്ണക്കൊള്ളക്കേസിലെ പ്രതികളെല്ലാം ജാമ്യം കിട്ടി പുറത്ത് വരുന്നു. എസ്ഐടിക്ക് മേൽ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഇടപെടലുണ്ടെന്ന് പ്രതിപക്ഷം ആരോപിച്ചു. ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠര് രാജീവർക്ക് ജാമ്യം അനുവദിച്ചുകൊണ്ടുള്ള കൊല്ലം വിജിലൻസ് കോടതി വിധി കേരള സർക്കാരിനെ പ്രതിരോധത്തിലാക്കുന്നു. കേസിൽ തന്ത്രി കണ്ഠര് രാജീവരുടെ പങ്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നു വ്യക്തമാക്കിയത് കോൺഗ്രസും ബിജെപിയും ഒരുപോലെ സർക്കാരിനെതിരെ ആയുധമാക്കുകയാണ്. സ്വർണക്കൊ



ള്ള കേസിൽ അറസ്റ്റിലായ തന്ത്രി 41 ദിവസമാണ് ജയിലിൽ കഴിഞ്ഞത്.

അതേസമയം, തന്ത്രിക്ക് ജാമ്യം അനുവദിച്ച കൊല്ലം വിജിലൻസ് കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകുമെന്നാണ് പ്രത്യേക അന്വേഷണ സംഘം പറയുന്നത്. കീഴ്കോടതി ഉത്തരവ് ഹൈക്കോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടക്കുന്ന അന്വേഷണത്തിനു തിരിച്ചടിയാകും. കൊല്ലം വിജിലൻസ് കോടതിയുടെ ജാമ്യ ഉത്തരവിലെ പരാമർശങ്ങൾ നീക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടും. സ്വർണക്കൊള്ള കേസുമായി ബന്ധപ്പെട്ടു തന്ത്രിക്കെതിരെ നിരവധി തെളിവുകൾ നിലവിലുണ്ടെന്നാണ് എസ്ഐടി വാദം. ജാമ്യഹർജി പരിഗണിക്കുമ്പോൾ എല്ലാ തെളിവും ഹാജരാക്കാൻ കഴിയില്ല.

(ശേഷം 34-ാം പേജിൽ)

### മുഖ്യമന്ത്രിയുടെ വിവാദ കത്ത്:
# ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ നിയമത്തിന്റെ ലംഘനം

തിരുവനന്തപുരം: ജീവനക്കാർക്കും പെൻഷൻകാർക്കും സർക്കാർ നൽകിയ വാഗ്ദാനങ്ങളെല്ലാം നടപ്പാക്കിയെന്നു വ്യക്തമാക്കി മുഖ്യമന്ത്രി പിണറായി വിജയന്റെ കത്ത് ജീവനക്കാരുടെയും പെൻഷൻകാരുടെയും വാട്സ് ആപ്പിൽ നേരിട്ടു ലഭിച്ചു.

തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടു സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ ഓർമിപ്പിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ചത് 77.42 ലക്ഷം പേരുടെ ഔദ്യോഗിക ഡേറ്റ. 62 ലക്ഷം ക്ഷേമ പെൻഷൻകാരുടെയും 5.42 ലക്ഷം ജീവനക്കാരുടെയും 10 ലക്ഷം സ്ത്രീ സുരക്ഷാ പെൻഷൻകാരുടെയും പേരും ഫോൺ നമ്പറും അടക്കമുള്ള വിവരങ്ങൾ ഉപയോഗിച്ചാണ് വാട്സാപ് സന്ദേശമയച്ചത്.

സർക്കാർ ഔദ്യോഗിക ആവശ്യത്തിനു ശേഖരിക്കുന്ന ഇത്തരം വ്യക്തിവിവരങ്ങൾ മറ്റു പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നാണു ചട്ടം. 2023-ലെ ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ നിയമമനുസരിച്ച് ഒരു ആവശ്യത്തിനായി ശേഖരിക്കുന്ന ഡേറ്റ മറ്റൊന്നിന് ഉപയോഗിക്കാൻ പാടില്ല.


സർക്കാർ ജീവനക്കാരുടെ ഡേറ്റ ശേഖരിക്കുന്നത് ശമ്പളവിതരണവും സ്ഥലംമാറ്റവും ഉൾപ്പെടെയുള്ള ഔദ്യോഗിക ആവശ്യങ്ങൾക്കാണ്. ഇതു സൂക്ഷിക്കുന്നതാകട്ടെ, സർക്കാരിന്റെ തന്നെ സ്പാർക് സോഫ്റ്റ്വെയറിലും.

(ശേഷം 34-ാം പേജിൽ)

# ആലിനിന്റെ മാതാപിതാക്കൾക്ക് പ്രധാനമന്ത്രിയുടെ ആദരം



ന്യൂഡൽഹി: മരണമടഞ്ഞ ഒൻപതുമാസക്കാരി ആലിൻ ഷെറിൻ ഏബ്രഹാമിന്റെ അവയവങ്ങൾ നാല് കുട്ടികൾക്കായി ദാനം ചെയ്ത മാതാപിതാക്കൾക്കു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദരം. അരുൺ ഏബ്രഹാമിന്റെയും ഷെറിന്റെയും തീരുമാനം ഓരോ ഇന്ത്യൻ പൗരന്റെയും ഹൃദയം നിറച്ചെന്നു 'മൻ കി ബാത്' റേഡിയോ പ്രഭാഷണത്തിൽ മോദി പറഞ്ഞു. തീരുമാനം അവരുടെ ചിന്തയുടെ ഔന്നിത്യത്തെയും മനസ്സിന്റെ വിശാലതയെയും പ്രതിഫലിപ്പിക്കുന്നു. മറ്റൊരു കുടുംബത്തിനും ഈ വിധിയുണ്ടാകരുതെന്ന് അവർ കരുതി. കുഞ്ഞിനെ നഷ്ടപ്പെടുന്നതിൽപരം ദുഃഖമില്ല. ആ വേദനയ്ക്കിടയിലാണ് അവയവദാനത്തിന് അവർ തീരുമാനിച്ചത്. ആലിൻ നമ്മോടൊപ്പം ഇല്ലെങ്കിലും ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാക്കളുടെ പട്ടികയിൽ ആ മകളുടെ പേരുണ്ടാകും - മോദി പറഞ്ഞു. അവയവദാനത്തെക്കുറിച്ചുള്ള അവബോധം ഇന്ത്യയിൽ വർധിക്കുകയാണെന്നു പറഞ്ഞ അദ്ദേഹം, വ്യത്യസ്ത ജീവിതപശ്ചാത്തലങ്ങളിൽനിന്നുള്ള അവയവദാതാക്കളുടെ പേരുകളും പരാമർശിച്ചു.


SUNNY FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

KERALA EXPRESS
കേരളം

# എഐ കുത്തകയ്ക്ക് എതിരെ ഇന്ത്യ

ന്യൂഡൽഹി: എഐയെ തന്ത്രപരമായ ആസ്തിയായി കണക്കാക്കുകയും സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിൽ രഹസ്യസ്വഭാവം സൂക്ഷിക്കുകയും ചെയ്യുന്ന രാജ്യങ്ങളെ വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. എഐ ഇംപാക്ട് ഉച്ചകോടിയിലായിരുന്നു മോദിയുടെ വിമർശനം.




ചില രാജ്യങ്ങൾ എഐ സംവിധാനങ്ങൾ കുത്തകയാക്കി വെക്കുന്നതിനെതിരെയുള്ള ഇന്ത്യയുടെ വിയോജിപ്പായിട്ടാണ് ഇത് വിലയിരുത്തപ്പെടുന്നത്. ഇതിനു പകരം എഐയെ ജനാധിപത്യവൽക്കരിക്കുന്ന ഓപ്പൺ സ്റ്റോഴ്സ് സംവിധാനങ്ങൾ വികസിപ്പിക്കണമെന്ന് മോദി ആഹ്വാനം ചെയ്തു. ഇന്ത്യയടക്കമുള്ള യുഎസിന്റെ സഖ്യകക്ഷികൾ അമേരിക്കൻ എഐ സ്റ്റാക്കിനെ അടിസ്ഥാനമാക്കി വേണം എഐ സംവിധാനങ്ങൾ വികസിപ്പിക്കാനെന്നാണ് വൈറ്റ് ഹൗസ് പോളിസി അഡ്വൈസറായ ശ്രീറാം കൃഷ്ണൻ ഈയിടെ പറഞ്ഞത്. ഇതിനു പരോക്ഷ മറുപടി കൂടിയായിട്ടാണ് മോദിയുടെ പരാമർശത്തെ ടെക് ലോകം വിലയിരുത്തുന്നത്. ഓപ്പൺ സോഴ്സ് വഴി കമ്പ്യൂട്ടർ കോഡും മറ്റും പങ്കുവെക്കപ്പെടുന്നതിലൂടെ ദശലക്ഷക്കണക്കിന് യുവാക്കൾക്ക് മെച്ചപ്പെട്ടതും സുരക്ഷിതവുമായ എഐ സംവിധാനങ്ങൾ വികസിപ്പിക്കാൻ കഴിയുമെന്ന് മോദി പറഞ്ഞു.

ഭക്ഷണം വാങ്ങുമ്പോൾ അതിൽ ന്യൂട്രീഷൻ ലേബലുകളുണ്ട്. എന്താണ് അടങ്ങിയിരിക്കുന്നതെന്ന് കഴിക്കുന്നതിനു മുൻപ് അറിയാം. അതുപോലെ ഡിജിറ്റൽ ലോകത്ത് കൃത്രിമ ഉള്ളടക്കം തിരിച്ചറിയാൻ ആധികാരികത ഉറപ്പിക്കുന്ന ലേബലിങ് സംവിധാനം വേണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എഐ രംഗത്തെ കുത്തകവൽക്കരണത്തിനെതിരെ മോദിക്കു പുറമേ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോയും ഐക്യരാഷ്ട്ര സംഘടന ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടെറസും ശബ്ദമുയർത്തി. വിദേശകമ്പനികൾക്ക് എഐ മോഡലുകൾ വിൽക്കാനും പൗരരുടെ ഡേറ്റ ഡൗൺലോഡ് ചെയ്യാനുമുള്ള വിപണിയായി നിന്നുകൊടുക്കേണ്ട ബാധ്യത ഒരു രാജ്യത്തിനുമില്ലെന്ന് മക്രോ ഉദ്ഘാടന ച്ചടങ്ങിൽ പറഞ്ഞു.

എഐയുടെ ഭാവി ഒന്നോ രണ്ടോ കമ്പനികളല്ല തീരുമാനിക്കേണ്ടതെന്ന് ഗുട്ടെറസ് പറഞ്ഞു. ഏതെങ്കിലും ഒന്നോ രണ്ടോ സിഇഒമാരുടെ ഇംഗിതത്തിന് അനുസരിച്ചല്ല എഐ രംഗം നീങ്ങേണ്ടത്. ആവശ്യത്തിനു നിക്ഷേപം ലഭിച്ചില്ലെങ്കിൽ എഐ യുഗത്തിൽ വികസ്വര രാജ്യങ്ങൾ പിന്നാക്കം പോകും. അതുകൊണ്ട് മൂന്ന് കോടി ഡോളറിന്റെ രാജ്യാന്തര എഐ ഫണ്ട് രൂപീകരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

എഐ സാങ്കേതികവിദ്യ ഒരു കമ്പനിയിലോ ഒരു രാജ്യത്തോ കേന്ദ്രീകരിക്കുന്നത് നാശത്തിനു കാരണമാകുമെന്ന് ഓപ്പൺ എഐ സ്ഥാപകൻ സാം ഓൾട്ട്മാൻ പറഞ്ഞു. മനുഷ്യകുലത്തിന്റെ നന്മ ഉറപ്പാക്കാൻ എഐയെ ജനാധിപത്യവൽക്കരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. എഐയുമായി ബന്ധപ്പെട്ട് നിയന്ത്രണം ഏർപ്പെടുത്താൻ രാജ്യാന്തര ആണവോർജ ഏജൻസിക്ക് (ഐഎഇഎ) സമാനമായ സംവിധാനം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## സൺഷെയ്ഡ് സ്ലാബ് തകർന്നു വീണു; മൂന്ന് തൊഴിലാളികൾക്കു ദാരുണാന്ത്യം

കോഴിക്കോട്: ബീച്ചിനു സമീപം വലിയങ്ങാടിയിൽ കെട്ടിടത്തിന്റെ സൺഷെയ്ഡ് സ്ലാബ് തകർന്നു വീണ് മൂന്ന് തൊഴിലാളികൾ മരിച്ചു. രണ്ട് തൊഴിലാളികൾക്കു പരുക്കേറ്റു. കിണാശ്ശേരി സ്വദേശി ജബ്ബാർ, അത്തോളി സ്വദേശി അഷ്റഫ്, ബഷീർ എന്നിവരാണ് മരിച്ചത്. വിനോദ്, പയ്യോളി സ്വദേശി കോയ എന്നിവർക്കാണ് പരുക്കേറ്റത്. പരുക്കേറ്റ കോയ ബീച്ച് ആശുപത്രിയിലും വിനോദ് മെഡിക്കൽ കോളജ് ആശുപത്രിയിലും ചികിത്സയിലാണ്. ഇതിൽ വിനോദിന്റെ നില ഗുരുതരമാണ്. കോഴിക്കോട് കോർപറേഷന്റെ ഉടമസ്ഥതയിലുള്ള അറുപതു വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലാണ് അപകടം ഉണ്ടായത്.

രാവിലെ ലോഡ് ഇറക്കിയശേഷം വിശ്രമിക്കുകയായിരുന്ന ഏഴ് തൊഴിലാളികൾക്കു മുകളിലേക്കാണ് കെട്ടിടത്തിലെ കോൺക്രീറ്റ് സ്ലാബ് അടർന്നു വീണത്. കെട്ടിടം പൊളിയുന്ന ശബ്ദം കേട്ട് ഓടിമാറിയ രണ്ടു തൊഴിലാളികൾ പരുക്കുകൾ ഏൽക്കാതെ രക്ഷപ്പെട്ടു.

സ്ലാബിനടിയിൽ രണ്ട് ഇരുചക്രവാഹനങ്ങളും കുടുങ്ങി. മുൻപ് പാസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടമാണിത്. താഴെ നിലയുടെ സൺഷെയ്ഡാണ് തകർന്നു വീണത്. അരിപ്പൊടി ഉൾപ്പെടെയുള്ളവയുടെ ഗോഡൗണായാണ് കാലപ്പഴക്കമുള്ള ഈ കെട്ടിടം പ്രവർത്തിച്ചുവന്നത്.

അപകടം ഉണ്ടായ ഉടനെ ഓടിക്കൂടിയ വലിയങ്ങാടിയിലെ തൊഴിലാളികളാണ് സമീപത്തെ വാഹനത്തിലെ ജാക്കി ലിവറും മറ്റും ഉപയോഗിച്ച് സ്ലാബ് ഉയർത്തി രണ്ടുപേരെ പുറത്തെടുത്ത് കാറിൽ ബീച്ച് ആശുപത്രിയിലേക്ക് മാറ്റിയത്. തുടർന്ന് ഫയർഫോഴ്സ് അംഗങ്ങൾ കൂടിയെത്തി നടത്തിയ പരിശ്രമത്തിലാണ് മറ്റ് മൂന്നുപേരെ കൂടി പുറത്തെടുത്ത് ആശുപത്രിയിലേക്ക് മാറ്റിയത്.

## ജമ്മു–കശ്മീരിൽ ഏറ്റുമുട്ടൽ: മൂന്ന് ഭീകരരെ വധിച്ചു

ജമ്മു: പാകിസ്ഥാൻ ഭീകരസംഘടനയായ ജെയ്ഷെ മുഹമ്മദിലെ മൂന്നു ഭീകരരെ ജമ്മു-കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ ഫെബ്രുവരി 22-ന് ഞായറാഴ്ചയുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന വധിച്ചു. മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിയാത്തവിധം കത്തിക്കരിഞ്ഞ നിലയിലാണ്. ഇവരിലൊരാൾ ജെയ്ഷെ മുഹമ്മദ് കമാൻഡർ സെയ്ഫുള്ളയാണെന്നാണ് പ്രാഥമിക സൂചന. അഞ്ചു വർഷംമുൻപ് കശ്മീരിലേക്ക് നുഴഞ്ഞുകയറിയ സെയ്ഫുള്ള ഒട്ടേറെ ഭീകരാക്രമണങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. 22-ന് രാവിലെ കിഷ്ത്വാറിലെ ഛാത്രൂ മേഖലയിൽ സൈന്യവും പോലീസും സിആർപിഎഫും സംയുക്തമായി നടത്തിയ ഓപ്പറേഷൻ ട്രാഷി-1-ലാണ് ഭീകരരെ വധിച്ചത്. രണ്ട് എകെ-47 തോക്കുൾപ്പെടെയുള്ള ആയുധങ്ങളും കണ്ടെടുത്തു. ഈ വർഷം ഇതുവരെ ജമ്മു മേഖലയിൽമാത്രം ഏഴ് ജെയ്ഷ് ഭീകരരെയാണ് സേന വധിച്ചത്.

## വെള്ളത്തിനു പിന്നാലെ പാകിസ്ഥാന് കറന്റിലും തിരിച്ചടി

ന്യൂഡൽഹി: കഴിഞ്ഞ വർഷം പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യ സിന്ധു നദീജല കരാറിൽ നിന്ന് പിന്മാറിയത് പാകിസ്ഥാന് കനത്ത തിരിച്ചടിയായിരുന്നു. പിന്നാലെ കാലങ്ങളായി മുടങ്ങിക്കിടന്നിരുന്ന പല പദ്ധതികളും ഇന്ത്യ പൊടിതട്ടിയെടുത്തു. കരാർ നിലവിലുണ്ടായിരുന്നപ്പോൾ സിന്ധു, ഝലം, ചെനാബ് നദികളുടെ നിയന്ത്രണം പാകിസ്ഥാനും രവി, ബിയാസ്, സത്‌ലജ് നദികളുടേത് ഇന്ത്യയ്ക്കുമായിരുന്നു. എന്നാൽ കരാർ പിൻവലിച്ചതോടെ ചെനാബ് നദിയിൽ അടക്കം ഇന്ത്യ അണക്കെട്ടുകൾ നിർമിക്കാൻ ആരംഭിച്ചു.

ചെനാബ് നദിയിലെ സലാൽ അണക്കെട്ടിൽനിന്ന് ചെളി നീക്കാൻ നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷൻ (എൻഎച്ച്പിസി) ആരംഭിച്ചതാണ് ഏറ്റവും പുതിയത്. ഇതിലൂടെ അണക്കെട്ടിന്റെ ശേഷിയും വൈദ്യുതി ഉൽപാദനവും വർധിപ്പിക്കാൻ കഴിയുമെന്നതാണ് പ്രത്യേകത.

സിന്ധു നദീജല കരാറിൽനിന്ന് പിന്മാറിയതിന് ശേഷം ഇതാദ്യമായാണ് ഇന്ത്യ ജമ്മു കശ്മീരിലെ സലാൽ അണക്കെട്ടിലെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടിയിലേക്ക് കടക്കുന്നത്.

എന്നാൽ ചെളി നീക്കുന്നതിലൂടെ വൈദ്യുതി ഉൽപാദനം എത്ര കൂടുമെന്ന് ഇപ്പോൾ പറയാൻ ആകില്ലെന്നാണ് അധികൃതരുടെ വിശദീകരണം. വൈദ്യുതി ഉൽപാദനം വർധിക്കുമെന്നത് ഉറപ്പാണ്. കൃത്യമായ കണക്ക് ലഭിക്കണമെങ്കിൽ ശുചീകരണം പൂർത്തിയാകണം.

## ഷെവലിയർ പ്രഫ. ജെ. ഫിലിപ്പ് അന്തരിച്ചു



ബംഗളൂരു: ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മുൻ ഡയറക്ടറും മാനേജ്മെന്റ് വിദഗ്ധനുമായ ആലപ്പുഴ പുളിങ്കുന്ന് കാപ്പിൽ കോയിപ്പള്ളി ഷെവലിയർ പ്രഫ. ജെ. ഫിലിപ്പ് (90) അന്തരിച്ചു. ബംഗളൂരുവിൽ സെപ്റ്റംബർ 21-ന് രാവിലെയായിരുന്നു വിയോഗം. ബംഗളൂരു, ചെന്നൈ, കൊച്ചി എന്നിവിടങ്ങളിലെ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് (സൈം) മാനേജ്മെന്റ് സ്കൂളുകൾ, കോട്ടയം സൈം ഇന്റർനാഷണൽ സ്കൂൾ എന്നിവയുടെ സ്ഥാപകനാണ്.

ചങ്ങനാശേരി എസ്ബി കോളജിൽനിന്ന് ബിരുദവും എറണാകുളം ലോ കോളജിൽനിന്ന് നിയമ ബിരുദവും നേടിയശേഷമാണ് ജെ. ഫിലിപ്പ് മാനേജ്മെന്റ് പഠനത്തിലേക്കു തിരിഞ്ഞത്. ഈശോസഭാ വൈദികരുടെ കീഴിലുള്ള ജംഷഡ്പുർ എക്സ്എൽആർഐയിലെ മാനേജ്മെന്റ് പഠനത്തിനുശേഷം ഹാർവാഡ് ബിസിനസ് സ്കൂളിൽ ഉപരിപഠനം നടത്തി. 1968-ൽ മടങ്ങിവന്ന് എക്സ്എൽആർഐയിൽ എംബിഎ കോഴ്സ് ആരംഭിച്ച് 11 വർഷം അധ്യാപകനായി.

1971-ൽ റാഞ്ചിയിൽ സ്റ്റീൽ അഥോറിറ്റി ഓഫ് ഇന്ത്യയുടെ മാനേജ്മെന്റ് ഡെലവപ്മെന്റ് സെന്ററിന്റെ പ്രിൻസിപ്പലായി. അവിടെ എട്ടു വർഷത്തെ സേവനത്തിനിടെ സ്റ്റീൽ അതോറിറ്റിയിലെ 12,000 മാനേജർമാർക്ക് ഇദ്ദേഹം ഉന്നതപരിശീലനം നൽകി. 1980 മുതൽ 1985 വരെ ഒബ്രോയ് ഇന്റർനാഷണൽ ഹോട്ടൽ ഗ്രൂപ്പിൽ ഹ്യൂമൻ റിസോഴ്സ് വിഭാഗത്തിൽ വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു.

## എസ്ഐആർ: തലസ്ഥാന നഗരിയിൽ അപ്രത്യക്ഷമായത് ഒന്നരലക്ഷം വോട്ടർമാർ

തിരുവനന്തപുരം: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ (എസ്ഐആർ) കേരളത്തിലാകെ 8.97 ലക്ഷം വോട്ടർമാർ കുറഞ്ഞപ്പോൾ, തലസ്ഥാന ജില്ലയിലെ നാല് നഗരമണ്ഡലങ്ങളിലായി മാത്രം അപ്രത്യക്ഷമായത് ഒന്നര ലക്ഷത്തിലേറെ വോട്ടർമാർ. തിരുവനന്തപുരം-47,647, വട്ടിയൂർക്കാവ്-42,580, നേമം-38,063, കഴക്കൂട്ടം-32,769 എന്നിങ്ങനെയാണ് വോട്ടർമാർ കുറഞ്ഞത്. ജില്ലയിലെ മറ്റു 10 മണ്ഡലങ്ങളിലും ഇരുപതിനായിരമോ പതിനായിരമോ അതിൽ താഴെയോ വോട്ടർമാർ കുറഞ്ഞപ്പോഴാണ് ഇവിടത്തെ ഞെട്ടിക്കുന്ന കണക്ക്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കഴക്കൂട്ടം, നേമം, വട്ടിയൂർക്കാവ് മണ്ഡലങ്ങളിൽ മുന്നിലെത്തിയത് ബിജെപി സ്ഥാനാർത്ഥിയായിരുന്ന ഇപ്പോഴത്തെ സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറാണ്. നിയമസഭയിലേക്ക് നേമത്തെ സ്ഥാനാർത്ഥി രാജീവാണെന്ന് ഉറപ്പായിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിൽ കോൺഗ്രസിന്റെ ശശി തരൂരിനായിരുന്നു മുൻതൂക്കം. എന്നാൽ, രണ്ട് മാസം മുൻപു നടന്ന കോർപറേഷൻ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം മണ്ഡല പരിധിയിലെ വാർഡുകളിലെ നേട്ടം ബിജെപിക്കു പ്രതീക്ഷ നൽകുകയും സിപിഎമ്മിനെ അമ്പരപ്പിക്കുകയും ചെയ്തിരുന്നു. എൽഡിഎഫിൽനിന്ന് ജനാധിപത്യ കേരള കോൺഗ്രസ് സ്ഥാനാർത്ഥിയായി വിജയിച്ച ആന്റണി രാജു ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടതിനെ തുടർന്ന് അയോഗ്യനായതിനാൽ ഈ സീറ്റ് ഏറ്റെടുക്കാൻ സിപിഎം നീക്കമുണ്ട്. നഗരപരിധിയിലുള്ള ഈ മണ്ഡലങ്ങളിൽ ഇത്രയധികം വോട്ടർമാർ എന്യൂമറേഷൻ ഫോം പൂരിപ്പിച്ചു നൽകാതിരുന്നതാണു പുറത്താകാനുള്ള പ്രധാന കാരണം. ഫ്ളാറ്റുകളും അപ്പാർട്മെന്റുകളും ഏറെയുള്ള മേഖലയിൽ പലരെയും കണ്ടെത്താനായില്ലെന്നു ബൂത്ത് ലവൽ ഓഫീസർമാർ റിപ്പോർട്ടു ചെയ്തിരുന്നു. ഏറെ വർഷങ്ങളായി നഗരത്തിൽനിന്നു താമസം മാറിയവർ വോട്ടർമാരായി തുടരുന്ന സാഹചര്യവും പലരെയും നീക്കാൻ കാരണമായി.

അതിനിടെ, എസ്ഐആർ പൂർത്തിയാക്കി അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചപ്പോൾ ഒൻപത് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വോട്ടർമാരുടെ എണ്ണത്തിൽ ഏകദേശം 1.70 കോടിയുടെ കുറവ്. കേരളം, ഗുജറാത്ത്, പുതുച്ചേരി, ലക്ഷദ്വീപ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, ആൻഡമാൻ നിക്കോബാർ, ഗോവ, മധ്യപ്രദേശ് സംസ്ഥാനങ്ങളിലെ അന്തിമ വോട്ടർ പട്ടികയിലാകെയുള്ള വോട്ടർമാർ 19.75 കോടിയായി ചുരുങ്ങി. എസ്ഐആറിനു മുൻപ് ആകെ വോട്ടർമാർ 21.45 കോടിയായിരുന്നു.


# ദൈവദാസൻ ഫാ. തിയോഫിൻ ധന്യൻ പദവിയിൽ

വത്തിക്കാൻ സിറ്റി: കേരളത്തിൽനിന്നുള്ള കപ്പൂച്ചിൻ സന്യാസവൈദികൻ ദൈവദാസൻ ഫാ. തിയോഫിൻ (തിയോഫിനച്ചൻ: 1913–1968) ഉൾപ്പെടെ മൂന്നു പേരെ ധന്യരായും രണ്ടുപേരെ വാഴ്ത്തപ്പെട്ടവരായും ഉയർത്തി. ഇതുസംബന്ധിച്ച കല്പന വിശുദ്ധരുടെ നാമകരണ കാര്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയം ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ പ്രസിദ്ധപ്പെടുത്തി.

തിയോഫിനച്ചനെ കൂടാതെ ലബനനിൽനിന്നുള്ള ബെക്കാര അബു മൊറാദിനെയും ഫ്രാൻസിൽനിന്നുള്ള ഗബ്രിയേല മരിയെയും വാഴ്ത്തപ്പെട്ടവരായും ഇറ്റലിയിൽനിന്നുള്ള ഫ്രാഞ്ചെസ്കോ ലൊംബാർഡി, ഫൗസ്തോ ജെയ് എന്നിവരെ ധന്യരുടെ ഗണത്തിലേക്കും ഉയർത്തി.

സുകൃതസമ്പന്നമായ പൗരോഹിത്യജീവിതത്തിലൂടെ അറിയപ്പെട്ട തിയോഫിനച്ചനെ 2005 ജനുവരി പതിനാണ് ദൈവദാസനായി പ്രഖ്യാപിച്ചത്. നാമകരണ നടപടികളുടെ ഭാഗമായി 2014 ഫെബ്രുവരി ഒന്നിന് പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമദേവാലയത്തിലെ അദ്ദേഹത്തിന്റെ കബറിടം തുറന്നു.

വാരാപ്പുഴ അതിരൂപതതലത്തിലുള്ള നടപടികൾ 2016 ഒക്ടോബർ 24-ന് പൂർത്തിയാക്കി. തിയോഫിനച്ചന്റെ ജീവിതവിശുദ്ധി അടയാളപ്പെടുത്തുന്ന തെളിവുകളും കാനോനിക രേഖകളും ഉൾപ്പെടുത്തി വത്തിക്കാൻ കാര്യാലയത്തിനു സമർപ്പിച്ചിരുന്നു. ഇതു സംബന്ധിച്ച പഠനങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമാണ് ഇപ്പോഴത്തെ പ്രഖ്യാപനം. ധന്യപദവി പ്രഖ്യാപനത്തിന്റെ സഭാതലത്തിലുള്ള ആഘോഷങ്ങൾ പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമത്തിൽ നടക്കും. റോമിലെ കപ്പൂച്ചിൻ ജനറലേറ്റിന്റെയും അതിരൂപതയുടെയും നിർദേശങ്ങൾക്കനുസരിച്ചാകും തീയതി തീരുമാനിക്കുകയെന്ന് പോസ്റ്റുലേറ്റർ ഫാ. റോബിൻ ദാനിയേൽ അറിയിച്ചു.



1913 ജൂലൈ 20-ന് കോട്ടപ്പുറം കൂടല്ലൂർ കുടുംബത്തിലാണ് തിയോഫിനച്ചന്റെ ജനനം. മാതാപിതാക്കൾ അന്നയും ജോർജും. ജ്ഞാനസ്നാന പേര് മൈക്കിൾ. വാരാപ്പുഴ അതിരൂപതയുടെ സെമിനാരിയിൽ ചേർന്ന ബ്രദർ മൈക്കിൾ പഠനശേഷം കപ്പൂച്ചിൻ സന്യാസസഭാംഗമായി. 1933-ൽ തിയോഫിൻ എന്ന പേരോടെ സന്യാസവ്രതം സ്വീകരിച്ചു. 1941-ൽ പൗരോഹിത്യ സ്വീകരണം. ക്രിസ്തുസ്നേഹവും കാരുണ്യവും സേവനതീക്ഷ്ണതയും തന്റെ സന്യാസജീവിതത്തിൽ സമന്വയിപ്പിച്ച തിയോഫിനച്ചൻ 1968 ഏപ്രിൽ നാലിന് അന്തരിച്ചു.

# കള്ളക്കടൽ പ്രതിഭാസം മുൻകൂട്ടി അറിയാം

കൊച്ചി: തീരപ്രദേശങ്ങളിൽ പൊടുന്നനെ കടലേറ്റത്തിനു കാരണമാകുന്ന കള്ളക്കടൽ (സ്വെൽ സർജ്) പ്രതിഭാസം ഇനി മുൻകൂട്ടി അറിയാം. കേരള തീരത്തെ കള്ളക്കടലിനെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നതാണ് ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയ്സ്) വികസിപ്പിച്ച 'സിവാസ്' സംവിധാനം പുറത്തിറക്കി. മൂന്ന് ദിവസം വരെ മുൻകൂട്ടി കടലേറ്റ പ്രവചനം നൽകാൻ 'സിവോസി'നു കഴിയും. ഇൻകോയ്സ് വെബ്സൈറ്റ് മുഖേന മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ മുന്നറിയിപ്പു ലഭ്യമാകും.

ഇന്ത്യയിൽ ആദ്യമായാണ് ഇത്തരം സേവനം. കള്ളക്കടൽ കേരളത്തിൽ ആവർത്തിച്ചു റിപ്പോർട്ട് ചെയ്യപ്പെടുന്നതും താഴ്ന്ന പ്രദേശങ്ങൾ ഏറെയുള്ളതിനാൽ ആഘാതം കൂടുന്നതും കണക്കിലെടുത്താണ് ഇവിടെ സേവനം ആരംഭിക്കുന്നത്. ആവശ്യമനുസരിച്ച് മറ്റു തീര മേഖലകളിലേക്കും 'സിവാസ്' വ്യാപിപ്പിക്കുമെന്ന് ഇൻകോയ്സ് ഡയറക്ടർ ഡോ. ടി.എം. ബാലകൃഷ്ണൻ നായർ അറിയിച്ചു.

ദക്ഷിണ സമുദ്രത്തിൽ ഉദ്ഭവിച്ച് ആയിരക്കണക്കിനു കിലോമീറ്റർ സഞ്ചരിച്ച് ഇന്ത്യയുടെ തെക്ക്-പടിഞ്ഞാറൻ തീരത്ത് എത്തുന്ന സ്വെൽ സർജറുകൾ തീരപ്രദേശത്തു വെള്ളപ്പൊക്കത്തിനും വീടുകൾ തകരാനും കാരണമാകാറുണ്ട്. ഈ സമയം കാറ്റ് ദുർബലമായതിനാൽ ദുരന്തം തീർത്തും അപ്രതീക്ഷിതമായാണ് എത്തുന്നത്.

# 'പാക്സ്' സിലിക്ക സഖ്യത്തിൽ ഇന്ത്യയും

ന്യൂഡൽഹി: എഐയുടെ ആധുനിക യുഗത്തിൽ ആഗോള ശക്തികളുമായി കൈകോർക്കുന്ന സുപ്രധാന നീക്കവുമായി ഇന്ത്യ. എഐ, സെമികണ്ടക്ടർ ഉല്പാദനങ്ങളിൽ ഉറച്ച വിതരണ ശൃംഖല ലക്ഷ്യംവെക്കുന്ന പാക്സ് സിലിക്ക സഖ്യത്തിൽ ചേരുന്നതിനുള്ള പ്രഖ്യാപനത്തിൽ ഇന്ത്യ ഔദ്യോഗികമായി ഒപ്പുവെച്ചു.

ഡൽഹിയിൽ നടന്ന എഐ ഇംപാക്ട് ഉച്ചകോടിയുടെ സമാപനച്ചടങ്ങിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, വ്യാപാര കാര്യങ്ങൾക്കു വേണ്ടിയുള്ള യുഎസ് അണ്ടർ സ്റ്റേറ്റ് സെക്രട്ടറി ജേക്കബ് ഹെൽബെർഗ്, ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ സെർജിയോ ഗോർ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് പ്രഖ്യാപനത്തിൽ ഇന്ത്യയുടെ ഐടി മന്ത്രാലയത്തിന്റെ സെക്രട്ടറി എസ്. കൃഷ്ണൻ ഒപ്പുവെച്ചത്.

മാറുന്ന ലോകത്ത് സാങ്കേതിക രംഗത്ത് അപ്രമാദിത്വം ഉറപ്പിക്കാനായി രൂപംകൊണ്ട അന്താരാഷ്ട്ര സഖ്യമായാണ് അമേരിക്ക നേതൃത്വം നല്കുന്ന പാക്സ് സിലിക്കയെ വിലയിരുത്തുന്നത്.

ആധുനിക ലോകത്ത് തോക്കിനേക്കാളും ബോംബിനേക്കാളും ഇത്തിരിക്കുഞ്ഞൻ ചിപ്പുകൾ കൈവശം വെച്ചിരിക്കുന്നവർ രാജാക്കന്മാരാകുമെന്ന തിരിച്ചറിവിൽ നിന്ന് ജപ്പാൻ, ദക്ഷിണ കൊറിയ, സിങ്കപ്പൂർ, നെതർലൻഡ്സ്, യുകെ, ഇസ്രയേൽ, യുഎഇ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടും വ്യാപാര സഹകരണത്തിനും വികസനത്തിനുമായുള്ള സംഘടന (ഒഇസിഡി), കാനഡ, യൂറോപ്യൻ യൂണിയൻ, അത്യാധുനിക ചിപ് ഉല്പാദനത്തിന്റെ കേന്ദ്രമായ തായ്‌വാൻ എന്നീ രാജ്യങ്ങളെ അതിഥികളാക്കിയും കഴിഞ്ഞവർഷം ഡിസംബറിൽ അമേരിക്ക പാക്സ് സിലിക്ക ഉച്ചകോടി നടത്തിയിരുന്നു. ഈ സഖ്യത്തിലേക്ക് ഇപ്പോൾ ഇന്ത്യയും കടന്നുവരുന്നതിലൂടെ നിർണായക ധാതുക്കളെയും അപൂർവ ഭൂമിമൂലകങ്ങളെയും ഇന്ത്യ ചൈനയെ അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാൻ സാധിക്കും. പരസ്പരം വിശ്വാസം നല്കുന്ന രാജ്യങ്ങളെ സെമി കണ്ടക്ടർ വിതരണ ശൃംഖലയിൽ ആശ്രയിക്കുന്നതോടെ ആധുനിക എഐ രംഗത്തും ഇന്ത്യ കുതിച്ചുചാട്ടം നടത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ആഭ്യന്തരമായ സെമികണ്ടക്ടർ, എഐ പരിസ്ഥിതി രാജ്യത്ത് വികസിപ്പിക്കാൻ ദീർഘകാലമായി ആഗ്രഹിക്കുന്ന ഇന്ത്യയുടെ പദ്ധതിക്കും പാക്സ് സിലിക്കയുടെ അംഗത്വം ഊർജമാകും. എഐ, സാങ്കേതിക രംഗത്ത് ഇന്ത്യയിൽ ആഭ്യന്തര നൈപുണ്യം വികസിക്കാനും പുതിയ ജോലികൾ സൃഷ്ടിക്കപ്പെടാനും രാജ്യത്തിന്റെ നീക്കം കാരണമാകുകയും ചെയ്യും.

# മുൻ റെയിൽവേ മന്ത്രി മുകുൾ റോയ് അന്തരിച്ചു



കൊൽക്കത്ത: തൃണമൂൽ കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും മുൻ റെയിൽവേ മന്ത്രിയുമായ മുകുൾ റോയ് (71) അന്തരിച്ചു. കൊൽക്കത്തയിലെ സ്വകാര്യ ആശുപത്രിയിൽ ഹൃദയസ്തംഭനത്തെ തുടർന്നായിരുന്നു അന്ത്യം. ബംഗാൾ നിയമസഭയിൽ കൃഷ്ണനഗർ ഉത്തർ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചിരുന്നത്. ഇന്ത്യയുടെ 32-ാമത് റെയിൽവേ മന്ത്രിയായി സേവനമനുഷ്ഠിച്ച അദ്ദേഹം, ബംഗാളിൽനിന്ന് രണ്ട് തവണ രാജ്യസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 2015 ഫെബ്രുവരിയിൽ മുകുൾ റോയിയെ തൃണമൂൽ കോൺഗ്രസിന്റെ നാഷണൽ ജനറൽ സെക്രട്ടറി സ്ഥാനത്ത്നിന്ന് നീക്കിയിരുന്നു. 2017 നവംബറിൽ അദ്ദേഹം ബിജെപിയിൽ ചേർന്നു. 2021 ജൂൺ 11-ന് അദ്ദേഹം തൃണമൂൽ കോൺഗ്രസിൽ മടങ്ങിയെത്തി.

# ഫ്രാൻസിസ് അസീസിയുടെ തിരുശേഷിപ്പ് പൊതുദർശനത്തിന്

റോം: വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുശേഷിപ്പ് ആദ്യമായി പൊതുപ്രദർശനത്തിന്. ഇറ്റലിയിലെ മലയോര പട്ടണമായ അസീസിയിൽ, വിശുദ്ധ ഫ്രാൻസിസിന്റെ പേരിലുള്ള പള്ളിയിലാണ് തിരുശേഷിപ്പ് പൊതുദർശനത്തിനായി വെച്ചിട്ടുള്ളത്. നൈട്രജൻ വാതകം നിറച്ച പേടകത്തിലാണു സൂക്ഷിച്ചിരിക്കുന്നത്. ദരിദ്രർക്കായി ജീവിതം സമർപ്പിച്ച ഫ്രാൻസിസ് പുണ്യാളന്റെ വിയോഗത്തിന്റെ 800-ാം വാർഷികം പ്രമാണിച്ചാണ് മാർച്ച് 22 വരെ പൊതുദർശനം. നാല് ലക്ഷം പേരാണു മുൻകൂട്ടി ബുക്ക് ചെയ്തിട്ടുള്ളത്.

# എൻ.വി. പ്രകൃതി ബത്തേരിയിൽ മത്സരിക്കും



കൽപറ്റ: സുൽത്താൻ ബത്തേരി മണ്ഡലത്തിൽ ആം ആദ്മി പാർട്ടിക്ക് സ്ഥാനാർത്ഥിയായി. കവിയും ആക്ടിവിസ്റ്റുമായ എൻ.വി. പ്രകൃതിയാണ് സ്ഥാനാർത്ഥി. ഗോത്ര വിഭാഗത്തിലെ പണിയ സമൂഹത്തിൽ നിന്നുള്ള ട്രാൻസ്‌വിമൻ കൂടിയാണ് നൂൽപ്പുഴ നായ്ക്കട്ടി തേർവയൽ ഉന്നതിയിൽ താമസിക്കുന്ന പ്രകൃതി. ചരിത്രത്തിൽ ബിരുദധാരിയായ പ്രകൃതി അദ്ധ്യാപന പരിശീലന കോഴ്സും പൂർത്തിയാക്കിയിട്ടുണ്ട്.

വയനാട്ടിൽ ചേർന്ന ആം ആദ്മി പാർട്ടി കൺവൻഷനിലാണ് പ്രഖ്യാപനം. കേരളത്തിലെ മറ്റു മണ്ഡലങ്ങളിൽ സ്ഥാനാർത്ഥി നിർണയം പൂർത്തിയായ ശേഷം ദേശീയ നേതൃത്വം ഔദ്യോഗിക പ്രഖ്യാപനം നടത്തും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 08
February 23, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

നല്ലവനായിരിക്കൂ നിങ്ങൾക്കു സന്തോഷമുണ്ടാകും.
**ബഞ്ചമിൻ ഫ്രാങ്ക്ലിൻ**

പരിത്യാഗം കൂടാതെ മഹത്വം കൈവരില്ല.
**വോൾട്ടയർ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985

www.questwealthgroup.com
rsurendran007@gmail.com





# LUXURY HOME STAY IN

## PULLAD/KUMBANAD/KOZHENCHERRY/THIRUVALLA





- Quiet and Safe Area
- Near Shopping Centers and Major Towns/Attractions
- 3 hr to Kochin and Thiruvananthapuram Airport
- 3 AC Bedrooms (one of them is a loft bedroom)
- Separate Studio for drivers
- 4 American-style Bathrooms
- Surveillance camera
- Car service/Chef/Security Personnel can be arranged
- Weekly and Monthly stays can be arranged
- If stay for large parties is needed, I can arrange other home stays also

Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in

Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547



# nella CONSULTING

ACCOUNTING | TAX | CONSULTING

TAX





# FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**




കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# പൗരത്വ ഭേദഗതി നിയമം: സുപ്രീംകോടതി വിശദമായ വാദം കേൾക്കും

ന്യൂഡൽഹി: കേന്ദ്രസർക്കാർ 2019 -ൽ പാസാക്കിയ പൗരത്വ ഭേദഗതി നിയമം (സിഎഎ) ചോദ്യംചെയ്തുള്ള വിവിധ ഹർജികളിൽ മേയ് അഞ്ചുമുതൽ സുപ്രീംകോടതി വാദം കേൾക്കും. 2024 മാർച്ച് 19-നാണ് ഹർജികൾ അവസാനമായി സുപ്രീംകോടതിക്കു മുന്നിലെത്തിയത്. നിയമത്തിലെ 6 (എ) വകുപ്പ് പ്രകാരം ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ കേസുമായി ബന്ധപ്പെട്ട് ആസാം, ത്രിപുര ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ഹർജികൾ പ്രത്യേകം പരിഗണിക്കണമെന്ന ആവശ്യം കോടതി അംഗീകരിച്ചു.

ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ജി, വിപുല എം. പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികളിൽ വാദം കേൾക്കുക. മേയ് അഞ്ചിനും ആറിനും ദിവസത്തിന്റെ ആദ്യപകുതി ഹർജിക്കാരുടെ വാദവും, ആറിനും ഏഴിനും ഉച്ചകഴിഞ്ഞ് കേന്ദ്രസർക്കാരിന്റെ ഭാഗവും കോടതി പരിഗണിക്കും. എതിർ സത്യവാങ്മൂലവുമായി ബന്ധപ്പെട്ട വാദം മേയ് 12-ന് കേൾക്കുമെന്നും ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബെഞ്ച് ഫെബ്രുവരി 19-ന് അറിയിച്ചു.

സിഎഎയ്ക്കെതിരേ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ്, ഡിവൈഎഫ്ഐ കേരള സർക്കാർ, അസദുദ്ദീൻ ഒവൈസി, ആസാം സ്റ്റുഡന്റ്സ് യൂണിയൻ തുടങ്ങിയവരടക്കം സമർപ്പിച്ച 236 ഹർജികളാണ് രണ്ടു വർഷത്തിനുശേഷം സുപ്രീംകോടതിക്കു മുന്നിൽ വീണ്ടുമെത്തുന്നത്.

2024 മാർച്ചിൽ ഹർജി അവസാനമായി പരിഗണിക്കുമ്പോൾ നിയമം വിജ്ഞാപനം ചെയ്ത നടപടിക്ക് ഇടക്കാല സ്റ്റേ നൽകില്ലെന്നു അന്നത്തെ ചീഫ് ജസ്റ്റിസായിരുന്ന ഡി.വൈ. ചന്ദ്രചൂഡ് അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കിയിരുന്നു. എന്നാൽ, സിഎഎ ആരുടെയും പൗരത്വം ഇല്ലാതാക്കുന്നില്ലെന്നും സിഎഎയ്ക്ക് ദേശീയ പൗരത്വ രജിസ്റ്ററുമായി (എൻആർസി) ബന്ധമില്ലെന്നും കേന്ദ്രം അന്നു കോടതിയിൽ ചൂണ്ടിക്കാട്ടി. നാല് വർഷത്തിനു ശേഷമാണ് കേന്ദ്രസർക്കാർ വിജ്ഞാപനം ഇറക്കിയതെന്നും സ്റ്റേ ആവശ്യത്തിൽ തീരുമാനമെടുക്കുന്നതുവരെ സിഎഎയുടെ അടിസ്ഥാനത്തിൽ പൗരത്വം നൽകരുതെന്നും ഹർജിക്കാർ ആവശ്യപ്പെട്ടെങ്കിലും കോടതി അംഗീകരിച്ചിരുന്നില്ല.

# ആരോഗ്യരംഗത്തെ അനാസ്ഥ

ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ അഞ്ചുവർഷം മുൻപു നടന്ന ശസ്ത്രക്രിയക്കിടെ പുന്നപ്ര സ്വദേശിയുടെ വയറ്റിൽ കത്രിക മറന്നുവെച്ചതായി ഇപ്പോൾ ആരോപണമുയർന്നിരിക്കുന്നു. 2017-ൽ കോഴിക്കോട് മെഡിക്കൽകോളജ് ആശുപത്രിയിൽ പ്രസവശസ്ത്രക്രിയക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ ഹർഷിനയുടെ വ്യഥകൾ ഇനിയും അവസാനിച്ചിട്ടില്ല. കഴിഞ്ഞ വർഷം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ കെട്ടിടം തകർന്ന് ഒരാൾ മരിച്ച സംഭവമുണ്ടാക്കിയ നാണക്കേട് ചില്ലറയല്ല. കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ മേന്മ നിലനിർത്താനും വർധിപ്പിക്കാനുമുതകുന്ന മുന്നേറ്റങ്ങൾ കഴിഞ്ഞവർഷങ്ങളിലും ഉണ്ടായിട്ടുണ്ട്. നമ്മുടെ മാറിമാറി വന്ന സർക്കാരുകളൊന്നും ആരോഗ്യമേഖലയിൽ ശ്രദ്ധ പതിപ്പിക്കാതിരുന്നിട്ടില്ല. അപഖ്യാതിയുണ്ടാക്കുന്ന കാര്യങ്ങൾ എന്നിട്ടും സംഭവിക്കുന്നു.

യൂറോളജി വിഭാഗം ഡോക്ടറായ ഹാരിസ് ചിറയ്ക്കൽ, വേണ്ട ഉപകരണങ്ങളുടെ അഭാവം മൂലം ശസ്ത്രക്രിയകൾ മുടങ്ങുന്നതിനെപ്പറ്റി വേവലാതിയോടെ സാമൂഹികമാധ്യമത്തിൽ കുറിച്ചത് വാർത്തകളുടെ ഇടിമുഴക്കം സൃഷ്ടിച്ചതും കഴിഞ്ഞവർഷമാണ്. ഡോ. ഹാരിസ് ചൂണ്ടിക്കാണിച്ച പിഴവുകൾ 'സിസ്റ്റ'ത്തിലെ തകരാറാണെന്നാണ് ആരോഗ്യമന്ത്രി വീണാ ജോർജ് അന്നു പ്രതികരിച്ചത്. ചെറുതും വലുതുമായ സംഭവങ്ങൾ അടിക്കടിയിങ്ങനെ 'സിസ്റ്റ'ത്തിലെ തകരാറുകൾ വെളിപ്പെടുത്തുന്നുണ്ടെന്നത് കാണാതിരിക്കാനാകില്ല. സർക്കാരാശുപത്രികളിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാരിൽ മഹാഭൂരിപക്ഷവും കർത്തവ്യനിഷ്ഠരും സമർപ്പണവ്യഗ്രരുമാണെങ്കിൽത്തന്നെയും കൈക്കൂലി വാങ്ങുന്നവരും ജോലിയിൽ ശുഷ്കാന്തിയില്ലാത്തവരുമൊക്കെയായ ന്യൂനപക്ഷം ഉണ്ടെന്നതും വസ്തുതയാണ്. തകരാറുകൾ പരിഹരിച്ചും പുഴുക്കുത്തുകൾ തൂത്തെറിഞ്ഞും 'സിസ്റ്റ'ത്തെ കാര്യക്ഷമവും ആർദ്രവുമാക്കുകയെന്നതാണ് ഭരണകൂടം ഏറ്റെടുക്കേണ്ട വെല്ലുവിളി.

തിരുവനന്തപുരം നെടുമങ്ങാട്ട്, ജില്ലാ ആശുപത്രിയിൽ പ്രസവശസ്ത്രക്രിയക്കിടയിൽ ആദിവാസി യുവതിയുടെ ഗർഭസ്ഥശിശു മരിച്ചത് കേരളത്തിലെ ആരോഗ്യരംഗത്തിന് മറ്റൊരു മാനഹാനിയായി. ചികിത്സപ്പിഴവുണ്ടായതിനുപുറമെ, യുവതിയുടെ ബന്ധുക്കളിൽനിന്നു ഡോക്ടർ കൈക്കൂലി വാങ്ങിയെന്ന ആരോപണവും ഉയർന്നിട്ടുണ്ട്. ചികിത്സപ്പിഴവ് ആരോപിച്ച് നാട്ടുകാർ ആശുപത്രിയിൽ ഡോക്ടറെ തടയുന്ന ദൗർഭാഗ്യകരമായ സാഹചര്യവുമുണ്ടായി. തുടർന്ന് ഡോക്ടറെ പുനലൂർ ആശുപത്രിയിലേക്കു സ്ഥലംമാറ്റിക്കൊണ്ട് ഉത്തരവിറങ്ങി. അതിനുപിന്നാലെയാണ്, ഡോക്ടർ കൈക്കൂലി വാങ്ങുകയുണ്ടായെന്ന് ബന്ധുക്കൾ ആരോപിച്ചത്. അതോടെ സ്ഥലംമാറ്റ ഉത്തരവ് പിൻവലിച്ച് ആരോഗ്യവകുപ്പ് സസ്പെൻഷൻ ഉത്തരവിറക്കി.

അതീവ ഗുരുതരമായൊരു സ്ഥിതിവിശേഷമാണ് കേരളത്തിലെ പൊതുജനാരോഗ്യ മേഖല ഇപ്പോൾ നേരിടുന്നത്. കേരള ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷന്റെ (കെജിഎംസിടിഎ) നേതൃത്വത്തിൽ സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികളിൽ ഡോക്ടർമാർ നടത്തുന്ന ഒപി ബഹിഷ്കരണ സമരം നാലു ദിവസം പിന്നിട്ടതോടെ ഭൂരിഭാഗം ചികിത്സാവിഭാഗങ്ങളുടെയും പ്രവർത്തനം താറുമാറായിക്കഴിഞ്ഞു. ഇതിനിടെ, നിലപാട് കടുപ്പിച്ച് ആരോഗ്യവകുപ്പ് ഡയസ്നോൺ പ്രഖ്യാപിച്ചതു സാഹചര്യം കൂടുതൽ സങ്കീർണമാക്കുകയും ചെയ്തു. സമരം ചെയ്യുന്ന ഡോക്ടർമാരെ വെല്ലുവിളിക്കുകയും പ്രകോപിതരാക്കുകയും ചെയ്ത്, കേരളത്തിലെ സാധാരണക്കാരുടെ ഏകാശ്രയമായ സർക്കാർ ആശുപത്രികളെ കൂടുതൽ സ്തംഭിപ്പിക്കാൻ സർക്കാർതന്നെ തുനിഞ്ഞിറങ്ങിയത് എന്തിനെന്ന ചോദ്യമാണുയരുന്നത്.

അതിനിടെ, ഇപ്പോഴത്തെ സമരം ഏറ്റവുമധികം വലയ്ക്കുന്നതു പാവപ്പെട്ട രോഗികളെയാണ്. അനിശ്ചിതകാല ശസ്ത്രക്രിയാ ബഹിഷ്കരണവും ആരംഭിച്ചിരിക്കുന്നു. മുൻകൂറായി നിശ്ചയിച്ചു നടത്തുന്ന ശസ്ത്രക്രിയകളാണു ബഹിഷ്കരിക്കുന്നതെന്നും കടുത്ത ഹൃദ്രോഗം, അപകടം തുടങ്ങിയ സാഹചര്യങ്ങളിലുള്ളവരുടെ ശസ്ത്രക്രിയ നടത്തുമെന്നും കെജിഎംസിടിഎ വ്യക്തമാക്കിയിട്ടുണ്ട്.

ഏതു സാഹചര്യത്തിലായാലും ഡോക്ടർമാരുടെ സമരം ധാർമികമായി ശരിയാണോ എന്ന ചോദ്യം നിലനിൽക്കുമ്പോൾത്തന്നെ, അവർ ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾക്കുനേരെ ആരോഗ്യവകുപ്പ് നിഷേധ മനോഭാവം തുടരുന്നതിലും പ്രതികാര മനോഭാവത്തോടെ അവരെ നേരിടുന്നതിലും ഒട്ടും ന്യായമില്ല. പരിമിതസൗകര്യങ്ങളിൽ, സാമൂഹികപ്രതിബദ്ധത കൊണ്ടുമാത്രം സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്നവരാണു മിക്ക ഡോക്ടർമാരും. സാധ്യതകൾ വാതിൽ തുറന്നുവെച്ചിട്ടും വലിയ നേട്ടങ്ങളുടെ പിറകെ പോകാതെ, ജനകീയ സേവനം ചെയ്യുന്നവരുടെ ന്യായമായ ആവശ്യങ്ങൾ സർക്കാർ അവഗണിക്കുന്നതും നിരാകരിക്കുന്നതും അവരുടെ പ്രതിബദ്ധതയോടുള്ള അനാദരം കൂടിയാണ്.

# താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കം കോടതി തടഞ്ഞു

കൊച്ചി: താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള സർക്കാർ നീക്കം ഹൈക്കോടതി തടഞ്ഞു. താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തരുതെന്ന ഹൈക്കോടതി ഉത്തരവ് നിലനിൽക്കെ വീണ്ടും സ്ഥിരപ്പെടുത്തൽ ഉത്തരവുകൾ ഇറക്കിയ നടപടിയിൽ വിശദീകരണം നൽകാനും സത്യവാങ്മൂലം ഫയൽ ചെയ്യാനും ഹൈക്കോടതി ചീഫ് സെക്രട്ടറിയോട് നിർദേശിച്ചിരുന്നു.

വിവിധ സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിലെ സ്ഥിരപ്പെടുത്തൽ ചോദ്യംചെയ്തു ഉദ്യോഗാർത്ഥികൾ നൽകിയ ഹർജിയിൽ സുപ്രീംകോടതി ഉത്തരവുകൾക്കു വിരുദ്ധമായി ജീവനക്കാരെ സ്ഥിരപ്പെടുത്തരുതെന്ന് കോടതി വിധിച്ചിരുന്നു.

ചീഫ് സെക്രട്ടറികൂടി കക്ഷിയായ കേസിലെ വിധി നിലനിൽക്കുമ്പോഴാണ് ഇപ്പോൾ സർക്കാർ പുതിയ സ്ഥിരപ്പെടുത്തൽ ഉത്തരവുകൾ ഇറക്കിയതും പുതിയ ഉത്തരവുകൾ ഇറക്കാൻ തയാറെടുക്കുന്നതും. ഇതു കോടതിയലക്ഷ്യമാണെന്നു ചൂണ്ടിക്കാട്ടി ഹർജിക്കാർ നൽകിയ അപേക്ഷയിലാണ് ജസ്റ്റിസ് മുഹമ്മദ് നിയാസ് ചീഫ് സെക്രട്ടറിക്കു നിർദേശം നൽകിയിരുന്നത്.

എന്നാൽ പലതവണ സമയം അനുവദിച്ചുനൽകിയിട്ടും സർക്കാർ കോടതിയിൽ വിശദീകരണം നൽകിയില്ല. ഈ സാഹചര്യത്തിലാണു താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് തടഞ്ഞുകൊണ്ട് ജസ്റ്റിസ് മുഹമ്മദ് നിയാസ് ഉത്തരവിട്ടത്.

# കട്ടിളപ്പാളി കേസിൽ പത്മകുമാറിന് ജാമ്യം; ജയിലിൽ തുടരും

കൊല്ലം: ശബരിമല ക്ഷേത്രത്തിലെ കട്ടിളപ്പാളികൾ കടത്തിയ കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടും സിപിഎം നേതാവുമായ എ. പത്മകുമാറിനു ജാമ്യം. കേസിൽ 90 ദിവസമായിട്ടും പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കാത്തതിനെ



ത്തുടർന്ന് കൊല്ലം വിജിലൻസ് കോടതി സ്വാഭാവിക ജാമ്യം അനുവദിക്കുകയായിരുന്നു. ദ്വാരപാലക ശില്പ കേസിൽ റിമാൻഡിലായതിനാൽ പത്മകുമാറിനു പക്ഷേ, ജയിലിൽനിന്നു പുറത്തിറങ്ങാനാവില്ല.

കട്ടിളപ്പാളി കേസിൽ എട്ടാം പ്രതിയായി നവംബർ 20-നാണ് പത്മകുമാർ അറസ്റ്റിലായത്. റിമാൻഡിൽ കഴിയവെ ദ്വാരപാലക ശില്പ കേസിലും അറസ്റ്റ് രേഖപ്പെടുത്തി. അന്ന് ദേവസ്വം ബോർഡ് പ്രസിഡണ്ടായിരുന്ന പത്മകുമാറിന്റെകൂടി അറിവോടെയാണു കവർച്ചയെന്നായിരുന്നു കണ്ടെത്തൽ. ഒന്നാം പ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റിയുമായി പത്മകുമാറിനുള്ള ഉറ്റബന്ധം വ്യക്തമാക്കുന്ന മൊഴികളും തെളിവുകളും ശേഖരിച്ച ശേഷമായിരുന്നു അറസ്റ്റെന്ന് പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) കോടതിയിൽ വ്യക്തമാക്കിയിരുന്നു.

കേസിൽ 2019-ലെ ദേവസ്വം ബോർഡ് അംഗങ്ങളായിരുന്ന സിപിഐ നേതാവ് കെ.പി. ശങ്കരദാസ്, സിപിഎം പ്രതിനിധി എൻ. വിജയകുമാർ എന്നിവരെയും അറസ്റ്റ് ചെയ്തിരുന്നു. ഈ ബോർഡിന്റെ കാലത്ത് ദേവസ്വം കമ്മീഷണറും പിന്നാലെ പ്രസിഡണ്ടുമായ എൻ. വാസുവും അറസ്റ്റിലായി. മുഖ്യപ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റി, ശബരിമല മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ, ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടും കമ്മീഷണറുമായിരുന്ന എൻ. വാസു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ എസ്. ശ്രീകുമാർ എന്നിവർ ഇതിനകം ജാമ്യം നേടി പുറത്തിറങ്ങി.


തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ്. ബൈജുവിനു കട്ടിളപ്പാളി ക്കേസിൽ സ്വാഭാവിക ജാമ്യം ലഭിച്ചെങ്കിലും ദ്വാരപാലക ശില്പ കേസിൽ ജാമ്യം ലഭിക്കാത്തതിനാൽ ജയിൽ മോചിതനായില്ല.

# പ്രവാസി വോട്ടർമാർ നാലിരട്ടി വർദ്ധിച്ചു

തിരുവനന്തപുരം: എസ്ഐആറിനു ശേഷം അന്തിമ വോട്ടർപട്ടിക പുറത്തുവരുമ്പോൾ പ്രവാസി വോട്ടർമാരുടെ എണ്ണത്തിൽ നാലിരട്ടി വർധന. ഡിസംബർ 23-ന് പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ 64,394 വോട്ടർമാരാണ് ഉണ്ടായിരുന്നതെങ്കിൽ എസ്ഐആറിനു ശേഷം അന്തിമ വോട്ടർപട്ടികയിൽ ഇവരുടെ എണ്ണം 2,23,558 ആയി.

എസ്ഐആറുമായി ബന്ധപ്പെട്ട് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ എല്ലാ ആഴ്ചയിലും വിളിച്ച രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ പ്രധാന പരാതികളിലൊന്ന് പ്രവാസികൾക്ക് വോട്ട് ചേർക്കാൻ കഴിയുന്നില്ലെന്നതായിരുന്നു. വിദേശത്ത് ജനിച്ച പ്രവാസികളുടെ മക്കൾക്ക് ജനനസ്ഥലം രേഖപ്പെടുത്തുന്നതിലെ സാങ്കേതിക തടസ്സമായിരുന്നു പ്രതിസന്ധി. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും ഇക്കാര്യം നേതാക്കൾ ഉന്നയിച്ചു. ഇത് പരിഹരിച്ചതോടെയാണ് ഇത്ര പേർക്ക് വോട്ട് ചേർക്കാനായത്.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് പൗരരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതുൾപ്പെടെ സംസ്ഥാനങ്ങളുടെ സൗജന്യ വാഗ്ദാനങ്ങളെ (ഫ്രീബീസ്) നിശിതമായി വിമർശിച്ച് സുപ്രീംകോടതി. ക്ഷേമരാഷ്ട്രമെന്ന നിലയ്ക്ക് പാവപ്പെട്ടവർക്ക് സൗജന്യങ്ങൾ നൽകുന്നത് സമ്മതിക്കാം.

എന്നാൽ, വരുമാനക്കമ്മി നേരിടുന്ന സംസ്ഥാനങ്ങൾപോലും എല്ലാവർക്കും സൗജന്യങ്ങൾ പ്രഖ്യാപിക്കുന്നത് പ്രീണനമല്ലേയെന്ന് കോടതി ചോദിച്ചു. രാജ്യപുരോഗതിയെ ബാധിക്കുന്ന ഇത്തരം നയങ്ങൾ പുനഃപരിശോധിക്കേണ്ട സമയമായെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

സാമ്പത്തികസ്ഥിതി നോക്കാതെ എല്ലാവർക്കും സൗജന്യ വൈദ്യുതി നൽകാനുദ്ദേശിക്കുന്ന തമിഴ്നാട് പവർ ഡിസ്ട്രിബ്യൂഷൻ കോർപ്പറേഷന്റെ ഹർജിയിൽ കേന്ദ്രസർക്കാരിന് നോട്ടീസയച്ചാണ് കടുത്ത പരാമർശം. സൗജന്യത്തിന് തടസ്സമാകുന്ന തരത്തിൽ, വൈദ്യുതി വിതരണ കമ്പനികൾക്ക് കർശന സാമ്പത്തിക അച്ചടക്കം നിർദേശിക്കുന്ന 2024-ലെ കേന്ദ്ര വൈദ്യുതി ഭേദഗതി ചട്ടങ്ങളാണ് കോർപ്പറേഷൻ ചോദ്യംചെയ്തത്.

തമിഴ്നാട്ടിൽ മാത്രമല്ല, രാജ്യവ്യാപകമായി ഇത് നടക്കുന്നുണ്ടെന്നും അതിൽ തങ്ങൾ അസ്വസ്ഥരാണെന്നും കോടതി പറഞ്ഞു. അടുത്തകാലത്ത് തെരഞ്ഞെടുപ്പുകളിൽ ചില സംസ്ഥാനങ്ങളിൽ എന്താണ് നടന്നതെന്ന് അറിയാമെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. തെരഞ്ഞെടുപ്പിന് തൊട്ടുമുൻപായി നേരിട്ട് പണം കൈമാറുന്ന പദ്ധതികൾ പ്രഖ്യാപിച്ചു. വികസനപദ്ധതികൾക്ക് പണം ചെലവാക്കുന്നതിനുപകരം ഇതുപോലുള്ള വൻകിട സൗജന്യവിതരണവും ശമ്പളം നൽകലും മാത്രമാണ് സംസ്ഥാനങ്ങൾ ചെയ്യുന്നതെന്ന് കോടതി കുറ്റപ്പെടുത്തി.

ഭക്ഷണവും സൈക്കിളും വൈദ്യുതിയുമെല്ലാം സൗജന്യമായി നൽകിയാൽ ആരാണ് ജോലിക്ക് പോകുക? ശേഷിയില്ലാത്തവർക്ക് വൈദ്യുതി നിരക്കിൽ സൗജന്യം നൽകുന്നത് സമ്മതിക്കാം. എല്ലാവർക്കും സൗജന്യം നൽകുന്നതിലൂടെ എന്തു സംസ്കാരമാണ് നമ്മൾ സൃഷ്ടിക്കുന്നത്. സംസ്ഥാനങ്ങൾ ലാഭമുണ്ടാക്കുന്നതിനായി പ്രവർത്തിക്കണമെന്നല്ല പറയുന്നത്. ചെലവു വഹിക്കാൻ ശേഷിയുള്ളവരിൽനിന്ന് അത് ഈടാക്കണം. രാഷ്ട്രീയപ്പാർട്ടികളുടെ സൗജന്യവാഗ്ദാനങ്ങൾ സംബന്ധിച്ച വിഷയം സുപ്രീംകോടതിയുടെ പരിഗണനയിലാണെന്നും ചീഫ് ജസ്റ്റിസ് ഓർമിപ്പിച്ചു.

# വയറ്റിൽ കത്രികയുമായി അഞ്ച് വർഷം: ചികിത്സാപ്പിഴവ് ആലപ്പുഴ മെഡിക്കൽ കോളജിൽ

അമ്പലപ്പുഴ: ഗർഭാശയം നീക്കാനുള്ള ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചുവർഷമാകാറായപ്പോൾ സ്ത്രീയുടെ വയറ്റിൽ കത്രിക കണ്ടെത്തി. ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കു വിധേയയായ പുന്നപ്ര തെക്ക് അഞ്ചാംവാർഡിൽ നാൽപ്പതിൽച്ചിറ ഉഷാ ജോസഫുകുട്ടി (51)യുടെ വയറ്റിലാണ് ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന നീളത്തിലുള്ള അറ്റം വളഞ്ഞ കത്രിക (മെറ്റ്സെൻബോം സിസ്സേഴ്സ്) കണ്ടെത്തിയത്. ഇവർ പുന്നപ്ര പോലീസിൽ പരാതി നൽകി.

2021 മേയ് 10-നായിരുന്നു ശസ്ത്രക്രിയ. പിന്നീട്, നിരന്തരമായ വയറുവേദനയും മൂത്രത്തിൽ രക്തവും കണ്ടതോടെ പലയിടത്തും പരിശോധന നടത്തിയെങ്കിലും കാരണം കണ്ടെത്തിയില്ല. ഒടുവിൽ, ഫെബ്രുവരി 18-ന് ബുധനാഴ്ച ആലപ്പുഴയിലെ യൂറോളജി വിദഗ്ധന്റെ നിർദേശപ്രകാരം എക്സ്-റേ എടുത്തപ്പോഴാണ് വയറ്റിൽ കത്രികയുള്ളതായി മനസ്സിലായത്. തുടർന്ന് 19-ന് വ്യാഴാഴ്ച രാവിലെ ഇവർ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തി ഒരു ഡോക്ടറെ കണ്ടു. വിവരം പുറത്തു പറയരുതെന്ന് ചില ഡോക്ടർമാർ പറഞ്ഞതായി ഉഷയുടെ ബന്ധു പറഞ്ഞു.


കത്രിക കണ്ടെത്തിയ എക്സ്-റേയുമായി ഉഷ

ഉഷ തൊഴിലുറപ്പു തൊഴിലാളിയാണ്. ഭർത്താവ് ജോസഫുകുട്ടി കൂലിപ്പണിക്കാരനും. ഇവർ താമസിച്ചിരുന്ന വീട് തകർച്ചയിലായതിനാൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പറവൂരിൽ വാടകയ്ക്കു താമസിക്കുകയാണ്.

കുടുംബത്തിന് സർക്കാർ അടിയന്തര സഹായം നൽകണമെന്ന് പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.എഫ്. തോബിയാസ് ആവശ്യപ്പെട്ടു. സംഭവത്തെക്കുറിച്ച് അന്വേഷിക്കുമെന്നും പരാതി ലഭിച്ചിട്ടില്ലെന്നും ആശുപത്രി സൂപ്രണ്ട് ഡോ. എ. ഹരികുമാർ പറഞ്ഞു.

ഉഷയെ രാത്രി വൈകി കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയി. മകൻ ഷിബിൻ ഒപ്പമുണ്ടായിരുന്നു. ഇവരുടെ എല്ലാ ചെലവും വഹിക്കാമെന്ന് കെ.സി. വേണുഗോപാൽ എംപി അറിയിച്ചു.

# കേരള നേറ്റിവിറ്റി കാർഡ്: ബില്ലിന് അംഗീകാരം

തിരുവനന്തപുരം: കേരളത്തിൽ 'കേരള നേറ്റിവിറ്റി കാർഡ്' കൊണ്ടുവരുന്നതിനുള്ള ബില്ലിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. ഒരാൾ കേരളീയനാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിനായി നിലവിൽ നൽകിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ മാതൃക ഉൾക്കൊണ്ടായിരിക്കും കാർഡ് അനുവദിക്കുക.

കേരള സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾക്കും സാമൂഹിക ആവശ്യങ്ങൾക്കും ആധികാരിക രേഖയായി നേറ്റിവിറ്റി കാർഡ് അംഗീകരിക്കും. കേരളത്തിൽ ജനിച്ച് വിദേശ പൗരത്വം സ്വീകരിക്കാത്തവരും പൂർവികരിൽ ഒരാൾ കേരളത്തിൽ ജനിച്ചവരും വിദേശ പൗരത്വം സ്വീകരിക്കാത്തവരുമാണ് നേറ്റീവ് ആയി കണക്കാക്കപ്പെടാൻ അർഹതയുള്ളത്. വിദേശ പൗരത്വം സ്വീകരിച്ചവർക്ക് കാർഡിന് അർഹതയില്ല. കാർഡ് ലഭിച്ചതിനു ശേഷം വിദേശ പൗരത്വം സ്വീകരിച്ചാൽ നേറ്റിവിറ്റി കാർഡ് അസാധുവാക്കും. തൊഴിൽ സംബന്ധമായോ ജീവിതോപാധി സംബന്ധമായോ ഉള്ള കാരണങ്ങളാൽ മാതാപിതാക്കളോ പൂർവികരോ കേരളത്തിനുപുറത്ത് കഴിയുന്നതിനിടെ അവിടെ ജനിച്ചവരെയും (വിദേശ പൗരത്വം ലഭിച്ചിട്ടില്ലാത്തവരെ) നേറ്റീവ് ആയി പരിഗണിക്കും. കാർഡ് അനുവദിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തഹസിൽദാർ ആയിരിക്കും. എന്നാൽ, നേറ്റിവിറ്റി കാർഡുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ വില്ലേജ് ഓഫീസിൽ സൂക്ഷിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. നേറ്റിവിറ്റി കാർഡ് ആവശ്യമുള്ളവർ നിശ്ചിത ഫോറത്തിൽ രേഖകളും ഫീസും സഹിതം തഹസിൽദാർക്ക് അപേക്ഷ സമർപ്പിക്കണം. നിലവിലുള്ള വിവരങ്ങൾക്കു പുറമേ സർക്കാർ കാലാകാലങ്ങളിൽ നിർദേശിക്കുന്ന വിവരങ്ങളും കാർഡിൽ ഉൾപ്പെടുത്തും. വിവിധ ആവശ്യങ്ങൾക്കായി മറ്റു രേഖകളോടൊപ്പം ആധികാരിക രേഖയായി നേറ്റിവിറ്റി കാർഡ് ഉപയോഗിക്കാവുന്ന സാഹചര്യങ്ങൾ സർക്കാർ വിജ്ഞാപനം വഴി വ്യക്തമാക്കും.

റവന്യൂ ഡിവിഷണൽ ഓഫീസർ കൈക്കൊണ്ട തീരുമാനം ജില്ലാ കളക്ടർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാനും റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാനും അധികാരം ഉണ്ടായിരിക്കും. എന്നാൽ, കക്ഷിക്ക് ന്യായമായ വാദം മുന്നോട്ടുവെക്കാനുള്ള അവസരം നൽകാതെ ഇത്തരത്തിൽ തീരുമാനം എടുക്കാൻ പാടില്ലെന്നും ബില്ലിൽ വ്യക്തമാക്കുന്നു.

# ജീവനക്കാരുടെ ഭാവന വായ്പ പദ്ധതി പുനഃസ്ഥാപിച്ചു

തിരുവനന്തപുരം: ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് കേരളസർക്കാർ ജീവനക്കാരുടെ വായ്പ പദ്ധതി പുനഃസ്ഥാപിച്ച് ധനവകുപ്പ് ഉത്തരവിറക്കി. വിശദമായ നടപടിക്രമങ്ങൾ നിശ്ചയിച്ച് പിന്നീട് ഉത്തരവിറക്കുമെന്നും ഇതിൽ വ്യക്തമാക്കി. മുൻപുണ്ടായിരുന്ന വായ്പ പദ്ധതി 2018 ജൂലൈയിലാണു സർക്കാർ നിർത്തലാക്കിയത്. സർക്കാർ നേരിട്ട് അനുവദിക്കുന്നത് ഒഴിവാക്കി പകരം ബാങ്ക് വഴി വായ്പ ലഭ്യമാക്കാമെന്നായിരുന്നു ഉത്തരവിലെ വാഗ്ദാനം. വായ്പയ്ക്ക് സർക്കാർ സബ്സിഡിയായി 3.25 ശതമാനം തുക ബാങ്കിനു നൽകുമെന്നും ഉറപ്പു നൽകിയിരുന്നു. എന്നാൽ, ജീവനക്കാർക്ക് സബ്സിഡി അനുവദിച്ചു നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർപോലും പിന്നീട് തയാറാക്കിയില്ല. അതിനാൽ, വായ്പ സബ്സിഡി സംവിധാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നിരിക്കെയാണ് വീണ്ടും പഴയ പദ്ധതി പുനഃസ്ഥാപിച്ച് ഉത്തരവിറക്കിയത്.

മാർഗനിർദേശങ്ങൾ ഇനിയും തയാറാക്കാത്തതിനാൽ ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാകില്ലെന്ന് ഉറപ്പായി.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# ബാബു ചാഴികാടൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി സി. ആതിരയ്ക്ക്





**ജോസ് കണിയാലി**

കുറവിലങ്ങാട്: ദേവമാതാ കോളജും (ഓട്ടോണമസ്) ബാബു ചാഴികാടൻ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച അഖില കേരള ഇന്റർ കൊളേജിയറ്റ് പ്രസംഗമത്സരത്തിൽ എം.ജി. യൂണിവേഴ്സിറ്റി ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ ആതിര സി. ഒന്നാം സ്ഥാനവും എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. തേവര എസ്.എച്ച്. കോളജിലെ മുഹമ്മദ് സഫ്വാൻ, എം.ജി. യൂണിവേഴ്സിറ്റി പെഡഗോഗിക്കൽ സയൻസിലെ നന്ദു കൃഷ്ണൻ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരാ






യി. സമ്മാനദാനം നിർവഹിച്ചു സംസാരിച്ച എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. സി.റ്റി. അരവിന്ദകുമാർ, ലോകത്തെ മാറ്റിമറിക്കാൻ പ്രസംഗങ്ങൾക്ക് കഴിയുമെന്ന് ഓർമ്മിപ്പിച്ചു.

തോമസ് ചാഴികാടൻ എക്സ് എംപി ആദ്ധ്യക്ഷ്യം വഹിച്ച സമാപനയോഗത്തിൽ ദേവമാതാ കോളജ് പ്രിൻസിപ്പൽ ഡോ. സുനിൽ സി. മാത്യു, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സിബി മാണി, ബാബു ചാഴികാടൻ ഫൗണ്ടേഷൻ സെക്രട്ടറി ബന്നി തടത്തിൽ, ഭാരവാഹികളായ പ്രൊഫ. ബാബു പൂഴിക്കുന്നേൽ, സിറിയക് ചാഴികാടൻ എന്നിവർ സംസാരിച്ചു. ഡോ. റെന്നി എ. ജോർജ്, ഡോ. മിനി സെബാസ്റ്റ്യൻ, ആൽഫിൻ ചാക്കോ, മിസ് നിഷ കെ. തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.








# 21 കരാറുകളിൽ ഒപ്പുവെച്ച് ഇന്ത്യയും ഫ്രാൻസും

മുംബൈ: ഇന്ത്യയിൽ ഹാമർ മിസൈലുകൾ നിർമിക്കാൻ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഫ്രഞ്ച് പ്രതിരോധ കമ്പനിയായ സഫ്രാനും തമ്മിലുള്ള സംയുക്ത സംരംഭത്തിന് ഇന്ത്യയും ഫ്രാൻസും ഒപ്പുവെച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിന് എത്തിയ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുംബൈയിൽ നടത്തിയ ഉഭയകക്ഷി ചർച്ചയിലാണു ധാരണയായത്.



ഇന്ത്യാസന്ദർശനത്തിന് എത്തിയ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും.

ഇരു രാജ്യങ്ങളുടെയും കരസേനാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരെ പരസ്പരം വിന്യസിക്കുന്നത് ഉൾപ്പെടെ 21 കരാറുകളും ഇതിനു പുറമെയുണ്ട്. നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ഇരട്ട നികുതി ഒഴിവാക്കും. എന്നാൽ, ഈയിടെ ഇന്ത്യ അംഗീകരിച്ച റഫാൽ ഇടപാടിനെക്കുറിച്ച് പ്രത്യേക പരാമർശം ഉണ്ടായില്ല.

ഫ്രാൻസുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമായെന്നും ആഗോള സ്ഥിരതയ്ക്കു വേണ്ടി ഒരുമിച്ചു പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. ആരോഗ്യമേഖലയിലെ നിർമിതബുദ്ധി, ഡിജിറ്റൽ സയൻസ് ആൻഡ് ടെക്നോളജി എന്നിവയിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ ഇൻഡോ-ഫ്രഞ്ച് സെന്ററുകൾ ആരംഭിക്കും.

എയ്റോനോട്ടിക്സ് രംഗത്തും കൂടുതൽ സഹകരണമുണ്ടാകും. പ്രതിരോധം, വ്യാപാരം, സാങ്കേതികവിദ്യ, പുനരുപയോഗ ഊർജം, ആരോഗ്യം എന്നീ മേഖലകളിൽ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തും.

ഇന്ത്യ-ഫ്രാൻസ് നവീകരണ വർഷം ഇരുനേതാക്കളും ചേർന്ന് ഉദ്ഘാടനം ചെയ്തു.

# അലഹബാദ് ഹൈക്കോടതിയുടെ വിവാദവിധി സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: പ്രായപൂർത്തിയാവാത്ത പെൺകുട്ടിയുടെ മാറിടത്തിൽ സ്പർശിച്ചതും പൈജാമച്ചരട് പൊട്ടിച്ച് വലിച്ചഴച്ചതും ബലാത്സംഗശ്രമമല്ലെന്ന അലഹബാദ് ഹൈക്കോടതിയുടെ വിവാദവിധി റദ്ദാക്കി സുപ്രീംകോടതി. ക്രിമിനൽ നിയമതത്ത്വങ്ങളുടെ തെറ്റായ പ്രയോഗം നടത്തിയ വിധി റദ്ദാക്കുകയാണെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു. പ്രതികൾക്കെതിരെ പോക്സോ നിയമപ്രകാരമുള്ള ബലാത്സംഗശ്രമക്കുറ്റം സുപ്രീംകോടതി പുനഃസ്ഥാപിക്കുകയും ചെയ്തു.

2025 മാർച്ച് 17-നാണ് ഹൈക്കോടതിയുടെ വിവാദ നിരീക്ഷണമടങ്ങിയ വിധിയുണ്ടായത്. കേസിലെ സമൻസ് ചോദ്യംചെയ്ത് പ്രതികളായ പവൻ, ആകാശ് എന്നിവർ നൽകിയ അപ്പീലിലെ ഹൈക്കോടതി വിധി സുപ്രീംകോടതി 2025 മാർച്ച് 26-ന് സ്റ്റേ ചെയ്തിരുന്നു. തീർത്തും സംവേദനക്ഷമതയില്ലാത്തതും മനുഷ്യത്വരഹിതവുമായ  നിരീക്ഷണമാണ് ഹൈക്കോടതി നടത്തിയതെന്ന് വിധി സ്റ്റേ ചെയ്യുമ്പോൾ സുപ്രീംകോടതി നിരീക്ഷിച്ചിരുന്നു. പ്രതികൾ ചെയ്ത കുറ്റം പ്രഥമദൃഷ്ട്യാ ബലാത്സംഗശ്രമമാണെന്ന് വിധി റദ്ദാക്കവേ സുപ്രീംകോടതി പറഞ്ഞു.

പോക്സോ ഉൾപ്പെടെ ബലാത്സംഗശ്രമത്തിനാണ് വിചാരണക്കോടതി പ്രതികൾക്കെതിരെ കുറ്റംചുമത്തിയിരുന്നത്. എന്നാൽ ബലാത്സംഗശ്രമക്കുറ്റം നിലനിൽക്കില്ലെന്നാണ് ഹൈക്കോടതി പറഞ്ഞത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 354-ബി (വസ്ത്രം അഴിച്ചുമാറ്റാനുള്ള ഉദ്ദേശ്യത്തോടെ ക്രിമിനൽ ബലപ്രയോഗം), പോക്സോ നിയമത്തിലെ ഒൻപത്, പത്ത് വകുപ്പുകൾ പ്രകാരം വിചാരണ നടത്തണമെന്നുമാണ് ഹൈക്കോടതി നിർദേശിച്ചത്. തുടർന്ന് സുപ്രീംകോടതി സ്വമേധയാ ഇടപെടുകയായിരുന്നു.

# എഐയെ നിയന്ത്രിക്കേണ്ടത് ആഗോള സഹകരണത്തിലൂടെ: യുഎൻ മേധാവി

ന്യൂഡൽഹി: നിർമിത ബുദ്ധിയെ (എഐ) നിയന്ത്രിക്കേണ്ടത് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) കടമയല്ലെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. വിഷയത്തിൽ ആഗോള സഹകരണമാണ് ആവശ്യമെന്നു വ്യക്തമാക്കുകയായിരുന്നു യുഎൻ സെക്രട്ടറി ജനറൽ.

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാനായി പുറപ്പെടുന്നതിനു മുന്നേ വാർത്താ ഏജൻസിയായ പിടിഐക്കു നൽകിയ അഭിമുഖത്തിലായിരുന്നു ഗുട്ടെറസിന്റെ വാക്കുകൾ.

ഡിജിറ്റൽ സാങ്കേതികവിദ്യയിലെ അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തുന്നതിനായി യുഎൻ 2024-ൽ അംഗീകരിച്ച ആഗോള ചട്ടക്കൂടായ 'ഗ്ലോബൽ ഡിജിറ്റൽ കോംപാക്ടി'നു കീഴിൽ മൂന്ന് പ്രധാന സംരംഭങ്ങളും ഗുട്ടെറസ് എടുത്തു പറഞ്ഞു.

ലോകമെമ്പാടുമുള്ള 40 വിദഗ്ധരെ ഉൾക്കൊള്ളിച്ച് നിർമിതബുദ്ധിയിൽ ഒരു പുതിയ ഉന്നതതല സ്വതന്ത്ര അന്താരാഷ്ട്ര ശാസ്ത്ര സമിതിയുടെ രൂപീകരണം, യുഎൻ നടത്താൻ പദ്ധതിയിടുന്ന എഐയുടെ ആഗോള വാർഷിക സംവാദം എന്നിവയ്ക്കു  പുറമെ നിർമിതബുദ്ധിയിൽനിന്ന് ഗുണം നേടുന്നതിനായി വികസ്വരരാജ്യങ്ങളെ സഹായിക്കാനായി യുഎൻ ഒരു ഫണ്ടിന്റെ അനുമതി തേടിയിട്ടുണ്ടെന്നും ഗുട്ടെറസ് വ്യക്തമാക്കി.

# നടൻ ജയസൂര്യയുടെ 39 ലക്ഷത്തിന്റെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി

കൊച്ചി: ഓൺലൈൻ ലേല ആപ്പായ സേവ് ബോക്സ് സാമ്പത്തിക തട്ടിപ്പുകേസിൽ നടൻ ജയസൂര്യയുടെ ഭൂസ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. 39,01,000 ലക്ഷം രൂപയുടെ ഭൂസ്വത്തുക്കളാണ് ഇഡി കണ്ടുകെട്ടിയത്.

ആപ്പിന്റെ ബ്രാൻഡ് അംബാസഡർ എന്നനിലയിൽ ജയസൂര്യ കൈപ്പറ്റിയ തുക നിക്ഷേപകരെ വഞ്ചിച്ചു സേവ് ബോക്സ് കൺസെപ്റ്റ്സ് ലിമിറ്റഡ് ഉടമകൾ സമാഹരിച്ചതാണെന്ന് കണ്ടെത്തിയതിനെത്തുടർന്നാണു ഇഡി നടപടി. സേവ് ബോക്സിന്റെ അക്കൗണ്ടിൽനിന്ന് ജയസൂര്യയ്ക്ക് പണം ലഭിച്ചതായി ഇഡി പരിശോധനയിൽ കണ്ടെത്തിയിരുന്നു.

ബ്രാൻഡ് അംബാസഡർ എന്നനിലയിൽ ലഭിച്ച പ്രതിഫലമാണ് ഇതെന്നാണു കണ്ടെത്തൽ. തട്ടിപ്പിലൂടെ ലഭിച്ച തുകയാണു കൈമാറിയതെന്നും പരിശോധനയിൽ വ്യക്തമായിരുന്നു. കേസിൽ നേരത്തേ രണ്ടുതവണ ഇഡി ജയസൂര്യയെ ചോദ്യംചെയ്തിരുന്നു.



ഭാര്യ സരിതയുടെ മൊഴിയും ഇഡി രേഖപ്പെടുത്തി.

ആപ്പിൽ നിക്ഷേപമായും ഫ്രഞ്ചൈസിക്കായും നിരവധിപേരിൽനിന്ന് കോടികൾ തട്ടിയെടുത്തെന്ന പരാതികളിൽ 2023-ൽ ആപ്പിന്റെ സ്ഥാപകൻ സ്വാതിഖിനെ തൃശൂർ ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. തൃശൂർ കിഴക്കേകോട്ട സ്വദേശി ജോൺ നൽകിയ പരാതിയിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കേസിലെ എഫ്ഐആറിന്റെ അടിസ്ഥാനത്തിൽ കള്ളപ്പണ നിരോധന നിയമപ്രകാരമാണു ഇഡി കേസെടുത്തത്.

ഓൺലൈൻ ലേല ആപ്പ് എന്ന പേരിലാണ് സേവ് ബോക്സ് ആരംഭിച്ചത്. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ലേലത്തിലൂടെ വാങ്ങാമെന്നായിരുന്നു വാഗ്ദാനം. നിക്ഷേപകർക്കു വലിയ വരുമാനവും വാഗ്ദാനം ചെയ്തിരുന്നു.

നിക്ഷേപകരെ കമ്പനി ഓഹരി ഉടമകളാക്കിയായിരുന്നു തട്ടിപ്പ്. പണം തിരികെ ആവശ്യപ്പെട്ടവരോട് അവധി പറഞ്ഞ് വഞ്ചിക്കുകയായിരുന്നു.






# രാജ്യസഭ: 37 സീറ്റുകളിലേക്ക് തെരഞ്ഞെടുപ്പ് മാർച്ച് 16–ന്

ന്യൂഡൽഹി: മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ, ബിഹാർ അടക്കം 10 സംസ്ഥാനങ്ങളിൽ ഒഴിവുവരുന്ന 37 രാജ്യസഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് മാർച്ച് 16–ന് നടക്കും.

മുതിർന്ന എൻസിപി നേതാവ് ശരദ് പവാർ ഉൾപ്പെടെ ഏപ്രിലിൽ കാലാവധി അവസാനിക്കുന്നവരുടെ ഒഴിവുകളാണ് നികത്തുന്നത്. പി.വി. അബ്ദുൾ വഹാബ്, ഡോ. ജോൺ ബ്രിട്ടാസ്, ഡോ. വി. ശിവദാസ് എന്നിവരുടെ 2027 ഏപ്രിൽ 23 വരെയുള്ള കാലാവധി അവസാനിക്കുമ്പോഴാകും കേരളത്തിൽ നിന്ന് രാജ്യസഭയിലേക്കുള്ള അടുത്ത തെരഞ്ഞെടുപ്പ്.

മഹാരാഷ്ട്ര (ഏഴ്), തമിഴ്നാട് (ആറ്), പശ്ചിമബംഗാൾ, ബിഹാർ (അഞ്ചു വീതം), ഒഡീഷ (നാല്), ആസാം (മൂന്ന്), തെലങ്കാന, ഛത്തീസ്ഗഡ്, ഹരിയാന (രണ്ടു വീതം), ഹിമാചൽ പ്രദേശ് (ഒന്ന്) എന്നിങ്ങനെയാണ് ഒഴിവുകൾ. മഹാരാഷ്ട്രയിലെ ഏഴിൽ ആറു സീറ്റും ഭരണകക്ഷിയായ ബിജെപി, ശിവസേന, എൻസിപി മഹായുതി സഖ്യത്തിനു ലഭിക്കും.

പ്രതിപക്ഷത്തിനു കിട്ടുന്ന ഏക സീറ്റിൽ പ്രായവും രോഗവും അവഗണിച്ച് ശരദ് പവാർ വീണ്ടും മത്സരിക്കാൻ താത്പര്യപ്പെടുന്നതായി റിപ്പോർട്ടുണ്ട്.

രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് നാരായൺ സിംഗ്, ശരദ് പവാർ, കേന്ദ്രമന്ത്രി രാംദാസ് അത്താവലെ, കോൺഗ്രസിന്റെ അഭിഷേകം മനു സിംഘ്‌വി, ഡിഎംകെയുടെ തിരുച്ചി ശിവ, ശിവസേനയുടെ (യുബിടി) പ്രിയങ്ക ചതുർവേദി, ബിഹാറിലെ ലോക്സമത പാർട്ടിയുടെ ഉപേന്ദ്ര കുഷ്‌വാഹ, തൃണമൂൽ കോൺഗ്രസിന്റെ സാകേത് ഗോഖലെ തുടങ്ങിയവർ വിരമിക്കുന്ന പ്രമുഖരിൽ ഉൾപ്പെടുന്നു.

അടുത്ത മാസം 16–ന് രാവിലെ ഒമ്പതു മുതൽ വൈകുന്നേരം നാലു വരെയാണു വോട്ടെടുപ്പ്. അതേ ദിവസം വൈകുന്നേരം അഞ്ചിനു വോട്ടെണ്ണൽ നടത്തി ഫലം പ്രഖ്യാപിക്കും. പുതിയ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ ഫെബ്രുവരി 18–ന് പുറത്തിറക്കി. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് അഞ്ചിനാണ്.

# വേണുജിക്കും കൈതപ്രത്തിനും കൂളൂരിനും ഫെലോഷിപ്

തൃശൂർ: കൂടിയാട്ടം കലാകാരൻ വേണുജി, ഗാനരചയിതാവും സംഗീത സംവിധായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരി, നാടകകൃത്തും സംവിധായകനും നടനുമായ ജയപ്രകാശ് കൂളൂർ എന്നിവർക്ക് കേരള സംഗീത നാടക അക്കാദമിയുടെ ഫെലോഷിപ് (50,000 രൂപ വീതം). 18 പേർക്ക് അക്കാദമി അവാർഡും 22 പേർക്കു ഗുരുപൂജ പുരസ്കാരവും സമ്മാനിക്കും (30,000 രൂപ വീതം).

2025–ലെ അവാർഡിന് 18 പ്രതിഭകളെയും ഗുരുപൂജാ പുരസ്കാരത്തിന് 22 പ്രതിഭകളെയും തെരഞ്ഞെടുത്തു. 30,000 രൂപ വീതവും പ്രശസ്തിപത്രവും ശില്പവുമാണ് ലഭിക്കുക. പുരസ്കാരസമർപ്പണ തീയതി പിന്നീട് പ്രഖ്യാപിക്കുമെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പറഞ്ഞു.

# പി.കെ. ശശി കെടിഡിസി ചെയർമാൻ സ്ഥാനം രാജിവെച്ചു

പാലക്കാട്: രണ്ടു വർഷമായി പാർട്ടി നേതൃത്വവുമായി ഇടഞ്ഞുനിൽക്കുന്ന മുതിർന്ന സിപിഎം നേതാവ് പി.കെ. ശശി കെടിഡിസി ചെയർമാൻ സ്ഥാനം രാജിവെച്ചു. ശശി യുഡിഎഫിന്റെ സ്വതന്ത്ര സ്ഥാനാർത്ഥിയാകുമെന്ന ശക്തമായ അഭ്യൂഹത്തിനിടെയാണു രാജി.

പദവി ഒഴിയുന്നതു പാർട്ടിയുമായി ബന്ധപ്പെട്ട പ്രശ്നത്തിലല്ലെന്നും ആരുടെയും നിർദേശമില്ലെന്നും സ്വമനസ്സാലെയാണെന്നും അദ്ദേഹം പറഞ്ഞു. “ചെയർമാൻ സ്ഥാനം രാജിവെച്ചു വീട്ടിലിരിക്കില്ല. പൊതുരംഗത്തുണ്ടാകും. സിപിഎം അംഗത്വം രാജിവെച്ചിട്ടില്ല. ട്രേഡ് യൂണിയനിലുമുണ്ട്. നാളത്തെ ക്കാര്യം ഇപ്പോൾ പറയാനാകില്ല.” പിണറായി വിജയൻ പിതൃതുല്യനാണെന്നും ശശി പറഞ്ഞു.

ഫെബ്രുവരി 18–നു രാവിലെ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് അദ്ദേഹം വകുപ്പു മന്ത്രിക്കും സെക്രട്ടറിക്കും രാജിക്കത്തു നൽകിയത്. യുഡിഎഫുമായി ചർച്ച നടത്തിയെന്ന പ്രചാരണം അദ്ദേഹം നിഷേധിച്ചു.



നേതൃത്വത്തോട്, പ്രത്യേകിച്ചു ജില്ലാ സെക്രട്ടറിയോടുള്ള കടുത്ത ഭിന്നതയാണു രാജിക്കു കാരണമെന്നാണു വിവരം. സിപിഎം നേതാക്കളും മന്ത്രിമാരും കഴിഞ്ഞ ദിവസങ്ങളിൽ ആശയവിനിമയം നടത്തിയിരുന്നു.

ശശി ഉന്നയിക്കുന്ന വിഷയങ്ങൾ നടപ്പാക്കുമെന്നു നേതൃത്വം സന്ദേശം നൽകിയെങ്കിലും രണ്ട് വർഷം മുൻപു തരംതാഴ്ത്തിയശേഷം തിരിച്ചെടുക്കാൻ നടപടിയില്ലാതെ, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ നൽകുന്ന ഉറപ്പ് അംഗീകരിക്കേണ്ടെന്നാണു ശശിയെ പിന്തുണയ്ക്കുന്നവരുടെ നിലപാട്. അഴിമതിയും ജില്ലാ സെക്രട്ടറിക്കെതിരെയുള്ള നീക്കവും ആരോപിച്ച് 2024 ഓഗസ്റ്റിലാണു പി.കെ. ശശിയെ ജില്ലാ കമ്മിറ്റിയിൽനിന്നു ബ്രാഞ്ചിലേക്കു തരംതാഴ്ത്തിയത്.

ശശിയെ കെടിഡിസി ചെയർമാൻ സ്ഥാനത്തുനിന്നു മാറ്റാൻ ജില്ലാ നേതൃത്വം സംസ്ഥാന സെക്രട്ടറി മുഖേന മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായില്ല. പിന്നീടു പ്രശ്നം രൂക്ഷമായപ്പോൾ മുഖ്യമന്ത്രിയെ രാജിസന്നദ്ധത അറിയിച്ചെങ്കിലും തുടരാനായിരുന്നു നിർദേശം.

# The Last Reel
## ഷോർട്ട് ഫിലിം പുറത്തിറങ്ങി

ചിക്കാഗോ: നവാഗതനായ വിജയ് മാത്യു ജോസഫ് സംവിധാനം ചെയ്ത The Last Reel എന്ന ഷോർട്ട് ഫിലിം പുറത്തിറങ്ങി. ഫഹദ് ഫാസിൽ, ദിലീഷ് പോത്തൻ, ശ്യാം പുഷ്കരൻ എന്നിവർ പങ്കാളികളായ ഭാവനാ സ്റ്റുഡിയോസ് ആണ് ചിത്രം റിലീസ് ചെയ്തിരിക്കുന്നത്. നേരം, പ്രേമം എന്നീ




ശ്രദ്ധേയ ചിത്രങ്ങളുടെ സഹസംവിധായകനായ അൽഫോൻസ് പുത്രനാണ് ചിത്രം അവതരിപ്പിച്ചിരിക്കുന്നത്.

ഡിലൻ-ഡെയ്ൻ, അഭിരാം, നിവേക്, അവ്നി എന്നിവർ ബാലതാരങ്ങളായി പ്രധാനവേഷങ്ങളിൽ എത്തുന്ന ചിത്രം കഴിഞ്ഞ വാരാന്ത്യം പുറത്തിറങ്ങി. 2000–കളുടെതുടക്കകാലത്തെ കുട്ടികളുടെ സ്കൂൾജീവിതം അവതരിപ്പിക്കുന്ന ചിത്രം യുട്യൂബിലൂടെയാണ് റിലീസ് ചെയ്തിരിക്കുന്നത്. ചിത്രത്തിന്റെ ഛായാഗ്രഹണം വിപിൻ നടഞ്ചേരിയും എഡിറ്റിംഗ് വിനീത് വിജയനുമാണ് നിർവഹിച്ചിരിക്കുന്നത്.

ഇലക്ട്രോണിക് കിളി-വിജയാനന്ദ് എന്നിവർ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്ന ചിത്രത്തിൽ പ്രശസ്ത ഗായകൻ സച്ചിൻ വാര്യർ പാടിയ ഒരു പാട്ടുമുണ്ട്.



# ക്ഷേത്രോത്സവങ്ങളിൽ എഴുന്നള്ളത്തിന് റോബോട്ടിക് ആനകൾ

ആലപ്പുഴ: ക്ഷേത്രോത്സവങ്ങളിൽ വിപ്ലവകരമായ മാറ്റത്തിന് പ്രോത്സാഹനമേകി ആലപ്പുഴ ജില്ലയിലെ രണ്ടു ക്ഷേത്രങ്ങളിൽ റോബോട്ടിക് ആനകളെ സമർപ്പിച്ചു. വോയ്സസ് ഫോർ ഏഷ്യൻ എലിഫന്റ്സ് സൊസൈറ്റി എന്ന സംഘടനയുടെ നേതൃത്വത്തിലാണ് ജില്ലയിൽ ആദ്യമായി ജീവനുള്ള ആനകൾക്കു പകരം അത്യാധുനികമായ ബദൽ സംവിധാനം ഏർപ്പെടുത്തിയത്.



ഓംകാരേശ്വരം രാമസേനാപതി എന്ന റോബോട്ടിക് ആനയെ സംഗീത അയ്യർ ക്ഷേത്രത്തിന് സമർപ്പിക്കുന്നു.

പാണാവള്ളി നീലംകുളങ്ങര ശ്രീനാരായണ വിലാസം മഹാവിഷ്ണു ക്ഷേത്രത്തിലേക്കും ചേർത്തല ഓംകാരേശ്വരം ശ്രീരാമ സുബ്രഹ്മണ്യ ക്ഷേത്രത്തിലേക്കുമാണ് റോബോട്ടിക് ആനകളെ കൈമാറിയത്. നീലംകുളങ്ങര വിഷ്ണു ദാസൻ, ഓംകാരേശ്വരം രാമസേനാപതി എന്നീ പേരുകളിലുള്ള റോബോട്ടിക് ആനകളെ പൂർണമായ ആചാരങ്ങളോടെ ക്ഷേത്രസമിതികൾ ഏറ്റുവാങ്ങി.

ചാലക്കുടിയിലെ ഫോർ ഹീ – ആർട്സ് ക്രിയേഷൻസ് ആർട്ടിസ്റ്റ് പ്രശാന്ത് പ്രകാശിന്റെ നേതൃത്വത്തിൽ ഫൈബറും റബ്ബറും ഉപയോഗിച്ചാണ് ആനകളെ നിർമിച്ചത്. പത്തടി ഉയരവും 500 കിലോ ഭാരവുമുള്ള ഈ റോബോട്ടിക് ആനകളുടെ കണ്ണുകൾ, ചെവികൾ, തുമ്പിക്കൈ, വാൽ എന്നിവ ചലിക്കുന്നവയാണ്. എഴുന്നള്ളത്ത് സമയത്ത് നാലു പേർക്ക് വരെ ഇവയുടെ പുറത്തിരിക്കാൻ സാധിക്കും.

2025 മാർച്ച് ഒന്നിനും 2026 ജനുവരി രണ്ടിനും ഇടയിലുള്ള പത്ത് മാസത്തിനിടെ കേരളത്തിൽ 20 ആനകളാണ് ചരിഞ്ഞതെന്ന് വിഎഫ്എഇഎസ് പ്രവർത്തകർ പറയുന്നു. അടുത്തകാലത്തായി ഉത്സവങ്ങൾക്ക് വരുന്ന ആനകളുമായി ബന്ധപ്പെട്ട അപകടങ്ങളും പാപ്പാന്മാരുടെ ദാരുണ അന്ത്യവുമെല്ലാം നിലവിലെ രീതികൾ മാറേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണെന്ന് വിഎഫ്എഇഎസ് സ്ഥാപകയും മാനേജിങ് ഡയറക്ടറുമായ സംഗീത അയ്യർ പറഞ്ഞു. ആചാരങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ ജീവജാലങ്ങളോട് കാരുണ്യം കാണിക്കാൻ ഈ സംരംഭം സഹായിക്കുമെന്ന് നീലംകുളങ്ങര ക്ഷേത്ര സമിതി പ്രസിഡണ്ട് പി.ആർ. പുരുഷൻ പറഞ്ഞു.

റോബോട്ടിക് ആനയെ സ്പോൺസർ ചെയ്ത വോയ്സസ് ഫോർ ഏഷ്യൻ എലിഫന്റ്സ് സൊസൈറ്റി (വിഎഫ്എഇഎസ്) അംഗങ്ങൾക്ക് ഓംകാരേശ്വരം ക്ഷേത്ര സമിതി പ്രസിഡണ്ട് എൻ.ആർ. സുരേന്ദ്രൻ നന്ദി അറിയിച്ചു. നേരത്തേ തമിഴ്നാട്ടിലെ ശ്രീശങ്കരൻ കോവിലിലും തൃശൂർ ചക്കംപറമ്പ് ഭഗവതി ക്ഷേത്രത്തിലും സംഘടന റോബോട്ടിക് ആനകളെ നൽകിയിരുന്നു. നിലമ്പൂരിൽ 340 കാട്ടാനകൾക്കായി സുരക്ഷിത ഇടനാഴി ഉറപ്പാക്കാൻ നാല് ഏക്കർ ഭൂമി വിട്ടുനൽകിയതും പശ്ചിമ ബംഗാളിൽ എലിസെൻസ് എഐ സാങ്കേതികവിദ്യയിലൂടെ ട്രെയിൻ അപകടങ്ങൾ ഒഴിവാക്കിയതും സംഘടനയുടെ പ്രവർത്തനങ്ങളിൽ ചിലതാണ്.

## ശ്രീലങ്കൻ പ്രസിഡണ്ടുമായി ചർച്ച നടത്തി മോദി


ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായക കെ., യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള നയതന്ത്രബന്ധത്തിന്റെ പുരോഗതി ദിസനായകെയുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയായെന്നും ഊർജം, യാത്രാസംവിധാനം, അടിസ്ഥാന സൗകര്യം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചു സംസാരിച്ചുവെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അന്റോണിയോ ഗുട്ടെറസുമായി നടന്ന ഉഭയകക്ഷി ചർച്ചയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള മേഖലകളെക്കുറിച്ച് ആശങ്കകൾ പങ്കുവെച്ചു.

# ഫാ. മാത്യു മേലേടത്ത് ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക്സ് ഇൻ കാനഡയുടെ പുതിയ ചാപ്ലൈൻ

**ജോഷി ജോബ് പാലത്തടത്തിൽ**

ടോറൊന്റോ: കാനഡയിൽ സ്ഥിരതാമസമാക്കിയ മുഴുവൻ ക്നാനായ കത്തോലിക്കാ വിശ്വാസികൾക്കുമായി സ്ഥാപിക്കപ്പെട്ട ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക്സ് ഇൻ കാനഡ എന്ന സഭാ സംവിധാനത്തിന്റെ പുതിയ ചാപ്ലൈൻ ആയി റവ.ഫാ. മാത്യു മേലേടത്തിനെ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ consultation പ്രകാരം കാനഡയിലെ മിസ്സിസ്സാഗ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ നിയമിച്ചു.



അമേരിക്കയിലെ ന്യൂയോർക്ക് സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്യുവേയാണ് പുതിയ നിയമനം. കോട്ടയം അതിരൂപതയിലെ മടമ്പം ലൂർദ് ഫൊറോനാ ഇടവകാംഗമായ മാത്യു അച്ചൻ കോട്ടയം വടവാതൂർ സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി. 1999 ഡിസംബർ 27 -ന് മാർ കുര്യാക്കോസ് കുന്നശ്ശേരി മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിലധികമായി ഇന്ത്യയിലും അമേരിക്കയിലുമായി വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലുമായി ശുശ്രൂഷ നിർവഹിച്ചതിന്റെ അനുഭവസമ്പത്തിന്റെ ഉടമയാണ് മാത്യു അച്ചൻ. ഈ അനുഭവസമ്പത്ത് അച്ചന്റെ പുതിയ ശുശ്രൂഷയ്ക്ക് സഹായം ആയിരിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഡയറക്ടറേറ്റ് ചാപ്ലൈൻ ശുശ്രൂഷയോടൊപ്പം ടോറൊന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി, അജാക്സ് ഹോളി ഫാമിലി ക്നാനായ കത്തോലിക്കാ മിഷൻ, കാൽഗറി സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ മിഷൻ, എഡ്മണ്ടൻ സെന്റ് പയസ് ടെൻത് ക്നാനായ കത്തോലിക്കാ മിഷൻ എന്നിവയുടെ ഡയറക്ടർ ചുമതലകളും മാത്യു അച്ചൻ നിർവഹിക്കുന്നതാണ്.

## മേരി പീറ്റർ മുളവേലിപ്പുറത്ത് അന്തരിച്ചു



ചേർപ്പുങ്കൽ: മുളവേലിപ്പുറത്ത് പീറ്ററിന്റെ ഭാര്യ മേരി പീറ്റർ (69) അന്തരിച്ചു. പരേത പുന്നത്തുറ പട്ടിയാലിൽ കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൾ വടക്കാഞ്ചേരിയിൽ (സൗദി), ബിജു മുളവേലിപ്പുറത്ത്, ബിജി മുഖച്ചിറയിൽ (ആസ്ട്രേലിയ), ബിബി ജോസ് (വിനോദ്) കണിയാലിൽ (ന്യൂസിലാന്റ്), ബിബിൻ മുളവേലിപ്പുറത്ത്. മരുമക്കൾ: പരേതനായ പോൾ ജോയി, സോണിയ സിറിയക് കോട്ടൂപ്പറമ്പിൽ, ഷിജു മുഖച്ചിറയിൽ, ജോസ് ലൂക്കോസ് (വിനോദ്) കണിയാലിൽ, റെനി ബേബി അരയത്ത്.







# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



**For booking:**
**ABRAHAM THANNIKARI**
**USA - 346-632-6716**
**India - +91 815 692-0366 and +91 965 616-8399**
athannikari@hotmail.com




# കുടിയേറ്റ സഭയിൽനിന്ന് തദ്ദേശീയ സഭയിലേക്ക്; ജൂബിലി വേദിയിൽ ബിഷപ് ഏൾ കെ. ഫെർണാണ്ടസ്

**ജോർജ് അമ്പാട്ട്**

ചിക്കാഗോ: സീറോമലബാർ രൂപതയുടെ രജതജൂബിലി കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുന്നതിനായി കൊളംബസ് രൂപതയുടെ മെത്രാനായ ബിഷപ് ഏൾ കെ. ഫെർണാണ്ടസ് എത്തിച്ചേരുന്നു. അമേരിക്കയിലെ ഒരു ലാറ്റിൻ കത്തോലിക്കാ രൂപതയുടെ അദ്ധ്യക്ഷനാകുന്ന ആദ്യ ഇന്ത്യൻ വംശജനെന്ന ചരിത്രനേട്ടം കൈവരിച്ച വ്യക്തിയായ അദ്ദേഹം കുടിയേറ്റ സഭയായി ആരംഭിച്ച വിശ്വാസിസമൂഹം അമേരിക്കൻ മണ്ണിൽ തദ്ദേശീയ സഭയായി വളരേണ്ട ദിശകളെക്കുറിച്ചുള്ള തന്റെ ചിന്തകൾ പങ്കുവെക്കും.

1972 സെപ്റ്റംബർ 21-ന് ഒഹായോയിലെ ടോളിഡോയിൽ ജനിച്ച ബിഷപ് ഫെർണാണ്ടസ് മുംബൈയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിയ സിഡ്നി-തെൽമ ഫെർണാണ്ടസ് ദമ്പതികളുടെ അഞ്ച് മക്കളിൽ നാലാമനാണ്. തുടക്കത്തിൽ വൈദ്യശാസ്ത്രം പഠിക്കണമെന്ന ആഗ്രഹത്തോടെ യൂണിവേഴ്സിറ്റി ഓഫ് സിൻസിനാറ്റി കോളജ് ഓഫ് മെഡിസിനിൽ രണ്ട് വർഷം പഠിച്ചെങ്കിലും പിന്നീട് ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരിയിൽ ചേർന്നു. റോമിലെ ആൽഫോൺസിയൻ അക്കാദമിയിൽ നിന്ന് മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം 2002 മെയ് 18-ന് സിൻസിനാറ്റി അതിരൂപതയ്ക്കായി വൈദികനായി പട്ടം സ്വീകരിച്ചു. 2022 മെയ് 31-ന് കൊളംബസ് രൂപതയുടെ പതിമൂന്നാമത് മെത്രാനായി അഭിഷിക്തനായപ്പോൾ അമേരിക്കയിലെ ഏറ്റവും പ്രായംകുറഞ്ഞ രൂപതാ മെത്രാന്മാരിൽ ഒരാളായും അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു.

ഇംഗ്ലീഷിനൊപ്പം സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യമുള്ള ബിഷപ് ഫെർണാണ്ടസ്, അമേരിക്കൻ കത്തോലിക്കാ മെത്രാൻ സമിതിയിലെ വിവിധ കമ്മിറ്റികളിൽ അംഗമായും വാഷിങ്ടൺ ഡിസിയിലെ വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ സേവനനുഷ്ഠിച്ചിട്ടുണ്ട്. ആത്മീയ വിഷയങ്ങളിലും ധാർമ്മിക ദൈവശാസ്ത്രത്തിലും ആഴമുള്ള അറിവും വ്യക്തമായ അവതരണശൈലിയും അദ്ദേഹത്തെ ശ്രദ്ധേയനായ പ്രഭാഷകനും എഴുത്തുകാരനുമായി മാറ്റിയിട്ടുണ്ട്.

2026 ജൂലൈ 10-ന് രാവിലെ 11.15-ന് ചിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന രജതജൂബിലി കൺവൻഷനിൽ 'How to evolve from a transplant to a fullynative church' എന്ന വിഷയത്തിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും. കുടിയേറ്റസഭ എന്ന നിലയിൽ നിന്ന് അമേരിക്കൻ മണ്ണിൽ തദ്ദേശീയ സഭയായി സീറോമലബാർ സമൂഹം വളരേണ്ട വഴികളെക്കുറിച്ചായിരിക്കും അദ്ദേഹത്തിന്റെ സന്ദേശം. ഈ സെഷനോടനുബന്ധിച്ച് വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന സംവാദ വേദിയും ഒരുക്കിയിട്ടുണ്ട്. വി. ജോർജ് മാളിയേക്കൽ മോഡറേറ്ററായി പ്രവർത്തിക്കുന്ന ഈ പാനൽ ചർച്ചയിൽ ഫാ. രാജീവ് വലിയവീട്ടിൽ, കമ്യൂണിറ്റി ലീഡർ ആനി നെല്ലിക്കുന്നേൽ, ഫിസിഷ്യൻ ഡോ. മനോജ് ഏബ്രഹാം, പ്രഫസർ ഡോ. ജൈസി ജോസഫ്, കോളജ് വിദ്യാർത്ഥിനി ജൊവാൻ ആന്റണി എന്നിവർ പങ്കെടുക്കും. തലമുറകൾക്കിടയിലെ വിശ്വാസാനുഭവങ്ങളും സമൂഹത്തിന്റെ ഭാവിദിശയും പങ്കുവെക്കുന്ന ആശയവിനിമയ വേദിയായിരിക്കും ഈ സംവാദം.




ജൂബിലി ആഘോഷങ്ങളോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ഈയവസരത്തിൽ ആചരിക്കുന്നു. ചിക്കാഗോ നഗരഹൃദയത്തിലെ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലും അതിനോടു ചേർന്ന മൂന്ന് ഹോട്ടലുകളിലും ആയിട്ടാണ് നാല് ദിവസങ്ങിലായി മഹാകൺവൻഷൻ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ 25 വർഷങ്ങളിലായി അമേരിക്കയിൽ സീറോമലബാർ രൂപത കൈവരിച്ച ആത്മീയ വളർച്ചയും ദൈവകൃപയും ഓർക്കുന്നതിനോടൊപ്പം ഭാവിയെ വിശ്വാസത്തോടും പ്രതീക്ഷയോടും നോക്കിക്കാണുന്നതിനുള്ള വേദിയായാണ് ഈ സംഗമം ഒരുക്കുന്നത്. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധനയും ആഴമുള്ള വിഷയാവതരണങ്ങളും കുടുംബ-യുവജന സെഷനുകൾ, സംഘടനാ കൂട്ടായ്മകൾ, കലാപരിപാടികളും മത്സരങ്ങളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന പരിപാടികളാണ് കൺവൻഷനിൽ ഒരുക്കിയിരിക്കുന്നു.


അമേരിക്കയുടെ വിവിധ ഭാഗങ്ങളിലായി കഴിയുന്ന എല്ലാ സീറോമലബാർ വിശ്വാസികളും ഈ വിശ്വാസസംഗമത്തിൽ പങ്കെടുക്കമെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് തന്റെ സന്ദേശത്തിൽ അഭ്യർത്ഥിച്ചു. കൂടുതൽ വിവരങ്ങൾക്കും കൺവൻഷൻ രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടറായി ശശിധരൻ നായരെ തെരഞ്ഞെടുത്തു

**ജോർജ് എം. കാക്കനാട്ട്**

ഹൂസ്റ്റൺ: സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി മുതിർന്ന ബിസിനസ് ലീഡറും ഫോമായുടെ സ്ഥാപക പ്രസിഡണ്ടുമായ ശശിധരൻ നായരെ തെരഞ്ഞെടുത്തു.

1990-കളുടെ തുടക്കത്തിൽ തന്നെ ഹൂസ്റ്റണിൽ ബിസിനസ് സംരംഭങ്ങൾ വിജയകരമായി വിപുലീകരിച്ച ആദ്യകാല മലയാളികളിൽ ഒരാളാണ് ശശിധരൻ നായർ. ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ അങ്ങേയറ്റം ആദരിക്കപ്പെടുന്ന അദ്ദേഹം മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ (മാഗ്) പ്രസിഡണ്ട്, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ബിൽഡിങ് കമ്മിറ്റി ചെയർ തുടങ്ങിയ വിവിധ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യൻ-അമേരിക്കൻ സമൂഹവും മുഖ്യധാരാ അമേരിക്കൻ സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.



അമേരിക്കയിൽ ബിസിനസ് രംഗത്തേക്ക് കടന്നുവരാനും തൊഴിൽപരമായും വ്യക്തിപരമായും വിജയം കൈവരിക്കാനും നിരവധി പേർക്ക് അദ്ദേഹം മാർഗദർശിയായിട്ടുണ്ട്. ജീവകാരുണ്യരംഗത്തും സജീവസാന്നിദ്ധ്യമായ ശശിധരൻ നായർ, കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനുമായി നിരവധി സംഭാവനകൾ നല്കിവരുന്നു.

ശശിധരൻ നായരുടെ നേതൃത്വം ചേംബറിന്റെ പ്രവർത്തനങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കാനും സമൂഹത്തിനു പ്രയോജനപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാനും സഹായിക്കുമെന്ന് ചേംബർ പ്രസിഡണ്ട് ഡോ. ജോർജ് എം. കാക്കനാട്ട് പറഞ്ഞു.

അദ്ദേഹത്തിന്റെ ദീർഘകാലത്തെ ബിസിനസ് അനുഭവങ്ങളും സാമൂഹിക ഇടപെടലുകളും സംഘടനയ്ക്ക് മുതൽക്കൂട്ടാകുമെന്ന് വൈസ് പ്രസിഡണ്ട് ജോമോൻ ഇടയാടിയിൽ തന്റെ ആശംസാ സന്ദേശത്തിൽ അറിയിച്ചു. ശശിധരൻ നായരുടെ നേതൃത്വത്തിൽ ചേംബറിന് വൻ വളർച്ചയും സഹകരണവും സാദ്ധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേൽക്കുന്ന ശശിധരൻ നായരെ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് സ്വാഗതം ചെയ്തു.

# സെ. മേരീസ് ഇടവകയിൽ സ്ഥാനമൊഴിഞ്ഞ എക്സിക്യൂട്ടീവിന് ആദരം

**റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സ്ഥാനമൊഴിഞ്ഞ എക്സിക്യൂട്ടീവിനെ ആദരിച്ചു. കഴിഞ്ഞ നാല് വർഷമായി ട്രസ്റ്റി കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിരുന്ന സാബു കട്ടപ്പറം, കഴിഞ്ഞ രണ്ടു വർഷമായി കൈക്കാരന്മാരായി സേവനമനുഷ്ഠിച്ചിരുന്ന ബിനു പൂത്തുറയിൽ, ജോർജ് മറ്റത്തിപ്പറമ്പിൽ ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ട് എന്നിവരെയും പബ്ലിക് റിലേഷൻ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന അനിൽ മറ്റത്തിക്കുന്നേലിനെയും ആണ് ആദരിച്ചത്.



ഫെബ്രുവരി 15-ന് ഞായറാഴ്ച 10 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കു ശേഷം വികാരി ഫാ. സിജു മുടക്കോടിലിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സ്ഥാനമൊഴിഞ്ഞ ഓരോരുത്തരുടെയും പ്രവർത്തനങ്ങളെ അച്ചൻ അനുസ്മരിക്കുകയും ഇടവകയുടെ ആദരത്തിന്റെ പ്രതീകമായി ഫലകം സമ്മാനിക്കുകയും ചെയ്തു. ഇവരുടെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി ഒപ്പമുണ്ടായിരുന്ന ഇവരുടെ ജീവിതപങ്കാളികളെയും യോഗത്തിൽ പ്രത്യേകം അനുസ്മരിച്ചു.

സ്ഥാനമൊഴിഞ്ഞ ഭാരവാഹികളെ പ്രതിനിധീകരിച്ച് സാബു കട്ടപ്പുറം തന്റെ മറുപടി പ്രസംഗത്തിൽ തങ്ങളുടെ കാലയളവിൽ എല്ലാ പ്രവർത്തനങ്ങൾക്കും നിസ്സീമമായ സഹകരണം നല്കിയ വിവിധ വൈദികർ, സിസ്റ്റേഴ്സ്, പാരിഷ് കൗൺസിൽ, സർവോപരി എല്ലാ ഇടവക ജനങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തി.

ചടങ്ങുകൾക്ക് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ കൈക്കാരന്മാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശേരി, ഫെലിക്സ് പാലകൻ എന്നിവരും സണ്ണി മേലേടം, സിസ്റ്റർ ശാലോം, റോയി ചേലമലയിൽ എന്നിവരും നേതൃത്വം നല്കി.

# റവ.ഫാ. പത്രോസ് ചമ്പക്കരയ്ക്ക് യാത്രയയപ്പ് നല്കി

ബിജി സൈമൺ



ടോറൊന്റോ: കാനഡയിലെ വിവിധ പ്രോവിൻസുകളിലായി താമസിക്കുന്ന മുഴുവൻ ക്നാനായ കത്തോലിക്കാ വിശ്വാസികളെ ഒരു കുടക്കീഴിലാക്കിക്കൊണ്ട് 'ദി ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക്സ് ഇൻ കാനഡ' എന്ന സഭാസംവിധാനം സ്ഥാപിക്കുകയും ഡയറക്ടറേറ്റിന്റെ പേരിൽ കാനഡയിലെ പ്രഥമ ക്നാനായ കത്തോലിക്കാ ദേവാലയം സ്വന്തമാക്കാൻ നേതൃത്വം കൊടുക്കുകയും വിവിധ പ്രോവിൻസുകളിൽ ക്നാനായ കത്തോലിക്കർക്കായി ഇടവകകളും മിഷനുകളും കൂടാരയോഗങ്ങളും ആരംഭിക്കുകയും ചെയ്ത പത്രോസ് ചമ്പക്കര അച്ചന് ക്നാനായ കത്തോലിക്കാ വിശ്വാസികൾ സ്നേഹോഷ്മളമായ യാത്രയയപ്പ് നല്കി.

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കാനഡയിലെ മിസ്സിസ്സാഗ സീറോമലബാർ രൂപതയുടെ മുഖ്യ വികാരിജനറൽ, ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക്സ് ഇൻ കാനഡയുടെ ചാപ്ലെൻ, ടോറൊന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി, അജാക്സ് ഹോളി ഫാമിലി ക്നാനായ കത്തോലിക്കാ മിഷൻ ഡയറക്ടർ, ലണ്ടൻ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിന്റെ ആരംഭകൻ, പ്രഥമ വികാരി എന്നീ നിലകളിൽ സ്തുത്യർഹമായ ശുശ്രൂഷകൾ നിർവഹിച്ചതിനു ശേഷമാണ് പത്രോസ് അച്ചൻ അമേരിക്കയിലെ ന്യൂയോർക്ക് സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോന വികാരിയായി സ്ഥലംമാറി പോകുന്നത്.

ടോറൊന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ നേതൃത്വത്തിൽ ഫെബ്രുവരി 15-ന് ഞായറാഴ്ച കുർബാനയോടുകൂടി നടത്തപ്പെട്ട യാത്രയയപ്പ് സമ്മേളനത്തിൽ ഡയറക്ടറേറ്റ് ചെയർമാൻ റോയ് പുത്തൻകുളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടോറൊന്റോ അതിരൂപതാ മുൻ ക്ലർജി പേഴ്സൺ റവ. മോൺ. തോമസ് കളാരത്തിലും ഇപ്പോൾ ടോറൊന്റോ അതിരൂപതയിൽ സേവനം ചെയ്യുന്നതും സെന്റ് മേരീസ് ക്നാനായ മിഷന്റെ പ്രഥമ ചാപ്ലെനുമായിരുന്ന റവ.ഫാ. ജോർജ് പാറയിലും ചേർന്നു പൊന്നാട അണിയിച്ച് ആദരിച്ചു. ചെയർമാന്റെ നേതൃത്വത്തിൽ നിലവിലെയും മുൻ ഡയറക്ടറേറ്റ് ബോർഡ് അംഗങ്ങളും ചേർന്നു മൊമെന്റോ നല്കി സ്ഥാപക ചാപ്ലെനോടുള്ള നന്ദി അറിയിച്ചു. അന്നമ്മ ആകശാലയിൽ ഇടവകയുടെ മൊമെന്റോയും കൈക്കാരന്മാരായ ബിജു തടത്തിലും സിജു മുടക്കിച്ചാലിലും ചേർന്ന് ഉപഹാരവും നല്കി.

ഇടവകയിൽ പ്രവർത്തിക്കുന്ന വിവിധ മിനിസ്ട്രികളെ പ്രതിനിധീകരിച്ച് ലിൻസ് മരങ്ങാട്ടിൽ, ബിജി സൈമൺ, റെജിന ജോർജ്, അന്ന രാജു, ഹെലൻ ഷിബി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. മറുപടി പ്രസംഗത്തിൽ പത്രോസ് അച്ചൻ കഴിഞ്ഞ പത്തുവർഷത്തെ ശുശ്രൂഷനിർവഹണത്തിൽ തന്നെ സഹായിച്ച എല്ലാവർക്കും ഹൃദയപൂർവം നന്ദി അറിയിക്കുകയുണ്ടായി. സമ്മേളനത്തിൽ സിജു മുടക്കിച്ചാലിൽ സ്വാഗതവും ബിജു തടത്തിൽ നന്ദിയും പറഞ്ഞു. മാസ്റ്റർ ഓഫ് സെറിമണി നിർവഹിച്ചത് ടെസ്സാ ടോം, ജോൺവിയാ ജോൺ എന്നിവരാണ്.

ഇടവകയുടെ ക്വയർ അംഗങ്ങൾ ആലപിച്ച അനുമോദന ഗാനത്തോടെ മീറ്റിങ് സമാപിച്ചു.















# റവ. ഫാ. പത്രോസ് ചമ്പക്കരയ്ക്ക് ഊഷ്മളമായ യാത്രയയപ്പ്

അജാക്സ്: ഹോളി ഫാമിലി ക്നാനായ കത്തോലിക്കാ മിഷൻ അജാക്സ് ഇടവക വികാരി റവ.ഫാ. പത്രോസ് ചമ്പക്കരയ്ക്ക് ഫെബ്രുവരി 15 -ന് ഞായറാഴ്ച ഇടവകാംഗങ്ങൾ സ്നേഹാദരങ്ങളോടെ യാത്രയയപ്പ് നല്കി. കഴിഞ്ഞ പത്തു വർഷക്കാലം കാനഡയിലെ ക്നാനായ മക്കളുടെ ആത്മീയ ഉണർവിനും സാമുദായിക അടിത്തറയുടെ കെട്ടുറപ്പിനും വേണ്ടി അച്ചൻ നല്കിയ സംഭാവനകളോടുള്ള സ്നേഹത്തിൽ ചാലിച്ച നന്ദിപ്രകാശനത്തിന്റെ നേർസാക്ഷ്യമായിരുന്നു ഈ യാത്രയയപ്പ് സമ്മേളനം.

പത്തുവർഷം മുമ്പ് അച്ചൻ കാനഡയിൽ എത്തുമ്പോൾ പ്രത്യേകിച്ച്

**സന്തോഷ് മേക്കര**

സഭാസംവിധാനങ്ങൾ ഇല്ലാതിരുന്ന കോട്ടയം രൂപതയുടെ മക്കൾക്കു വേണ്ടി, അത് മനസ്സിലാക്കി ദൃഢനിശ്ചയത്തോടും ദീർഘവീക്ഷണത്തോടും അർപ്പണ മനോഭാവത്തോടും കൂടി പ്രവർത്തിച്ചതിന്റെ ഫലമായി കാനഡയിൽ ഒരു ക്നാനായ ഡയറക്ടറേറ്റ് സ്ഥാപിക്കുവാൻ സാധിച്ചു എന്നുള്ളത് പത്രോസ് അച്ചന്റെ കിരീടത്തിലെ ഒരു പൊൻതൂവലായി ചരിത്രതാളുകളിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. ആ ക്നാനായ ഡയറക്ടറേറ്റിന്റെ കീഴിൽ വിവിധ പ്രൊവിൻസുകളിലായി നിരവധി മിഷനുകൾ സ്ഥാപിക്കുവാൻ സാധിച്ചു എന്നു മാത്രമല്ല സ്വന്തമായൊരു ക്നാനായ ദേവാലയം എന്ന ക്നാനായ മക്കളുടെ ചിരകാല സ്വപ്നം സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയം എന്ന നാമത്തിൽ ലണ്ടൻ, ഒന്റാറിയോയിൽ സാദ്ധ്യമാക്കുവാൻ പത്രോസ് അച്ചന്റെ ദൈവത്തിൽ ആശ്രയിച്ചുള്ള നിശ്ചയദാർഢ്യത്തിനു സാധിച്ചു എന്നുള്ളതും കാനഡയിലെ ക്നാനായ മക്കളെ സംബന്ധിച്ച് അവിസ്മരണീയമായ മുഹൂർത്തങ്ങളാണ്. അനവധി പ്രതിസന്ധികൾ നേരിട്ടപ്പോഴും സമുദായത്തെ കെട്ടിപ്പടുക്കുന്നതിൽ നിന്ന് അണുവിട പിന്നോട്ടു പോകാതെ ക്നാനായ മക്കൾക്കു വേണ്ടിയുള്ള അച്ചന്റെ പ്രയാണം ചരിത്രത്താളുകളിൽ സുവർണ ലിപികളിൽ ആലേഖനം ചെയ്യപ്പെടും എന്ന് ക്നാനായ മക്കൾ ഒരേ സ്വരത്തിൽ സാക്ഷ്യപ്പെടുത്തി.

സമ്മേളനത്തിൽ ക്നാനായ ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ച് കൈക്കാരന്മാരായ ജോമി ജോസ് കാവുമ്പുറം, സ്റ്റീഫൻ ജെയിംസ് വല്ലിശ്ശേരിക്കെട്ടിൽ, സെക്രട്ടറി ക്രിസ്റ്റിൻ മാത്യൂസ് പണ്ടാരശ്ശേരിൽ, അക്കൗണ്ടന്റ് സജോ കുര്യൻ നീലനിരപ്പേൽ, ബിബു ഏബ്രഹാം കണ്ണങ്കര പുത്തൻപുരയിൽ, ഫിയോന സൈമൺ മണ്ണാത്തുമാക്കിൽ, ലിസി തോമസ് ചാലിൽ, സിജു സ്റ്റീഫൻ മുളയിങ്കൽ, ജൂബിൻ ജോസ് കാറ താനത്ത് എന്നിവർ പ്രസംഗിച്ചു.









# ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ സ്നേഹാദരവുകൾ

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിലിന്റെ ഫെബ്രുവരി മീറ്റിങ്ങിൽ അമേരിക്കൻ യാക്കോബായ ഭദ്രാസനം, ഓക്പാർക്ക് സെന്റ് ജോർജ് പള്ളിയിലെ സീനിയർ വൈദികൻ വെരി റവ. ഫാ. മാത്യു കരുത്തലക്കൽ കോർ എപ്പിസ്കോ

**ഡീക്കൻ ജോർജ് കുര്യൻ/ജോൺസൺ വള്ളിയിൽ**

പ്പയെ പൊന്നാട അണിയിച്ചു സ്വീകരിച്ചു.

തദവസരത്തിൽ കൗൺസിൽ പ്രസിഡണ്ട് റവ. ബിജു യോഹന്നാൻ, റവ.ഡോ. മാത്യു ഇടിക്കുള, റവ. ജോ വർഗീസ് മലയിൽ, ജോർജ് പണിക്കർ എന്നിവർ ആശംസകളറിയിച്ചു.

തന്റെ മറുപടി പ്രസംഗത്തിൽ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വളരെ അനുമോദനങ്ങൾ അർഹിക്കുന്നതും ഇതിന്റെ നന്മപ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്തി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു എന്നും കോർ എപ്പിസ്കോപ്പ അറിയിച്ചു.

മീറ്റിങ്ങിലേക്കുള്ള സ്വാഗതവാക്കുകൾ റവ. ആശിഷ് തോമസ് നല്കുകയും കൃതജ്ഞത സെക്രട്ടറി ബെഞ്ചമിൻ തോമസും നിർവഹിച്ചു. പ്രാർത്ഥനയ്ക്കു ശേഷം സ്നേഹസൽക്കാരത്തോടെ മീറ്റിങ് പര്യവസാനിച്ചു.



# മോഹൻലാൽ ലൈവ് സ്റ്റേജ്ഷോ 'കിലുക്കം–25' ഏപ്രിൽ 17–ന് ഹൂസ്റ്റണിൽ

ഹൂസ്റ്റൺ: ഇന്ത്യൻ സിനിമയുടെ ഇതിഹാസ നടൻ മോഹൻലാലിനെ ആദരിച്ച് സംഘടിപ്പിക്കുന്ന കിലുക്കം -25 മോഹൻലാൽ ലൈവ് സ്റ്റേജ്ഷോ 2026 ഏപ്രിൽ 17-ന് ടെക്സസിലെ ഷുഗർലാൻഡിലുള്ള സ്മാർട്ട് ഫിനാൻഷ്യൽ സെന്ററിൽ വെച്ച് നടക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ പ്രീമിയം ലൈവ് സ്റ്റേജ് ഷോ അമേരിക്കയിലുടനീളമുള്ള ആയിരക്കണക്കിന് ആരാധകരെ ഒരുമിച്ചു കൊണ്ടുവരുന്ന വൻ സാംസ്കാരിക ഉത്സവമായിരിക്കും. ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ സംഘടിപ്പിക്കുന്ന കിലുക്കം-25, വിൻസർ ഹോം ലെൻഡിംഗിന്റെ സഹകരണത്തോടെയാണ് നടക്കുന്നത്. വിൻസർ എന്റർടൈൻമെന്റ്സാണ് പരിപാടിയുടെ മാനേജ്മെന്റ്.

'കിലുക്കം-25' മോഹൻലാൽ ലൈവ് സ്റ്റേജ്ഷോയിൽ ഇന്ത്യൻ സിനിമയുടെ ഇതിഹാസനടൻ മോഹൻലാലിനൊപ്പം മനോജ് കെ. ജയൻ, സ്റ്റീഫൻ ദേവസി, ജ്യോത്സ്ന, ഭാമ, നോബി, കുട്ടി അഖിൽ, അപർണ മൾബറി, രമ്യ, ബ്രൂസ്‌ലീ, ബാലമുരളി, ശ്യാംപ്രസാദ് എന്നിവരടങ്ങുന്ന താരനിര അണിനിരക്കും. സംഗീതം, നൃത്തം, കോമഡി, അഭിനയവൈഭവം എന്നിവ ഒരുമിച്ചു ചേർന്ന ഒരു ഗ്രാൻഡ് ലൈവ് സ്റ്റേജ് ഷോ ആയിരിക്കും ഈ പരിപാടിയെന്ന് സംഘാടകർ അറിയിച്ചു.

സംഗീതസംവിധായകൻ സ്റ്റീഫൻ ദേവസി, മനോജ് കെ. ജയൻ ഉൾപ്പെടെയുള്ള പ്രമുഖ കലാകാരന്മാരുടെ പങ്കാളിത്തത്തോടെയും നടക്കുന്ന ഈ പരിപാടി 2026 ഏപ്രിൽ 17-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിക്കും. അമേരിക്കയിലെ മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത സാംസ്കാരിക ആഘോഷമായി ഈ വേദി മാറുമെന്ന് സംഘാടകർ അറിയിച്ചു.

മലയാള സിനിമയുടെ അഭിമാന താരമായ മോഹൻലാലിന്റെ കലാജീവിതം ആഘോഷിക്കുന്ന ഈ പരിപാടി വിനോദം, സംസ്കാരം, സമൂഹസൗഹൃദം എന്നിവയുടെ മനോഹരമായ സംഗമമായി മാറും. ടെക്സസും സമീപസംസ്ഥാനങ്ങളും ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളി സമൂഹത്തെ ഒരേ വേദിയിൽ ഒന്നിപ്പിക്കുന്ന പരിപാടിയായി ഇതു മാറുമെന്ന് സംഘാടകർ വ്യക്തമാക്കി.

ആധുനിക സൗകര്യങ്ങളോടു കൂടിയ മികച്ച ശബ്ദ-ദൃശ്യ സംവിധാനങ്ങളുള്ള സ്മാർട്ട് ഫിനാൻഷ്യൽ സെന്ററിൽ ഏകദേശം 6000-ത്തിലധികം പ്രേക്ഷകർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടുംബങ്ങൾ, പ്രൊഫഷണലുകൾ, വ്യവസായികൾ, സമൂഹ നേതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവരടങ്ങുന്ന വൈവിധ്യമാർന്ന പ്രേക്ഷകസമൂഹം ഈ പരിപാടിയുടെ പ്രത്യേകതയായിരിക്കും.

ഈ മഹത്തായ പരിപാടിയോടനുബന്ധിച്ച് വിവിധ സ്പോൺസർഷിപ്പ് പാക്കേജുകളും സംഘാടകർ പ്രഖ്യാപിച്ചിട്ടുണ്ട്. ടൈറ്റിൽ സ്പോൺസർ, പ്രസന്റിംഗ് സ്പോൺസർ, മെഗ, പ്ലാറ്റിനം, ഗോൾഡ്, സിൽവർ തുടങ്ങിയ വിഭാഗങ്ങളിലായി വിവിധ ബജറ്റുകൾക്ക് അനുയോജ്യമായ അവസരങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

സ്റ്റേജ് ബ്രാൻഡിംഗ്, എൽഇഡി സ്ക്രീൻ പരസ്യങ്ങൾ, സോഷ്യൽമീഡിയ പ്രചാരണം, ബാനറുകൾ, സ്റ്റാളുകൾ, സുവനിയർ പരസ്യങ്ങൾ, ടിക്കറ്റ് ബ്രാൻഡിംഗ്, സ്റ്റേജ് പരാമർശങ്ങൾ എന്നിവയിലൂടെ സ്പോൺസർമാർക്ക് വലിയ ദൃശ്യപ്രചാരവും ബ്രാൻഡ് അംഗീകാരവും ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.

പരിപാടിക്ക് മുൻപും ശേഷവും ഡിജിറ്റൽ മീഡിയയിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വ്യാപകമായ പ്രചാരണം നടത്തുമെന്നും ഇതുവഴി സ്പോൺസർമാർക്ക് ദീർഘകാല ബ്രാൻഡ് ദൃശ്യത ഉറപ്പാക്കുമെന്നും സംഘാടകസമിതി വ്യക്തമാക്കി. സ്പോൺസർ ബൂത്തുകൾ, ഉല്പന്ന പ്രദർശനങ്ങൾ, കോ-ബ്രാൻഡഡ് ഉള്ളടക്കങ്ങൾ തുടങ്ങിയവയിലൂടെ പ്രത്യേക ബ്രാൻഡ് ആക്ടിവേഷൻ അവസരങ്ങളും ഒരുക്കിയിട്ടുണ്ട്.

സ്പോൺസർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും പങ്കാളിത്തത്തിനുമായി താല്പര്യമുള്ളവർ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഹൂസ്റ്റൺ, സ്പോൺസർഷിപ്പ് കമ്മിറ്റിയുമായി ബന്ധപ്പെടണമെന്ന് സംഘാടകർ അറിയിച്ചു.

ബന്ധപ്പെടേണ്ടവർ: ഫാ. ഡോ. ഐസക് ബി. പ്രകാശ് (വികാരി)-(832) 997-9788, ഫാ. ജോൺസൺ പുഞ്ചക്കോണം (അസി. വികാരി)-(346) 332-8889, ഫാ. ടെജി ഏബ്രഹാം (അസി. വികാരി)-(469) 644-2800, തോമസ് പണിക്കർ (ട്രഷറർ)-(832) 539-3843, മനോജ് മാത്യു (സെക്രട്ടറി)-(281) 226-0499, ഡോ. സക്കറിയ തോമസ് (ഷാജു)-(832) 643-9942 (ജനറൽ കൺവീനർ).

മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക അഭിമാനവും ആഘോഷിക്കുന്ന ഈ മഹത്തായ പരിപാടി, അമേരിക്കയിലെ മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത അനുഭവമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.




## ഡാളസ് ഇടവക യംങ് കപ്പിൾസ് കൂട്ടായ്മ 28–ന്

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ യംങ് കപ്പിൾസിന്റെ രണ്ടാമത് സംഗമം ഫെബ്രുവരി 28-ന് ശനിയാഴ്ച വൈകിട്ട് 6-ന് ആരംഭിക്കും. അമ്പത് നോമ്പിന്റെ നിറവിൽ നോമ്പുകാല ചിന്തകൾ വികാരി ഫാ. ബിൻസ് ചേത്തലിൽ പങ്കുവെക്കും. തുടർന്ന് പൊതുചർച്ചകളും ഭാവി പരിപാടികളും അവതരിപ്പിക്കും.





അന്നേദിവസം യംങ് കപ്പിൾസ് ഒന്നിച്ചുള്ള പുതുമയാർന്ന വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. യംങ് കപ്പിൾസിന്റെ കുട്ടികൾക്കായി യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക കൂട്ടായ്മയും സംഘടിപ്പിക്കും. ഏവർക്കും പ്രത്യേകമായി സ്നേഹവിരുന്നും ക്രമീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ രജിസ്ട്രേഷനും പ്ലാനിങ്ങുകളും നടന്നുവരുന്നു.

## ജേക്കബ് കരികുളത്തിലിന്റെ 'നോക്കൂ, ഇവിടെ ഞാൻ തനിച്ചാണ്' ആദ്യബുക്ക് പ്രകാശനം ചെയ്തു

കൈപ്പുഴ: ജേക്കബ് കരികുളത്തിലിന്റെ ആദ്യബുക്കായ 'നോക്കൂ, ഇവിടെ ഞാൻ തനിച്ചാണ്' മുതിർന്ന മാധ്യമപ്രവർത്തകൻ സി.എൽ. തോമസ് കൈപ്പുഴയിൽ പ്രകാശനം ചെയ്തു. ടോം കരികുളം ആദ്യകോപ്പി ഏറ്റുവാങ്ങി.

സോഷ്യൽ മീഡിയയിലും ഓൺലൈൻ മാധ്യമങ്ങളിലും കഥകളും ലേഖനങ്ങളും എഴുതിവരുന്ന ജേക്കബിന്റെ ആദ്യബുക്കാണ് പുറത്തിറങ്ങിയത്. സമസ്യ പബ്ലിക്കേഷൻ ആണ് ബുക്ക് പുറത്തിറക്കിയത്. ജേക്കബ് കൈപ്പുഴ ഇടവകാംഗമാണ്. ഭാര്യ ലിത. മക്കൾ: കെവിൻ, സാറ.



കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# ജീവകാരുണ്യം, സംഘാടനം; ഫോമാ ലോക മാതൃക: ബേബി മണക്കുന്നേൽ (ഫോമാ പ്രസിഡന്റ്)

അഭിമുഖം



അനിൽ പെണ്ണുക്കര

ഫോമായുടെ തുടക്കം മുതൽ സംഘടനയെ നയിച്ച പ്രസിഡന്റുമാരും ഒപ്പം നിന്ന കമ്മിറ്റിയും ഫോമായുടെ വളർച്ചയിൽ വലിയ സംഭാവനകൾ നൽകിയ വ്യക്തിത്വങ്ങളാണ്. ജീവകാരുണ്യ പ്രവർത്തനം, സംഘനയുടെ വളർച്ച എന്നിവയിൽ ശ്രദ്ധയൂന്നിയ അവരുടെ പ്രവർത്തനങ്ങളെല്ലാം ചുരുങ്ങിയ കാലംകൊണ്ട് മലയാളികളുടെ ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തിട്ടുണ്ട്. 2024 – 2026 കാലയളവിൽ ഫോമായെ നയിക്കുവാനെത്തിയത് ഫോമയുടെ തുടക്കം മുതൽ ഒപ്പമുണ്ടായിരുന്ന ബേബി മണക്കുന്നേൽ ആണ്. ഫോമായുടെ സൗമ്യ മുഖമുള്ള സംഘാടകൻ എന്നത് മാത്രമല്ല അദ്ദേഹത്തിന്റെ പ്രത്യേകത. തെരഞ്ഞെടുപ്പ് സമയത്ത് അമേരിക്കൻ മലയാളികൾക്ക് മുൻപിൽ വെച്ച തന്റെ ടീമിന്റെ പദ്ധതികൾ ഓരോന്നായി നടപ്പിലാക്കി ഒരു അന്താരാഷ്ട്ര കൺവൻഷൻ ഹൂസ്റ്റണിൽ നടത്തുവാനുള്ള തയ്യാറെടുപ്പിലാണ് അദ്ദേഹം. ഫോമായുടെ രണ്ട് വർഷത്തെ പ്രവർത്തന വിജയത്തെക്കുറിച്ച് അദ്ദേഹം കേരളാ എക്സ്പ്രസ്സിനോട് മനസ് തുറക്കുന്നു.

**ചോദ്യം: അമ്മയിൽ നിന്ന് തുടങ്ങാം – എന്താണ് അമ്മയോടൊപ്പം?**

അമ്മയെ കരുതിയാൽ എല്ലാമായി എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ആ ചിന്തയിൽ നിന്നാണ് 'അമ്മയോടൊപ്പം' പദ്ധതിക്ക് തുടക്കം. അമ്മയെ, അമ്മയുടെ നന്മയെ കൂടുതൽ ഓർമ്മിക്കുക എപ്പോഴും പ്രവാസികളാവും – കാരണം അടുത്തില്ലാത്ത അമ്മയെ കുറിച്ചാണല്ലോ ചിന്തിക്കുക. ജന്മ നാടിനോടുള്ള പ്രതിബദ്ധത അമ്മയിലൂടെ ആകട്ടെ എന്ന് ചിന്തിച്ചതിന്റെ ഫലമായി എന്റെ ജന്മനാടായ പിറവത്ത് രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ നേതൃത്വത്തിൽ 14 വർഷം മുൻപാണ് അമ്മയോടൊപ്പം എന്ന പദ്ധതിക്ക് തുടക്കമിട്ടത്. എന്നാൽ ഞാൻ ഫോമായുടെ പ്രസിഡന്റായ സമയത്ത് കഴിഞ്ഞ രണ്ട് വർഷമായി ഫോമായും ഈ പദ്ധതിയിൽ പങ്കാളിയായി. ലോകത്ത് തന്നെ വളരെ ശ്രദ്ധേയമായ ഒരു ജീവകാരുണ്യ പദ്ധതിയാണിത്. ഈ പദ്ധതിയിൽ നിർദ്ധനരായ വിധവകളായ അമ്മമാർക്ക് പുതു വർഷ സമ്മാനമായി കൈനീട്ടം, ധാന്യക്കിറ്റ്, വസ്ത്രം, മെഡിക്കൽ കിറ്റ്, സ്നേഹ വിരുന്ന് എന്നിവ നൽകി ആദരിച്ചു. ഏതാണ്ട് ആയിരത്തോളം അമ്മമാരെ ഈ പദ്ധതിയുടെ ഭാഗമാക്കി. ഈ ഒരു പദ്ധതി ഫോമായ്ക്കും വ്യക്തിപരമായി എനിക്കും നൽകിയ കരുത്ത് ചെറുതല്ല. അമ്മയിൽ നിന്നുള്ള തുടക്കം ഫോമായ്ക്കും മറ്റുള്ളവർക്കും ഒരു പ്രചോദനമായിരിക്കും എന്നതിൽ സംശയമില്ല.

**വൻ വിജയമായ ഫോമാ കേരളാ കൺവൻഷനും, അനുബന്ധമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?**

പ്രവാസി മലയാളി സംഘടനാ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതപ്പെട്ട കേരളാ കൺവൻഷനായിരുന്നു കോട്ടയത്തും എറണാകുളത്തുമായി നടന്നത്. 2026 ജനുവരി 9, 10 തീയതികളിൽ നടത്തപ്പെട്ട കൺവൻഷൻ വൻ വിജയമായിരുന്നു. ജനുവരി മൂന്നു മുതൽ പതിനൊന്നു വരെ കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ വ്യത്യസ്തങ്ങളായ ജീവകാരുണ്യ പദ്ധതികളും സാംസ്കാരിക, ബിസിനസ്സ് പരിപാടികളും കൂടിയായപ്പോൾ ഫോമാ കേരളാ കൺവൻഷൻ ചരിത്രമായി മാറി. കോട്ടയം വിൻഡ്സർ കാസിൽ ഹോട്ടലിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനവും സമാപന സമ്മേളനം കേന്ദ്ര മന്ത്രി ജോർജ് കുര്യനും ഉദ്ഘാടനം ചെയ്തു. കവിയും നോവലിസ്റ്റും ചലച്ചിത്ര സംവിധായകനും, ഗാന രചയിതാവുമായ ശ്രീകുമാരൻ തമ്പി മുഖ്യാതിഥി ആയത് ഏറെ വ്യത്യസ്തമായി. നിരവധി പ്രഗത്ഭരയുടെ സാന്നിദ്ധ്യം കൊണ്ട് സമൃദ്ധമായ കൺവൻഷന് പ്രധാനമായും ഞങ്ങൾ പ്രാധാന്യം നൽകിയത് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായിരുന്നു.

ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പ്രിവിലേജ് കാർഡ് ഫോമാ വിമൻസ് ഫോറം മുൻ ചെയർപേഴ്സൺ ഡോ. സാറാ ഈശോ ഫോമാ പ്രസിഡന്റിന് നൽകി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ, ഫോമാ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 50 നേഴ്സിങ് വിദ്യാർത്ഥികൾക്കു അമ്പതിനായിരം രൂപ വീതം സാമ്പത്തിക സഹായം വിതരണം ചെയ്തു. അതോടൊപ്പം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഇലക്ട്രിക് വീൽചെയർ, മുച്ചക്ര സ്കൂട്ടർ, ലാപ്പ്ടോപ്പ്, മറ്റു പഠനോപകരണങ്ങളും നൽകുകയുണ്ടായി. കൂടാതെ ഫോമാ 'ഹെൽപ്പിംഗ് ഹാൻഡിന്റെ' വക ഒരു ലക്ഷം രൂപയുടെ സഹായം ചെങ്ങന്നൂർ സ്വദേശിനിയായ വീട്ടമ്മക്കും നൽകി. 'ഫോമാ ഭവന പദ്ധതി'യുടെ ഭാഗമായി നിർമ്മിച്ച വീടുകളുടെ താക്കോൽദാനം പുതുപ്പള്ളി എം.എൽ.എ ചാണ്ടി ഉമ്മൻ നിർവഹിച്ചു.

അങ്ങനെ നിരവധിയായ ജീവകാരുണ്യ – ക്ഷേമ പ്രവർത്തനങ്ങളിലൂടെ, ഫോമായ്ക്കു മലയാളക്കരയോടുള്ള അവരുടെ പ്രതിബദ്ധത വെളിവാക്കുന്ന വേദികൂടിയായി കേരള കൺവൻഷൻ! സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി 50 വനിതകൾക്ക് തയ്യൽ മെഷീനുകൾ നൽകിയതും മാതൃകയായി. ജീവകാരുണ്യ പ്രവർത്തനങ്ങൾ കടലാസുകളിൽ മാത്രമായി ഒതുക്കാതെ അത് പ്രാവർത്തികമാക്കിയതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.



കേരള കൺവൻഷനു മുന്നോടിയായി ജനുവരി മൂന്നാം തീയതി പരുമല സെയിന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ, ചങ്ങനാശേരി - കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന നിരവധി പേർക്കു ഉപകാരപ്രദമായി.

ജനുവരി 11 -ാം തീയതി കൊച്ചിയിലെ ഗോകുലം പാർക്കിൽ നടന്ന ഫോമാ ബിസിനസ്സ് മീറ്റ്, ഫോമായുടെ പ്രൗഢിയും, സംഘടനാ മികവും വിളിച്ചോതുന്നതായിരുന്നു. ഫോമായ്ക്ക് കേരളത്തിൽ സ്വകാര്യ വ്യവസായ പാർക്ക് തുടങ്ങാമെന്നും, അതിന് കേരള സർക്കാർ എല്ലാവിധ പിന്തുണ നൽകുമെന്നും ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ വിട്ടുനൽകാൻ സന്നദ്ധമാണെന്നും, യോഗം ഉദ്ഘാടനം ചെയ്തുകൊണ്ടു വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞത്, സംസ്ഥാന സർക്കാരിനു ഫോമായിലുള്ള വിശ്വാസത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു.

കേരള കൺവൻഷന്റെ ഭാഗമായി, ചുരുങ്ങിയ ദിവസങ്ങൾകൊണ്ട്, ഫോമാ കേരളത്തിൽ നടപ്പിലാക്കിയ പദ്ധതികളും, പരിപാടികളും, അതുപോലെ വിവിധ പരിപാടികളിൽ അതിഥികളായി പങ്കെടുത്ത രാഷ്ട്രീയ - സാംസ്കാരിക പ്രമുഖരേയും, അതിലെല്ലാം ഉപരി പരിപാടികളിലെ ജന പങ്കാളിത്വവുമെല്ലാം പരിഗണിക്കുമ്പോൾ, ഫോമായുടെ 2026-ലെ കേരള കൺവൻഷൻ വൻവിജയമായിരുന്നു എന്നു നിസംശയം പറയാം.

**ഫോമാ എന്ന സംഘടനയുടെ വളർച്ചയെ എങ്ങനെ നോക്കിക്കാണുന്നു?**

ഫോമായുടെ സംഘടനാ പ്രവർത്തന ചരിത്രത്തിൽ തന്നെ ഏറ്റവും സജീവമായ കാലഘട്ടങ്ങളിലൊന്നാണ് ഇത്. 12 റീജിയനുകളും ശക്തമായ ഉണർവോടെയാണ് മുന്നോട്ട് പോകുന്നത്. എല്ലാ റീജിയനുകളിലും നിരവധി ചാരിറ്റി, കൾച്ചറൽ പരിപാടികൾ എന്നിവയും നിരവധി പ്രോജക്റ്റുകളും നടന്നു. ഇതിനു മുമ്പ് ഫോമായിൽ കാണാത്ത തരത്തിലുള്ള വ്യാപ്തിയും പങ്കാളിത്തവുമാണ് ഈ കാലയളവിൽ ഉണ്ടായത്.

അംഗസംഘടനകളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു. ഞങ്ങൾ നേതൃത്വം ഏറ്റെടുക്കുമ്പോൾ 83-84 അംഗസംഘടനകളായിരുന്നു ഫോമായിലുണ്ടായിരുന്നത്. ഇന്ന് അത് നൂറിലെത്തി. അമേരിക്കയിൽ നിരവധി അംബ്രെല്ല സംഘടനകൾ ഉള്ളപ്പോൾ, അവയെല്ലാം മറികടന്ന് ഫോമായെ തെരഞ്ഞെടുത്ത് അംഗത്വം എടുക്കുന്നത് തന്നെ ഞങ്ങൾക്ക് വലിയ അംഗീകാരവും അഭിമാനവുമാണ്.

**ഫോമാ വില്ലേജ് പ്രോജക്ട് എക്കാലവും കേരളത്തിന് അഭിമാനമാണല്ലോ. നിങ്ങളുടെ കമ്മിറ്റിയുടെ ഹൗസിംഗ് പ്രോജക്ട് എന്തായി?**

ഫോമായുടെ ഏറ്റവും ശക്തമായ മുഖം ചാരിറ്റി പ്രവർത്തനങ്ങളാണ്. കോടിക്കണക്കിന് രൂപയുടെ സഹായങ്ങളാണ് ഫോമായിലൂടെ കേരളത്തിലെത്തിക്കൊണ്ടിരിക്കുന്നത്. ഹൗസിംഗ് പ്രോജക്റ്റുകൾ ഇതിൽ പ്രധാനപ്പെട്ട ഒന്നാണ്. ഞങ്ങളുടെ കാലാവധി തീരുന്നതിന് മുമ്പ് തന്നെ പരമാവധി വീടുകൾ പൂർത്തിയാക്കി ജനങ്ങൾക്ക് കൈമാറും. ഇതൊരു തുടർ പ്രോജക്ട് ആണ്. സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ നടക്കുകയും മുന്നോട്ട് പോവുകയും ചെയ്യും. റീജിയണുകളുടെ അകമഴിഞ്ഞ സഹായമാണ് ഫോമാ ഹൗസിംഗ് പ്രോജക്ടിന്റെ ബലം.

**ഫോമാ വിമൻസ് ഫോറം ഫോമായുടെ വളർച്ചയുടെ നാഴികക്കല്ലാണല്ലോ? പ്രസ്തുത പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു.?**

ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ പ്രാധാന്യം നൽകി മുന്നോട്ട് പോകുമ്പോൾ ഫോമായുടെ ബലം വിമൻസ് ഫോറം തന്നെ ആയിരുന്നു. വർഷങ്ങളായി തുടരുന്ന സ്കോളർഷിപ്പുകൾ ഇത്തവണ വിപുലപ്പെടുത്തി. നഴ്സിംഗ് വിദ്യാർത്ഥികൾക്കായി 25 സ്കോളർഷിപ്പുകൾ നൽകി (ഓരോന്നും 50,000 രൂപ വീതം) 50 തയ്യൽ മെഷീനുകളുടെ വിതരണം ചെയ്തു.




ഈ സേവന പ്രവർത്തനങ്ങളിൽ വിമൻസ് ഫോറത്തിന്റെ പങ്ക് വളരെ വലുതാണ്. നേഴ്സിംഗ് സ്കോളർഷിപ്പുകളും തയ്യൽ മെഷീൻ വിതരണവും വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിലാണ്. ഫണ്ടുയർത്തൽ മുതൽ നിർവഹണം വരെ അവർ വലിയ ഉത്തരവാദിത്തത്തോടെയാണ് കൈകാര്യം ചെയ്യുന്നത്. ചെയർപേഴ്സൺ സ്മിത നോബിൾ, സെക്രട്ടറി ആശാ മാത്യു, ട്രഷറർ ജൂലി ബിനോയ്, വൈസ് ചെയർപേഴ്സൺമാരായ ഗ്രേസി ജെയിംസ്, വിഷിൻ ജോ, ജോയിന്റ് സെക്രട്ടറി സ്വപ്ന സജി സെബാസ്റ്റ്യൻ, ജോയിന്റ് ട്രഷറർ മഞ്ജു പിള്ള ഉൾപ്പെടെയുള്ള മുഴുവൻ വിമൻസ് ഫോറം അംഗങ്ങളും ഫോമായുടെ കരുത്താണ്.

**ഫോമാ അന്തർദ്ദേശീയ കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണല്ലോ. അതിന്റെ സംഘാടനം മറ്റു പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?**

2026 ജൂലൈ 30, 31 ആഗസ്റ്റ് 1, 2 തീയതികളിൽ ഹൂസ്റ്റണിൽ അരങ്ങേറുന്ന ഫോമാ അന്തർദ്ദേശീയ കൺവൻഷൻ ഏറ്റവും മികവാർന്ന രീതിയിൽ സംഘടിപ്പിക്കുവാനുള്ള ഒരുക്കത്തിലാണ് ഞങ്ങൾ. സുബിൻ സുകുമാരൻ ചെയർമാനും ജോയി സാമുവൽ ജനറൽ കൺവീനറുമായി വിപുലമായ ഒരു കമ്മിറ്റി പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. എൻ.ആർ.ജി സ്റ്റേഡിയത്തിന് തൊട്ട് എതിർവശത്തുള്ള വിൻഡം ഹൂസ്റ്റൺ ഹോട്ടലിൽ 2026 ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് 2026-ലെ ഫോമാ ഫാമിലി ഇന്റർനാഷണൽ കൺവൻഷൻ നടക്കുന്നത്.

കൺവൻഷൻ അവിസ്മരണീയമാക്കുന്നതിനുള്ള എല്ലാവിധ ആത്യാധുനിക സൗകര്യങ്ങളുമുള്ളതാണ് വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയം 2500 പേർക്ക് ഇരിക്കാവുന്ന തീയേറ്റർ സൗകര്യമുള്ള ഹാൾ, യുവജനങ്ങൾക്കായി 700 പേരുടെ സീറ്റിങ് കപ്പാസിറ്റിയുള്ള ഹാൾ എന്നിവയ്ക്ക് പുറമെ വിവിധ മീറ്റിങ്ങുകൾക്കായി 12-ഓളം ഹാളുകളും 1000 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ഡൈനിങ് ഏരിയയും, 1250 വാഹനങ്ങൾക്കുള്ള പാർക്കിങ് ലോട്ടും നേരത്തെതന്നെ ബുക്ക് ചെയ്തിട്ടുണ്ട്.

ഫോമായുടെ നൂറിലധികം അംഗസംഘടനകളിൽ നിന്നുമായി 2500-ലധികം പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ കൺവൻഷനാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കൂടാതെ, നാട്ടിൽനിന്നും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിധ്യം നാലു ദിവസം നീണ്ടു നിൽക്കുന്ന ഈ കൺവൻഷനിൽ ഉണ്ടാകും.വിവിധ റീജിയനുകൾ തമ്മിലുള്ള കലാമത്സരങ്ങളിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിക്കും.

സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചവരെയും ബിസിനസ് രംഗത്ത് മാതൃകാപരമായ മുന്നേറ്റങ്ങൾ നടത്തിയവരെയും പുരസ്കാരം നൽകി ആദരിക്കുന്നതാണ്. ആവേശകരമായ ചീട്ടുകളി, ചെസ്സ്, ചെണ്ടമേളം തുടങ്ങിയ മത്സരങ്ങളും മെഗാതിരുവാതിരയും കേരളത്തനിമയോടെയുള്ള ഘോഷയാത്രയും കൺവൻഷന്റെ പ്രത്യേകതകളാണ്.

ഇത് കൂടാതെ റീജിയനുകൾ വഴി നിരവധി പരിപാടികളും പദ്ധതികളും രണ്ട് വർഷത്തിനകം ബേബി മണക്കുന്നേൽ ടീം നടത്തിയിട്ടുണ്ട്.

ഇനിയും അന്തർദ്ദേശീയ കൺവൻഷൻ വരെ നിരവധി പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വേണം. അതിനായി ബേബി മണക്കുന്നേലും ടീമും സദാ പ്രവർത്തന നിരതരാകുന്നു.

എല്ലാ ആശംസകളും.

# ന്യൂയോർക്ക് സെ. സ്റ്റീഫൻസ് ക്നാനായ ഇടവകയിൽ പുതിയ പാരിഷ് കമ്മിറ്റി

**അനൂപ് മുകളേൽ**

ന്യൂയോർക്ക്: ന്യൂയോർക്ക് സെ. സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ 2026-2027 പ്രവർത്തന വർഷത്തേക്കുള്ള പുതിയ പാരിഷ് കമ്മിറ്റി ഫെബ്രുവരി 8-ന് ചുമതലയേറ്റു. കൈക്കാരന്മാരായി ഏബ്രഹാം (എബി) തേർവാലകട്ടയിൽ, ജെയിംസ് നികർത്തിൽ, ജെയിംസ് പുള്ളോർകുന്നേൽ, നോയൽ കുഴിപറമ്പിൽ എന്നിവർ സ്ഥാനമേറ്റു. പാരിഷ് കൗൺസിൽ സെക്രട്ടറിയായി ജോണി പാറ്റിയാലിയും ചുമതലയേറ്റു.

മറ്റ് ഭാരവാഹികൾ: പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി അനി നെടുംതുരുത്തിൽ, ബേബി ഊരാളിൽ എന്നിവരും സിസിഡി പ്രതിനിധിയായി ലിസ്സി വട്ടക്കുളവും യൂത്ത് പ്രതിനിധിയായി റിയ കൂട്ടുങ്കലും പ്രവർത്തിക്കും. സിസ്റ്റർ സനിജ എസ്‌വിഎം (കോൺവന്റ് പ്രതിനിധി) ജോയ് മേക്കാട്ടിൽ (കെസിഎം പ്രെയർ ഗ്രൂപ്പ്) എന്നിവരാണ് മറ്റ് അംഗങ്ങൾ.

വിവിധ കൂടാരയോഗങ്ങളെ പ്രതിനിധീകരിച്ച് ജോപ്പീസ് മേത്താനത്ത്, ജിഫി തടത്തിൽ, മനോജ് കാവുംപുറത്ത്. സോന നെല്ലാമറ്റം, ലിസ വട്ടക്കുളം, ഷിനോ മാറ്റം, ഷീബ നെടുംതൊട്ടിയിൽ, ഷാജു പുത്തൻപുരയിൽ, ഓമന മേക്കാട്ടിൽ, ബെന്നി പൂഴിക്കുന്നേൽ, ജിൻസി പുല്ലാനപ്പള്ളിൽ എന്നിവർ പുതിയ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. പിആർഒ ആയി അനൂപ് മുകളേലും പുതിയ കമ്മിറ്റിയിൽ സേവനം തുടരും.





ഇക്കഴിഞ്ഞ രണ്ട് വർഷം അർപ്പണബോധത്തോടെയും ആത്മാർത്ഥതയോടും കൂടെ സേവനമനുഷ്ഠിച്ച മുൻ കൈക്കാരന്മാരായ അനി നെടുംതുരുത്തിൽ, ജെയിംസ് നികർത്തിൽ, ഏബ്രഹാം നെടുംതൊട്ടിയിൽ, മാത്യൂസ് ഇഞ്ചനാട്ട് എന്നിവർക്കും മറ്റ് കൂടാരയോഗം പ്രതിനിധികൾക്കും വികാരി ഫാ. മാത്യു മേലേടത്ത് നന്ദിയർപ്പിച്ചു. കൈക്കാരന്മാരെന്ന നിലയിൽ കഴിഞ്ഞ രണ്ട് വർഷം നടത്തിയ മികച്ച പ്രവർത്തനങ്ങളെ മുൻനിർത്തി അവർക്ക് സ്മരണികകൾ നല്കി ആദരിക്കുകയുണ്ടായി.

പുതിയ കമ്മിറ്റിക്ക് വികാരി എല്ലാവിധ ആശംസകളും അറിയിച്ചു.

# 2026-ലെ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ഭാരവാഹികൾ

**ഡീക്കൻ ജോർജ് കുര്യൻ/ജോൺസൺ വള്ളിയിൽ**


ചിക്കാഗോ: 2026-ലെ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം ചിക്കാഗോ മാർത്തോമ്മാ ചർച്ചിൽ വെച്ച് നടന്നു. കൗൺസിൽ പ്രസിഡണ്ട് റവ.ഫാ. തോമസ് മാത്യുവിന്റെ അഭാവത്തിൽ വൈസ് പ്രസിഡണ്ട് റവ. ബിജു യോഹന്നാൻ അദ്ധ്യക്ഷത വഹിച്ചു. വെരി റവ.ഫാ. മാത്യു കരുത്തലയ്ക്കൽ കോർ എപ്പിസ്കോപ്പ ധ്യാനപ്രസംഗം നടത്തി. പുതുവർഷത്തിൽ ദൈവത്തോട് കൂടെ ആയിരിപ്പാനും വിനയം ഉള്ളവരായി സ്വയം അച്ചടക്കം പാലിച്ച് മറ്റുള്ളവരിൽ നന്മ കാണുവാനും ക്രിസ്തീയ ജീവിതത്തിൽ എളിമപ്പെട്ട് വിശ്വാസത്തിന്റെ നാനാത്വത്തിൽ ഏകത്വമുള്ളവരായിരിക്കുവാനും കൗൺസിൽ അംഗങ്ങളെ പ്രബോധിപ്പിച്ചു.

സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു 2025-ലെ റിപ്പോർട്ട് വിശദമായി അവതരിപ്പിച്ചു. ട്രഷറർ ജോർജ് മാത്യു ഓഡിറ്റഡ് അക്കൗണ്ട് അവതരിപ്പിച്ചു. കാര്യവിചാരങ്ങചറപക്കു ശേഷം റിപ്പോർട്ടും അക്കൗണ്ടും പാസാക്കി.

പുതുവർഷത്തെ ചുമതലക്കാരായി താഴെപറയും വിധം വ്യക്തികൾ ചുമതലയേറ്റു. പ്രസിഡണ്ട്-റവ. ബിജു യോഹന്നാൻ, വൈസ് പ്രസിഡണ്ട്-വെരി റവ.ഫാ. മാത്യു കരുത്തലയ്ക്കൽ കോർ എപ്പിസ്കോപ്പ്, സെക്രട്ടറി-ബെഞ്ചമിൻ തോമസ്, ജോ. സെക്രട്ടറി-ജാസ്മിൻ ഇമ്മാനുവൽ, ട്രഷറർ ജേക്കബ് കെ. ജോർജ്, ജോ. ട്രഷറർ-ജോയ്സ് ചെറിയാൻ, യൂത്ത്ഫോറം-ആശിഷ് തോമസ്, റോഡ്നി സൈമൺ, സിബി മാത്യു, ഓഡിറ്റർ- പ്രേംജിത്ത് വില്യംസ്, മീഡിയ & പബ്ലിസിറ്റി ഡീക്കൻ കുര്യൻ പി. ജോർജ്, ജോൺസൺ വള്ളിയിൽ. പ്രാർത്ഥനാശീർവാദത്തിനുശേഷം ഡിന്നറോടെ മീറ്റിംഗ് സമാപിച്ചു.



റവ. ബിജു യോഹന്നാൻ




റവ.ഫാ. മാത്യു കരുത്തലയ്ക്കൽ കോർ എപ്പിസ്കോപ്പ



ബെഞ്ചമിൻ തോമസ്



ജാസ്മിൻ ഇമ്മാനുവൽ



ജേക്കബ് കെ. ജോർജ്



ജോയ്സ് ചെറിയാൻ



പ്രേംജിത്ത് വില്യംസ്



ഏലി പുന്നൂസ്



ഡീക്കൻ കുര്യൻ പി. ജോർജ്



ജോൺസൺ വള്ളിയിൽ

# ജിസിഎംഎ സർഗോത്സവം രജിസ്ട്രേഷൻ പുരോഗമിക്കുന്നു

**ജിതേഷ് ചുങ്കത്ത്**

ചിക്കാഗോ: 2026 ഏപ്രിൽ 10, 11 തീയതികളിൽ ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ (ജിസിഎംഎ) സംഘടിപ്പിക്കുന്ന കലോത്സവത്തിന്റെ രജിസ്ട്രേഷൻ വിജയകരമായി പുരോഗമിക്കുന്നു. സിംഗിൾ ആൻഡ് ഗ്രൂപ്പ് തലങ്ങളിൽ ഡാൻസ്, മ്യൂസിക്, സ്പീച്ച് & ആർട്സ് സ്പെഷ്യൽ ഐറ്റംസ് എന്നീ വിഭാഗങ്ങളിൽ വിവിധ പ്രായപരിധികളിൽ 70-ഓളം മത്സരയിനങ്ങളാണ് അമേരിക്കൻ യൂത്ത് ജനറേഷനു വേണ്ടി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഇൻസ്ട്രമെന്റൽ മ്യൂസിക് വിഭാഗത്തിൽ ഡ്രംസ്, സ്ട്രിംഗ്, വിൻഡ് ഇനങ്ങളിൽ മത്സരങ്ങൾ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും സംഘടിപ്പിക്കുന്നു. ഫോട്ടോഗ്രാഫി മത്സരങ്ങൾ വെർചൽ ആയി സംഘടിപ്പിക്കും. മത്സരങ്ങളുടെ നിയമാവലികൾ www.greatercma.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി കോ-ഓർഡിനേറ്റേഴ്സായ സന്തോഷ് കാട്ടൂക്കാരൻ (773 469 5048), ജിജു സ്റ്റീഫൻ (704 433 0584), രഞ്ജിത് ചെറുവള്ളി (312 608 8171), പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത് (224 522 9157), ഐടി കോ-ഓർഡിനേറ്റർ സുജിത്ത് കേനോത്ത് (513 846 6901) എന്നിവരുമായി ബന്ധപ്പെടുക.



# ക്രിസ്തുരാജ ഇടവകയിൽ സ്ഥാനമൊഴിഞ്ഞ കൈക്കാരന്മാരെ ആദരിച്ചു

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സ്ഥാനമൊഴിഞ്ഞ കൈക്കാരന്മാരെ പ്രത്യേകം ആദരിച്ചു. കഴിഞ്ഞ രണ്ട് വർഷമായി ട്രസ്റ്റിമാരായി പ്രവർത്തിച്ചിരുന്ന ഷാജു പുളിമൂട്ടിൽ, സിബി പടിഞ്ഞാറേ വാരികാട്ട് എന്നിവരെയാണ് പ്രത്യേകം ആദരിച്ചത്.

ഫെബ്രുവരി 15-ന് ഞായറാഴ്ച 9.30-നുള്ള കുർബാനയ്ക്കു ശേഷം വികാരി ഫാ. ബിൻസ് ചേത്തലിന്റെ നേതൃത്വത്തിലാണ് പ്രത്യേക ചടങ്ങ് നടന്നത്. സ്ഥാനമൊഴിഞ്ഞ ഓരോരുത്തരുടെയും പ്രവർത്തനങ്ങളെ ഫാ. ബിൻസ് ചേത്തലിൽ അനുസ്മരിക്കുകയും ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ ഇടവകയുടെ ആദരത്തിന്റെ പ്രതീകമായി പ്രശംസാഫലകം സമ്മാനിക്കുകയും ചെയ്തു.

ചടങ്ങുകൾക്ക് കൈക്കാരന്മാരായ ടെറി വാളാച്ചേരിൽ, ബിനോ പുല്ലുകാട്ട്, റെനി പഴയിടത്ത്, ജെയിംസ് കൊല്ലമാരുപറമ്പിൽ എന്നിവർ നേതൃത്വം നല്കി.






# നോർത്ത് അമേരിക്ക മാർത്തോമ്മാസഭ ഭദ്രാസനം മാർച്ച് 1 ഭദ്രാസന ദിനമായി ആചരിക്കുന്നു

പി.പി. ചെറിയാൻ

ന്യൂയോർക്ക്: നോർത്ത് അമേരിക്ക മാർത്തോമ്മാസഭ ഭദ്രാസനം മാർച്ച് 1 ഞായറാഴ്ച ഭദ്രാസന ദിനമായി ആചരിക്കുന്നു. മാർച്ച് മാസത്തിലെ ആദ്യഞായറാഴ്ചയാണ് എല്ലാവർഷവും ഭദ്രാസന ഞായറാഴ്ചയായി ആചരിക്കുന്നത്.

മാർത്തോമ്മാസഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഒരുമിച്ചുള്ള യാത്രയിൽ ലഭിച്ച ദൈവിക മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുഗ്രഹങ്ങൾക്കും സർവ്വശക്തനായ ദൈവത്തിന് നന്ദി പറയാനുള്ള അവസരമാണ് ഭദ്രാസന ഞായർ. ലോകത്തിന്റെ ഈ ഭാഗത്ത് ആരാധനാ സമൂഹങ്ങൾ സ്ഥാപിക്കാൻ പ്രയത്നിച്ചവരെ നന്ദിയോടെ സ്മരിക്കാം. നമ്മുടെ വൈദികരെയും അല്മായരെയും ഭദ്രാസനത്തിലെ എല്ലാ സംഘടനകളെയും മിഷൻ സംരംഭങ്ങളെയും പ്രാർത്ഥനാപൂർവ്വം ഉയർത്തിപ്പിടിക്കാം. നമുക്ക് ഒരുമിച്ച് ധാരാളം ഫലം കായ്ക്കാനും ദൈവത്തിനു മഹത്വം നല്കാനും പ്രാർത്ഥിക്കാം. ഇതുമായി ബന്ധപ്പെട്ട് ഭദ്രാസന എപ്പിസ്കോപ്പ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് നല്കിയ സന്ദേശത്തിൽ പറയുന്നു.




അന്നേദിവസം ഭദ്രാസനം തയ്യാറാക്കിയ പ്രത്യേക ആരാധനക്രമം ഉപയോഗിക്കേണ്ടതാണ്. ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ, മിഷൻ പദ്ധതികൾ, പരിപാടികൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി മുൻകാലങ്ങളിൽ ചെയ്തതുപോലെ പുൾ പിറ്റ് ചേഞ്ച് (പ്രസംഗപീഠം കൈമാറ്റവും) ക്രമീകരിച്ചിട്ടുണ്ട്.

ഭദ്രാസന ഞായറാഴ്ച കളക്ഷൻ സ്വന്തം ഇടവകയിൽ ക്രമീകരിക്കാനും വിസിറ്റിംഗ് ഇടവകയിൽ പിരിവ് ഏകോപിപ്പിക്കാനുമുള്ള ചുമതല വികാരിമാർക്കായിരിക്കും. ഭദ്രാസന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന് ഉദാരമായി സംഭാവന നല്കുവാൻ എല്ലാ അംഗങ്ങളോടും തിരുമേനി അഭ്യർത്ഥിച്ചിട്ടുണ്ട്. ഞായറാഴ്ചത്തെ സ്തോത്രകാഴ്ചയിലൂടെയും വ്യക്തിഗത സംഭാവനകളിലൂടെയും ലഭിക്കുന്ന തുക എത്രയും വേഗം ഭദ്രാസന ഓഫീസിലേക്ക് അയയ്ക്കേണ്ടതാണെന്നും അറിയിപ്പിൽ പറയുന്നു.

ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി നമുക്ക് കൈകോർക്കാം. ഭദ്രാസന ശുശ്രൂഷയിൽ പിന്തുണ നല്കുവാനും പങ്കുചേരാനും ദൈവം എല്ലാവരേയും ശക്തിപ്പെടുത്തട്ടെ എന്ന് തിരുമേനി ആശംസിച്ചു.

# ഫിലിപ്പ് ചിറക്കൽ അന്തരിച്ചു



അയർക്കുന്നം: ഫിലിപ്പ് ചിറക്കൽ (88) അന്തരിച്ചു. ഭാര്യ ഗ്രേസി കൈപ്പുഴ പള്ളത്തടം കുടുംബാംഗമാണ്.

മക്കൾ: ജോൺസൺ ചിറക്കൽ (യുകെ), ജെനി മറ്റത്തിൽ (ന്യൂയോർക്ക്), മിനു മാധവപ്പള്ളിൽ (യുകെ). മരുമക്കൾ: മേഴ്സി മടമ്പം, പരേതനായ ഫിലിപ്പ് മറ്റത്തിൽ, സുഭാഷ് മാധവപ്പള്ളിൽ.

സഹോദരങ്ങൾ: ജെയിംസ് ചിറക്കൽ (കാഞ്ഞങ്ങാട്), ലീലാമ്മ കളപ്പുരയ്ക്കൽ (പയ്യാവൂർ), ആൻസി മൂലക്കാട്ട് (ഉഴവൂർ), റോയി ചിറക്കൽ (അറ്റ്ലാന്റ്), പരേതരായ തോമസ് ചിറക്കൽ, ജോസ് ചിറക്കൽ, ജോൺ ചിറക്കൽ, മേരിക്കുട്ടി ഒട്ടക്കാട്ടിൽ. സംസ്കാരം മണ്ണൂർ സെന്റ് ജോർജ് ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെട്ടു.

# ചിക്കാഗോ സെ. മേരീസിൽ വിഭൂതി തിരുനാൾ ഭക്തിസാന്ദ്രമായി

ചിക്കാഗോ: സീറോമലബാർ സഭയിലെ അമ്പതു നോമ്പിന്റെ തുടക്കമായ വിഭൂതി തിരുനാൾ മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഭക്തിനിർഭരം ആചരിച്ചു.

ഫെബ്രുവരി 16-ന് തിങ്കളാഴ്ച രാവിലെ നടന്ന ചടങ്ങുകൾക്ക് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 7-ന് നടന്ന വിഭൂതി ചടങ്ങുകൾക്ക് വികാരി ഫാ. സിജോ മുടക്കോടിൽ മുഖ്യകാർമ്മികനായിരുന്നു. ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ വചനസന്ദേശം നല്കി. ഈ

റോയി ചേലമലയിൽ

നോമ്പ്കാലം ഏവർക്കും അനുതാപത്തിന്റെയും ഹൃദയ വിശുദ്ധീകരണത്തിന്റെയും ഉപവി പ്രവർത്തനങ്ങളുടെയും അവസരമായി മാറട്ടെയെന്ന് അദ്ദേഹം തന്റെ സന്ദേശത്തിൽ ആശംസിച്ചു.

തുടർന്ന് 'മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്ക് മടങ്ങും നൂനം, അനുതാപ കണ്ണുനീർ വീഴ്ത്തി പാപ പരിഹാരം ചെയ്തു കൊൾക നീ' എന്ന ഗാനം ആലപിച്ചപ്പോൾ കാർമ്മികൻ പങ്കെടുത്ത എല്ലാവരുടെയും നെറ്റിയിൽ ചാരംകൊണ്ട് കുരിശുവരച്ചു.

രാവിലെയും വൈകുന്നേരവും നടന്ന കുരിശുവര ചടങ്ങിലും തുടർന്നു നടന്ന കുർബാനയിലും നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.

ചടങ്ങുകൾക്ക് ഫാ. സിജോ മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, സിസ്റ്റർ ശാലോം, സിസ്റ്റർ സിൽവേറിയസ്, സിസ്റ്റർ ജെസ്സീന, കൈക്കാരന്മാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും അനിൽ മറ്റത്തിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘവും നേതൃത്വം നല്കി.




# സാംസി കൊടുമണ്ണിന്റെ 'അടിമക്കണ്ണിന്റെ നാൾവഴികൾ'

## (ചില അനുബന്ധ ചിന്തകൾ)

രാജു മൈലപ്ര

അമേരിക്കയിൽ ഫെബ്രുവരി 'Black History Month' ആയി ആഘോഷിക്കാറുണ്ട്. സത്യത്തിൽ ഇതു കറുത്ത വർഗ്ഗക്കാരെ ആദരിക്കുവാനാണോ, അതോ അവഹേളിക്കുവാനാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. 'നിങ്ങൾ അന്നും ഇന്നും എന്നും അടിമകളായിരിക്കും' എന്ന സത്യം അവരുടെ മനസ്സിൽ ആണിയടിച്ച് ഉറപ്പിക്കുവാനുള്ള തന്ത്രപൂർവ്വമായ ഒരു ആ



ചാരമാണോ ഇത്?

എന്റെ സുഹൃത്ത് ശ്രീ സാംസി കൊടുമണ്ണിന്റെ 'ക്രൈം ഇൻ 1619 അഥവാ അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ചരിത്ര നോവൽ വായിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ മനസ്സിൽ തോന്നിയ ഒരു സംശയമാണ് തുടക്കത്തിൽ സൂചിപ്പിച്ചത്.

അഞ്ഞൂറോളം പേജുകളിലായി നിറഞ്ഞുനിൽക്കുന്ന ഈ നോവൽ, അതിന്റെ പൂർണ്ണതയിലെത്തിക്കുവാൻ ശ്രീ സാംസി എത്രയധികം ഗവേഷണങ്ങളാണ് നടത്തിയിട്ടുള്ളത് എന്നു മനസ്സിലാക്കുമ്പോൾ അദ്ദേഹത്തോടുള്ള ആദരവിന്റെ അളവു കൂടുന്നു.

തികഞ്ഞ അന്വേഷണധ്വരയും അർപ്പണബോധവും ലക്ഷ്യത്തിലെത്തണമെന്ന ദൃഢനിശ്ചയവുമുള്ള ഒരു വ്യക്തിക്കു മാത്രമേ, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം വായനക്കാരുടെ കൈകളിലെത്തിക്കുവാൻ കഴിയുകയുള്ളൂ.

'അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ഈ നോവൽ ചരിത്രവും ഭാവനയും സംയോജിപ്പിച്ച് എഴുതിയിട്ടുള്ള ഒരു കൃതിയാണ്.

ഇതൊരു ആധികാരികമായ ചരിത്രപഠനഗ്രന്ഥമല്ല. മറിച്ച്, ചരിത്രപരമായ സംഭവങ്ങളോടെ ആവുന്നിടത്തോളം നീതിപുലർത്തിക്കൊണ്ട് എഴുതപ്പെട്ടിട്ടുള്ള ഒരു നോവലാണ്. ചരിത്രം മരവിച്ച രേഖകളല്ല, മറിച്ച് മനുഷ്യാനുഭവങ്ങളുടെ സജീവമായ ഒരു ഒഴുക്കാണ്, ഭാവനയുടെ അകമ്പടിയോടെ നമ്മുടെ മുന്നിൽ, നീർച്ചാലുകളായി ഒഴുകുന്നത്.

ഓരോ പേജുകൾ വായിക്കുന്തോറും അടുത്ത അദ്ധ്യായത്തിൽ എന്താണെന്നറിയാനുള്ള ആകാംക്ഷ വായനക്കാരിൽ നിലനിർത്തുവാൻ ശ്രീ സാംസിക്കു സാധിച്ചിട്ടുണ്ട്.

വർണ്ണവിവേചനവും വർഗ്ഗവിവേചനവുമാണ് ഈ നോവലിന്റെ ഇതിവൃത്തം. അനേക വർഷങ്ങളിലെ ത്യാഗങ്ങളിലൂടെ, യാതനകളിലൂടെ നമ്മുടെ പൂർവ്വികന്മാർ നേടിയെടുത്തെന്നു കരുതപ്പെടുന്ന ഈ സമത്വത്തിനും സ്വാതന്ത്ര്യത്തിനും ഇന്നും അതിർവരമ്പുകൾ ഉണ്ടെന്ന് വേണം സമകാലിക സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ മനസ്സിലാകുന്നത്.


ഇരുണ്ട ഭൂതകാലത്തിലേക്കുള്ള ഒരു മടക്കയാത്രയുടെ പാതയിലാണ് സാധാരണജനങ്ങൾ.

'I can't breathe' മുട്ടുകാലിനിടയിൽ ഞെരിയുന്ന കഴുത്തിൽ, പിടയുന്ന ജീവന്റെ രോദനം ആയിരുന്നത്.

നോവലിന്റെ തുടക്കത്തിലെ ഈ വാചകം മതി വായനക്കാരനെ മുന്നോട്ടു നയിക്കുവാൻ.

"പിറകിലേക്കു വിലങ്ങുവെച്ച കൈയുടെ മീതെയായി വീണുപോയ ആറടിക്കാരന്റെ ഇരുനൂറ്റിയമ്പതു പൗണ്ട് ഭാരത്തിൽ അധികാരത്തിന്റെ കാൽമുട്ട് ഒരു ഇരപിടിയൻ കഴുതപ്പുലിയെപ്പോലെ ചിരിക്കുന്നു."

ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽ, തെരുവുകളിൽ സിഗരറ്റ് ചില്ലറ വില്പന നടത്തിയെന്ന 'ക്രൂരകൃത്യത്തിന്' പോലീസിന്റെ പിടിയിലായ എ




റിക് ഗാർനർ എന്ന കറുത്ത വർഗ്ഗക്കാരൻ പതിനൊന്നു തവണയാണ് ഈ വാചകം ആവർത്തിച്ചത്.

വിശപ്പ് സഹിക്കവയ്യാതെ ഒരു കഷണം അപ്പക്കഷണം മോഷ്ടിച്ചുവെന്ന കുറ്റം ചാർത്തി, അട്ടപ്പാടിയിൽ മധുവെന്ന ഒരു ആദിവാസി യുവാവിനെ ആൾക്കൂട്ടവിചാരണ നടത്തി ഒരു പേപ്പട്ടിയെപ്പോലെ തല്ലിക്കൊന്ന സംഭവം ഇതോടെ ചേർത്തുവായിക്കാം.

അധികാരികളുടെ അനീതി ചോദ്യം ചെയ്താൽ, അതു ചെയ്യുന്നവന്റെ കുടുംബത്തെയുൾപ്പെടെ, വേരോടെ പിഴുതെറിയുന്ന ഒരു സംവിധാനമാണ് ഇന്ന് ലോകത്തെവിടെയും 'ജനാധിപത്യം' എന്ന ഓമനപ്പേരിൽ നിലനിൽക്കുന്നത്.

സാംസിയുടെ ഈ ചരിത്രനോവലിൽ നിന്നും മുറിച്ചു മാറ്റപ്പെടേണ്ടതായോ കൂട്ടിച്ചേർക്കപ്പെടേണ്ടതായോ ഉള്ള വാക്കുകളോ വാചകങ്ങളോ ഒന്നുമില്ല. എല്ലാം ചേരേണ്ടടുത്ത് ചേരുംവിധം ഭംഗിയായി വിളക്കിച്ചേർത്തിരിക്കുന്നു. അറിവുകളുടെ ഒരു പുതിയ തലത്തിലേക്കു അവ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ധാരാളം ഉദാഹരണങ്ങൾ:

'പ്രകൃതിയുടെ എല്ലാ ഭാവങ്ങളും നമ്മുടെ ആരാധനയുടെ മൂർത്തികളാണ്. തീയും വെള്ളവും വായുവും ഇടിയും മിന്നലും സൂര്യനുമൊക്കെ. അതിൽ പ്രധാനം അഗ്നിയാണ്. അഗ്നിയാണ് നമ്മുടെ ദൈവം. നമ്മുടെ എല്ലാ ചടങ്ങുകൾക്കും തീ ഉണ്ടായിരുന്നു. പ്രതിഷേധത്തിന്റെ ആ തീപ്പൊരി കെടാതെ തലമുറകളിലേക്കവർ പകർന്നു.'

'അടിമയുടെ ജീവിതം എല്ലായിടത്തും ഒരുപോലെയാണ്.'

'ഇവിടെ നിറത്തിന്റെ പേരിലെ വിഭാഗീയത, ഇന്ത്യയിൽ മതത്തിന്റെ പേരിലാണെന്നു മാത്രം.'

'ആയിരത്തി നാനൂറ്റി തൊണ്ണൂറ്റിരണ്ടിൽ (1492) അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ വഴിതെറ്റിവന്ന ഒരു കപ്പൽ, ലോകത്തിന്റെ മുഴുവൻ ജാതകം മാറ്റി എഴുതി.'

'കൊളംബസ് തുറന്ന കപ്പൽപ്പാതകളിലൂടെ തീർത്ഥാടകരായി വന്നവർ രാജ്യത്തിന്റെ അവകാശികളായി. തദ്ദേശീയരായ റെഡ് ഇൻഡ്യൻസിനെ പാടേ നിരാകരിച്ച് ചരിത്രത്തിൽ നിന്നും പുറത്താക്കി. കൊളംബസ് ഈ നാട്ടിൽ ഇറക്കിയ വംശീയതയുടെ വിത്തുകൾ ഇപ്പോഴും ഇവിടെ വിളയുന്നു.'

'ഏബ്രഹാം ലിങ്കൺ ഓർക്കപ്പെടുന്നത് എന്തിന്റെ പേരിലായിരിക്കും? ഒരു അടിമയുടെ നാവിൽ, ലിങ്കൺ അടിമകളുടെ വിമോചകനാണെങ്കിൽ, ഒരു സങ്കുചിത വെള്ളക്കാരന്റെ ചരിത്രബോദ്ധ്യത്തിലെ ലിങ്കൺ അവരുടെ വംശാധിപത്യത്തിന് തുരങ്കം പണിത കരിങ്കാലിയായി അടയാളപ്പെടുത്തും.'

'ഇന്ത്യയിലെ അടിമ വ്യവസ്ഥ നിറത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിലും അതിൽ നിറവും ജാതിയും ജാതിയിലൂടെ തൊഴിലും എല്ലാം കൂടിക്കലർന്ന ഒരു സങ്കീർണ്ണ വ്യവസ്ഥിതിയാണ്.'

ഭയാനകവും ക്രൂരവുമായ സത്യങ്ങൾ, സാംസി തന്റെ കഥാപാത്രങ്ങളിലൂടെ വെളിച്ചത്തുകൊണ്ടുവരുന്നു.

ഒരു പ്രവാചകന്റെ ദർശനത്തോടു കൂടിയാണ് ശ്രീ സാംസി കൊടുമൺ തന്റെ ബൃഹത്തായ നോവൽ അവസാനിപ്പിക്കുന്നത്.

'അമേരിക്കയുടെ മനസ്സിന് എന്തു പറ്റി? അത് വർഗ്ഗീയതയുടെ പാതയി



ലേഖകൻ

ലേക്കു ചുവടു മാറ്റുകയാണോ...? ജോർജ് ഫ്ളോയിഡിന്റെ കഴുത്തിൽ അമർന്ന മുട്ടുകാലിന്റെ ഏഴു മിനിറ്റിൽ ഒത്തിരിയേറെ ആത്മാക്കളുടെ നിലവിളി കേൾക്കുന്നില്ലേ? ഇനി നീണ്ടുവരുന്ന അവരുടെ തോക്കുകളോ കാൽമുട്ടുകളോ നമ്മുടെ തലമുറകളുടെ നേരെ എന്നാണാവോ ഇറങ്ങിവരിക?'

സമരങ്ങൾ തീരുന്നില്ല.

മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ച അനേകം വിശിഷ്ട വ്യക്തികളുടെയും അതിനു തുരങ്കം വെക്കുവാൻ ശ്രമിച്ച മനസ് കരിങ്കല്ലാക്കി മാറ്റിയ കിരാതന്മാരുടെയും രേഖാചിത്രങ്ങൾ നോവലിൽ ഉടനീളം വരച്ചുകാണിച്ചിരിക്കുന്നു.

ഏബ്രഹാം ലിങ്കണും, ജോൺ എഫ്. കെന്നഡിയും മാർട്ടിൻ ലൂഥർ കിംഗും മഹാത്മാ ഗാന്ധിയും തുടങ്ങി ജോർജ് വാലസ് വരെയുള്ളവരെക്കുറിച്ചുള്ള ഗവേഷണ പരാമർശങ്ങൾ ഈ ഗ്രന്ഥത്തെ തികച്ചും ഒരു 'ചരിത്ര നോവൽ' എന്ന പദവിയിലേക്കുയർത്തുന്നു.

'ക്ലാസിക്' വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന 'അടിമക്കണ്ണിന്റെ നാൾവഴികൾ' എന്ന ചരിത്രനോവൽ ഏതെങ്കിലും ഒരു സാഹിത്യ സമ്മേളനവേദിയിലെ, മൂന്നു മിനിറ്റു നീളുന്ന ഒരു 'പ്രകാശന കർമ്മ'ത്തിൽ ഒതുക്കാവുന്നതല്ല.

കൂടുതൽ വായനക്കാരിലേക്ക് ഈ ഗ്രന്ഥം എത്തിക്കുക എന്നൊരു കർത്തവ്യം, ഇവിടെയുള്ള മലയാളി സാഹിത്യസംഘടനകൾ ഏറ്റെടുക്കുന്നത് അഭികാമ്യമായിരിക്കും.

ശ്രീ സാംസി കൊടുമണ്ണിലിന് നന്മകൾ നേരുന്നു!

# ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ മുപ്പതിന്റെ നിറവിൽ

ന്യൂയോർക്ക്: അമേരിക്കൻ അസോസിയേഷൻ ഓഫ് ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് എന്ന പ്രൊഫഷണൽ സോഷ്യൽ വർക്സ് അസോസിയേഷൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഇന്നേക്ക് മുപ്പതു വർഷങ്ങൾ പിന്നിടുന്നു. 1996-ൽ ജന്മമെടുത്ത ഈ അസോസിയേഷൻ അമേരിക്കയിലെ ട്രൈസ്റ്റേറ്റിൽ വിവിധ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. സർക്കാരിന്റെ വിവിധ സാമൂഹിക സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടിയേറ്റ മാർഗനിർദ്ദേശങ്ങൾ, വിവിധ പ്രായത്തിലുള്ളവർക്കുള്ള ക്ലാസുകൾ, നിയമനിർദേശങ്ങൾ തുടങ്ങിയ മേഖലകളിൽ ഈ അസോസിയേഷൻ മെംബേഴ്സ് തികച്ചും സൗജന്യമായി നിശബ്ദസേവനം ചെയ്യുന്നു. മാനസികാരോഗ്യം, കൗൺസിലിംഗ് തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയമായ നിർദേശങ്ങളും നല്കിവരുന്നു.



സാബു തടിപ്പുഴ



വിൻസെന്റ് ജോസഫ്




ചാൾസ് മാത്യു



ജോൺ അമ്മാകിൽ



സിജു ജേക്കബ്



ഡോ. പോൾ നളിയത്

ഈ വരുന്ന മാർച്ച് ഏഴാം തീയതി ശനിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് ലോങ്ഐലൻഡിലെ ക്നാനായ സെന്ററിൽ വെച്ച് സോഷ്യൽ വർക്കേഴ്സ് അസോസിയേഷന്റെ മുപ്പതാം വാർഷിക ആഘോഷങ്ങൾ നടക്കുന്നു. പരിപാടികൾക്ക് പ്രസിഡണ്ട് സാബു തടിപ്പുഴ, സെക്രട്ടറി വിൻസെന്റ് ജോസഫ്, വൈസ് പ്രസിഡണ്ട് ചാൾസ് മാത്യു, ജോയിന്റ് സെക്രട്ടറി ജോൺ അമ്മാകിൽ, ട്രഷറർ സിജു ജേക്കബ്, ബോർഡ് ഓഫ് ട്രസ്റ്റി ഡോക്ടർ പോൾ നളിയത് തുടങ്ങിയവർ നേതൃത്വം നല്കുന്നു. പരിപാടിയിലേക്ക് എല്ലാ സോഷ്യൽ വർക്കേഴ്സിനേയും സ്വാഗതം ചെയ്യുന്നു.

# ഡിഎ 10 ശതമാനം വർധിപ്പിച്ച് ഉത്തരവ്

തിരുവനന്തപുരം: ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയിലും (ഡിഎ) പെൻഷൻകാരുടെ ക്ഷാമാശ്വാസത്തിലും (ഡിആർ) 10 ശതമാനം വർധന വരുത്തി ധനവകുപ്പ് ഉത്തരവിറക്കി. ഏപ്രിലിൽ വിതരണം ചെയ്യുന്ന ശമ്പളത്തിലും പെൻഷനിലുമാണു വർധന നടപ്പാക്കുക. ഇതോടെ ഡിഎയും ഡിആറും 25-ൽ നിന്ന് 35 ശതമാനമായി ഉയരും. 2024 ജനുവരി ഒന്ന് മുതലുള്ള നാല് ഗഡുക്കളാണ് ഇപ്പോൾ അനുവദിച്ചത്. ഇതോടെ, ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡിഎ കുടിശിക മുഴുവൻ വിതരണം ചെയ്തശേഷം സർക്കാർ തെരഞ്ഞെടുപ്പിലേക്കു നീങ്ങുകയാണ്.

# ഡാളസ് വലിയപള്ളിയിലെ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം സിൽവർ ജൂബിലി ബ്ലെസ്ഡ് ഹോം പ്രോജക്ടിലൂടെ കേരളത്തിൽ നാല് വീടുകൾ

**ജിനു കുര്യൻ പാമ്പാടി**

ഡാളസ്: ഡാളസ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ യുവജനപ്രസ്ഥാനം (ഒസിവൈഎം) യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ വെറും ആഘോഷമായി മാത്രം നടത്താതെ അത് സാമൂഹിക പ്രതിബദ്ധതയോടെ മുന്നേറുമ്പോൾ അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ബ്ലെസ്ഡ് ഹോം ഭവനനിർമ്മാണ പദ്ധതി കേരളത്തിൽ കരുണയുടെയും സഹാനുഭൂതിയുടെയും ഉജ്വല മാതൃകയായി മാറുന്നു. സമൂഹത്തിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് ഒരു താമസസ്ഥലം മാത്രമല്ല, ആത്മവിശ്വാസത്തോടെയും മാന്യതയോടെയും ജീവിക്കാനുള്ള സുരക്ഷിതമായൊരു ഭവനം സമ്മാനിക്കുകയെന്ന മഹത്തായ ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം ഇതിനോടകംതന്നെ വലിയ സ്വീകാര്യതയും അഭിനന്ദനവും നേടി.



സിൽവർ ജൂബിലി ആഘോഷങ്ങൾ വെറും ആഘോഷങ്ങളായി മാത്രം ഒതുങ്ങാതെ സമൂഹത്തോടുള്ള ഉത്തരവാദിത്വ ബോധത്തിന്റെ മകുടോദാഹരണമായി ഈ സംരംഭം മാറിയിരിക്കുകയാണ്. വിദേശത്ത് കഴിയുന്നെങ്കിലും ജന്മനാടിനോടുള്ള ആത്മബന്ധവും കടപ്പാടും മനസ്സിലാക്കി സാമൂഹിക സേവനത്തിന്റെ വഴിയിൽ ഒസിവൈഎം പ്രവർത്തകർ കൈകോർത്താണ് ബ്ലെസ്ഡ് ഹോം പദ്ധതി രൂപംകൊണ്ടത്. വിശ്വാസം പ്രവൃത്തിയായി മാറുമ്പോൾ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ സാക്ഷ്യമാണ് ഈ സംരംഭം.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നാല് വീടുകളുടെ നിർമ്മാണമാണ് പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനകം രണ്ട് വീടുകളുടെ താക്കോൽദാനച്ചടങ്ങുകൾ വിജയകരമായി പൂർത്തിയായി. കടമ്പനാട് പ്രദേശത്ത് റവ.ഫാ. രഞ്ജു പി. കോശി സിബി ഏബ്രഹാമിന് പൂർത്തിയായ വീടിന്റെ താക്കോൽ കൈമാറി. അതുപോലെ ചെങ്ങന്നൂർ നഗരത്തിൽ റവ.ഫാ. വിമൽ മാമൻ ചെറിയാൻ പി.പി. നടേശന് പുതിയ ഭവനത്തിന്റെ താക്കോൽ നല്കി അനുഗ്രഹിച്ചു. ഈ ചടങ്ങുകൾ പ്രദേശവാസികൾക്കും വിശ്വാസികൾക്കും ആത്മീയവും സാമൂഹികവുമായും ഏറെ ഉണർവും പ്രചോദനവും നല്കുന്ന സ്മരണീയമായ അവസരമായി മാറി.









മൂന്നാമത്തെ വീടിന്റെ പ്രവർത്തനങ്ങൾ ഇടുക്കി മുങ്ങിയരിമയിൽ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ, നാലാമത്തെ വീടിന്റെ പണികൾ അടൂർ വെള്ളാംകുളങ്ങര പ്രദേശത്ത് സജീവമായി നടക്കുന്നു. ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട് സമയബന്ധിതമായി എല്ലാ വീടുകളും പൂർത്തിയാക്കി അർഹരായ കുടുംബങ്ങൾക്ക് കൈമാറാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഓരോ വീടും ഒരു കുടുംബത്തിന്റെ ജീവിതത്തിൽ സ്ഥിരതയും സുരക്ഷയും നിറഞ്ഞ പുതിയ അധ്യായത്തിനു തുടക്കമാകും എന്ന ആത്മ വിശ്വാസത്തിലാണ് പ്രവർത്തകർ.



2024- ൽ രൂപീകൃതമായ സിൽവർ ജൂബിലി കമ്മിറ്റിയാണ് ഈ മഹത്തായ ഭവന നിർമാണ സംരംഭത്തിന് നേതൃത്വം നൽകുന്നത്. വന്ദ്യ. സി.ജി. തോമസ് കോർ എപ്പിസ്കോപ്പ, റവ. ഫാ. ബിനോയ് ജോർജ്, റവ. ഫാ. ഡിജു സ്കറിയ, റവ. ഫാ. ചാക്കോ ഐസക് എന്നിവർ ആത്മീയ നേതൃത്വം വഹിക്കുന്നതിനൊപ്പം ജൂബിലി കമ്മിറ്റി കൺവീനർ ബിജു പൗലോസ്, ഷിജോ തോമസ്, ഷൈനു മാത്യു, ജോബി ജേക്കബ്, ബീന ഷിബു, രാജി അനൂപ്, അനീഷ ജേക്കബ് എന്നിവരുടെ പ്രവർത്തന സഹകരണവും ഇടവകാംഗങ്ങളുടെ ഉദാരമായ പിന്തുണയും പദ്ധതിയുടെ വിജയത്തിന് അടിസ്ഥാനമായി. ഇടവകാംഗങ്ങൾ സാമ്പത്തികയമായും പ്രാർത്ഥനാപൂർവമായും നൽകിയ പിന്തുണ ഈ സംരംഭത്തെ ശക്തിപ്പെടുത്തി.

സിൽവർ ജൂബിലിയുടെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെടുന്ന സുവനീറിന് പ്രിൻസ് ഏബ്രഹാം, സുനീ ഏബ്രഹാം എന്നിവർ നേതൃത്വം നൽകുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണത്തിലും ഏകോപനത്തിലും ജൂബിലി ആഘോഷങ്ങൾ ആത്മീയതയും സാമൂഹിക ഉത്തരവാദിത്വവും സമന്വയിപ്പിക്കുന്ന ഒരു അവിസ്മരണീയ പ്രസ്ഥാനമായി മാറുകയാണ്.

ബ്ലെസ്ഡ് ഹോം പദ്ധതി ഒരു നിർമ്മാണപ്രവർത്തനം മാത്രമല്ല. അത് മനുഷ്യസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യവും വിശ്വാസത്തിന്റെ പ്രവൃത്തിപരമായ പ്രകടനവുമാണ്. സിൽവർ ജൂബിലിആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ സംരംഭം ഡാളസ് വലിയപള്ളി ഒസിവൈഎം-ന്റെ സേവനമനോഭാവവും സമൂഹബാദ്ധ്യതയും പ്രതിഫലിപ്പിക്കുന്ന ഒരു പ്രകാശസ്തംഭമായി നിലകൊള്ളുന്നു. ഭവനമില്ലാത്തവർക്ക് ഒരു ഭവനം മാത്രം അല്ല, പ്രതീക്ഷയും ആത്മഗൗരവവും നിറഞ്ഞ ഒരു പുതിയ ജീവിതത്തിന്റെ വാതിൽ തുറക്കുകയാണ് ഈ കാരുണ്യ സംരംഭം.

സമൂഹ നന്മയെ ലക്ഷ്യമാക്കി നടത്തുന്ന ഇത്തരം സേവനപ്രവർത്തനങ്ങൾ ഭാവിയിലും തുടരുമെന്ന ദൃഢപ്രതിജ്ഞയോടെ, സിൽവർ ജൂബിലി ആഘോഷങ്ങൾ വിശ്വാസത്തിന്റെയും സേവനത്തിന്റെയും ഉജ്വലവും മായാത്തതുമായ ഉദാഹരണമായി ചരിത്രത്തിൽ ഇടംനേടുന്നു.



# ഇഡിയുമായി സഹകരിച്ച് കേരളം

കൊച്ചി: ചരിത്രത്തിൽ ആദ്യമായി കേരള സർക്കാരും എൻഫോഴ്സ് ഡയറക്ടറേറ്റും കൈകോർത്തതോടെ പോപ്പുലർ ഫിനാൻസ് സാമ്പത്തിക തട്ടിപ്പിൽ കുരുങ്ങിയ മുപ്പതിനായിരത്തിലേറെ നിക്ഷേപകർക്ക് ആശ്വാസമാകും. കേസിൽ ഇഡി കണ്ടുകെട്ടിയ 65.67 കോടി രൂപയുടെ സ്വത്ത് സംസ്ഥാന ബഡ്സ് അതോറിറ്റി നിക്ഷേപകർക്ക് തിരിച്ചു നല്കും. നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പായി ഈ നടപടികൾ പൂർത്തിയാക്കുമെന്നാണ് സൂചന.

എറണാകുളം കളക്ടർക്കാണ് നിക്ഷേപകർക്ക് പണം നൽകാനുള്ള ചുമതല. സമാനമായി തൃശൂരിലെ ഹൈറിച്ച് തട്ടിപ്പു കേസിലും തട്ടിപ്പിനിരയായ നിക്ഷേപകർക്ക് ബഡ്സ് അതോറിറ്റി മുഖേന പണം നൽകാനുള്ള നീക്കം തുടങ്ങി. സംഭവത്തിൽ 1365 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിരുന്നു.

2020 ഒക്ടോബറിൽ ഇഡിയും കേസെടുത്തു. 2021 ഓഗസ്റ്റിൽ പോപ്പുലർ ഗ്രൂപ്പ് ഉടമ തോമസ് ഡാനിയലിനേയും മകൾ റിനു മറിയത്തെയും ഇഡി അറസ്റ്റ് ചെയ്തു. 2022 ജൂണിൽ തോമസ് ഡാനിയലിന്റെ അമ്മ മറിയാമ്മ ഡാനിയേലിനെ ഓസ്ട്രേലിയയിൽ നിന്ന് കൊച്ചിയിലെത്തിച്ച് അറസ്റ്റ് ചെയ്തു. കേസിൽ രണ്ട് ഘട്ടങ്ങളിലായി പോപ്പുലർ ഫിനാൻസ് ഉടമകളുടെ 65 കോടി രൂപയുടെ സ്വത്ത് ഇഡി കണ്ടുകെട്ടി.

2023 നവംബറിൽ സംസ്ഥാന സർക്കാർ അനധികൃത നിക്ഷേപ പദ്ധതികൾ നിരോധിക്കൽ ചട്ടം (ബാനിങ് ഓഫ് അൺ റെഗുലേറ്റഡ് ഡിപ്പോസിറ്റ് സ്കീം ആക്ട്-ബഡ്സ്) വിജ്ഞാപനം ചെയ്തു. ചട്ടത്തിനു കീഴിൽ സംസ്ഥാനത്ത് ആദ്യമായി പോപ്പുലർ ഫിനാൻസ് തട്ടിപ്പ് ഉൾപ്പെടുത്തി സ്വത്തുക്കൾ കണ്ടുകെട്ടി. കണ്ടുകെട്ടിയ സ്വത്തുക്കൾ ലേലം ചെയ്ത് തട്ടിപ്പിന് ഇരയായവർക്ക് നല്കാൻ ബഡ്സ് അതോറിറ്റിക്ക് അധികാരമുണ്ട്.

ഈ സാഹചര്യം വിലയിരുത്തി പോപ്പുലർ ഫിനാൻസ് തട്ടിപ്പു കേസിൽ കണ്ടുകെട്ടിയ സ്വത്ത് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ബഡ്സ് അതോറിറ്റിക്ക് ഇഡി കത്ത് നല്കി. നിക്ഷേപം തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെട്ട് തട്ടിപ്പിനിരയായവർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ബഡ്സ് അതോറിറ്റി പിഎംഎൽഎ കോടതിയെ സമീപിച്ചു.

കണ്ടുകെട്ടിയ 65 കോടി രൂപയുടെ സ്വത്ത് ബഡ്സ് അതോറിറ്റിക്ക് കൈമാറുന്നതിൽ എതിർപ്പില്ലെന്ന് ഇഡി കോടതിയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് പിഎംഎൽഎ കോടതി നിക്ഷേപകർക്ക് പണം കൈമാറാൻ ഉത്തരവിട്ടത്.

ഇഡി കണ്ടുകെട്ടിയതിൽ 33.20 കോടി രൂപയുടേത് ബാങ്ക് നിക്ഷേപങ്ങളാണ്. ബാക്കി 31.87 കോടി രൂപയുടേത് കെട്ടിടമുൾപ്പെടെയുള്ള ഭൂസ്വത്തുക്കളാണ്. കെട്ടിടങ്ങളും ഭൂമിയുമായി 23 വസ്തുവകകൾ, നിക്ഷേപകരുടെ 32 കിലോ സ്വർണം. 1,132 ബാങ്ക് അക്കൗണ്ടുകളിലായി വീണ്ടും പണയം വെച്ചത്, പതിനെട്ട് ആഡംബരക്കാറുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ, 12 സേവിങ്സ് അക്കൗണ്ടുകളിലെ 23 സ്ഥിരനിക്ഷേപങ്ങൾ, പോപ്പുലർ ഗ്രൂപ്പിന്റെ 732 കറന്റ് അക്കൗണ്ടുകൾ എന്നിങ്ങനെയാണ് സ്വത്തുവകകൾ.

ലേലം ചെയ്യേണ്ടവയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പണംസ്വരൂപിച്ച് നിക്ഷേപകർക്ക് നല്കേണ്ടത് ബഡ്സ് അതോറിറ്റിയുടെ ചുമതലയാണ്.

## കല്ലട ജലസേചന പദ്ധതി അഴിമതി: ശിക്ഷ ശരിവെച്ച് ഹൈക്കോടതി

കൊച്ചി: കല്ലട ജലസേചന പദ്ധതി അഴിമതിക്കേസിൽ പ്രതികളുടെ ശിക്ഷ ഹൈക്കോടതി ശരിവെച്ചു. ശിക്ഷയ്ക്കെതിരെ പ്രതികൾ സമർപ്പിച്ച അപ്പീലുകൾ ജസ്റ്റിസ് എ. ബദറുദ്ദീൻ തള്ളി.

കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ കുലശേഖരപുരം ഉപകനാലിന്റെ നിർമാണവുമായി ബന്ധപ്പെട്ടു കരാറുകാരനായ തിരുവല്ല സ്വദേശി ടി.ഒ. ഏബ്രഹാം, കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ സൂപ്രണ്ടിങ് എഞ്ചിനീയർ ആലുവ സ്വദേശി കെ.പി. ഫിലിപ്പ് എന്നിവരുടെ ഹർജിയാണു തള്ളിയത്.

ഔദ്യോഗിക കൃത്യവിലോപത്തിനു മൂന്നുവർഷം വീതം കഠിനതടവിനും 17 ലക്ഷം രൂപ വീതം പിഴ അടയ്ക്കാനും പിഴ അടയ്ക്കാത്ത പക്ഷം ഒരു വർഷം കൂടി തടവിനും ക്രിമിനൽ ഗൂഢാലോചനയ്ക്ക് ഒരു വർഷം വീതം തടവിനും തിരുവനന്തപുരം വിജിലൻസ് സ്പെഷൽ കോടതി ശിക്ഷിച്ചിരുന്നു.

1988-ലെ കരാർ പ്രകാരം കുലശേഖരപുരം ഉപ കനാലിന്റെ 700 മീറ്റർ ഭാഗം 24,45,000 രൂപയ്ക്ക് ഒൻപതു മാസംകൊണ്ടു പണി പൂർത്തീകരിക്കണം എന്നായിരുന്നു വ്യവസ്ഥ. എന്നാൽ, കരാർ പ്രകാരം സമയബന്ധിതമായി പണിപൂർത്തിയാക്കാതെ പണിക്കിടയിൽ ഉപ കരാറുകൾ ഉണ്ടാക്കി കരാറിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്ത് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കരാർ പ്രകാരമുള്ള തുക കൂടാതെ 34,78,415 രൂപ ക്രമക്കേട് നടത്തി അധികമായി കരാറുകാരനു നൽകുകയായിരുന്നു എന്ന വിജിലൻസ് സ്പെഷൽ കോടതിയുടെ കണ്ടെത്തൽ ഹൈക്കോടതി ശരിവെച്ചു.

അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ സൂപ്രണ്ടിങ് എഞ്ചിനീയർ മരണപ്പെട്ടതിനാൽ സ്പെഷൽ കോടതി വിധിച്ച പിഴസംഖ്യ അനന്തരാവകാശികളിൽനിന്ന് ഈടാക്കാനും ഹൈക്കോടതി ഉത്തരവായി. വിജിലൻസിനുവേണ്ടി സ്പെഷൽ ഗവ. പ്ലീഡർ എ. രാജേഷ്, സീനിയർ ഗവ. പ്ലീഡർ എസ്. രേഖ എന്നിവർ ഹാജരായി.

## അസംപ്ഷൻ കോളജിന് അഭിമാനത്തിളക്കം

ചങ്ങനാശേരി: പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ചങ്ങനാശേരി അസംപ്ഷൻ കോളജിന് സംസ്ഥാന കായിക അവാർഡുകളിൽ തിളക്കമാർന്ന നേട്ടം. വിവിധ വിഭാഗങ്ങളിലായി നാല് സംസ്ഥാന അവാർഡുകളാണ് അസംപ്ഷൻ കോളജ് സ്വന്തമാക്കിയത്.


ഡോ. ജിമ്മി ജോസഫ്


സി.എസ്. അനുമരിയ


വി.കെ. വിസ്മയ


അക്ഷയ ഫിലിപ്പ്

കേരളത്തിലെ കായികരംഗത്തിന്റെ പിതാവായി വിശേഷിപ്പിക്കപ്പെടുന്ന ജി.വി. രാജയുടെ സ്മരണാർത്ഥം സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന 2022-ലെ ജി.വി. രാജ അവാർഡ് മുൻ അന്തർദ്ദേശീയ അത്‌ലറ്റും അസംപ്ഷൻ കോളജിന്റെ അഭിമാനതാരവുമായ വി.കെ. വിസ്മയയ്ക്കു ലഭിച്ചു. ഡിഗ്രി വിദ്യാർത്ഥി ആയിരിക്കുമ്പോൾ അന്തർസർവകലാശാലാ മത്സരങ്ങളിൽ 200 മീറ്ററും 400 മീറ്റും ഇനങ്ങളിൽ പുതിയ മീറ്റ് റെക്കോർഡുകൾ സ്ഥാപിച്ചതാണ് കോളജ് തലത്തിൽ വിസ്മയയുടെ ശ്രദ്ധേയ നേട്ടം. തുടർന്ന് ഇന്ത്യൻ ക്യാമ്പിലെത്തി വിസ്മയ നിരവധി അന്തർദേശീയ മത്സരങ്ങളിൽ നിരവധി മെഡലുകൾ നേടി.

2024-ലെ മികച്ച കായികനേട്ടം കൈവരിച്ച കോളജിലെ കായിക അദ്ധ്യാപകനുള്ള സംസ്ഥാനതല അവാർഡ് അസംപ്ഷൻ കോളജിലെ കായികാദ്ധ്യാപകൻ ഡോ. ജിമ്മി ജോസഫിനു ലഭിച്ചു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി അസംപ്ഷൻ കോളജിലെ കായികതാരങ്ങൾ ദേശീയവും അന്തർദേശീയവുമായ വേദികളിൽ കാഴ്ചവെച്ച മികവുറ്റ പ്രകടനങ്ങളാണ് ഈ അംഗീകാരം ഡോ. ജിമ്മി ജോസഫിനു നേടിക്കൊടുത്തത്. 2022-ലെ മികച്ച നേട്ടം കൈവരിച്ച സ്പോർട്സ് ഹോസ്റ്റൽ കായികതാരത്തിനുള്ള വനിതാവിഭാഗം അവാർഡ് അസംപ്ഷൻ കോളജിന്റെ ബാസ്കറ്റ്ബോൾ താരം അനുമരിയയ്ക്കാണ് ലഭിച്ചത്.

2024-ലെ മികച്ച നേട്ടം കൈവരിച്ച സ്പോർട്സ് ഹോസ്റ്റൽ കായികതാരത്തിനുള്ള വനിതാവിഭാഗം അവാർഡ് അസംപ്ഷൻ കോളജിലെ മറ്റൊരു ബാസ്കറ്റ്ബോൾ താരം അക്ഷയ ഫിലിപ്പ് കരസ്ഥമാക്കി. അസംപ്ഷന് അഭിമാനനേട്ടം സമ്മാനിച്ച കായികപ്രതിഭകളെ കോളജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് അഭിനന്ദിച്ചു.

## അന്തിമ വോട്ടർ പട്ടികയിൽ 2.69 കോടി വോട്ടർമാർ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടത്തിയ തീവ്രവോട്ടർ പട്ടിക പരിഷ്കരണത്തിലെ അന്തിമ വോട്ടർ പട്ടികയിൽ കേരളത്തിൽ 2.69 കോടി വോട്ടർമാർ. 1.31 കോടി പുരുഷന്മാരും 1.38 കോടി സ്ത്രീകളും 277 ഭിന്നലിംഗക്കാരും പട്ടികയിലുണ്ട്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 7,95,515 വോട്ടർമാർ കുറഞ്ഞു. എസ്ഐആറിന്റെ തുടക്കത്തിൽ പരിഗണിച്ച 2.78 കോടി വോട്ടർമാരിൽ നിന്ന് 9 ലക്ഷത്തോളം കുറഞ്ഞു. 24.08 ലക്ഷം പേരെ പുറത്താക്കിയുള്ള എസ്ഐആർ കരട് വോട്ടർ പട്ടികയെ അപേക്ഷിച്ച് 15,11,292 പേർ കൂടി. കരട് വോട്ടർ പട്ടികയിൽ 2,54,42,352 പേരായിരുന്നു ഉണ്ടായിരുന്നത്. ഇതാണ് ഇപ്പോൾ 2,69,53,644 പേരായി ഉയർന്നത്.

കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 2.86 കോടിയായിരുന്നു വോട്ടർമാരുടെ എണ്ണം. അതിനെ അപേക്ഷിച്ച് ഇപ്പോഴത്തെ പട്ടികയിൽ 19 ലക്ഷത്തോളം പേരുടെ കുറവുണ്ടായി.

തദ്ദേശ വോട്ടർപട്ടിക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുദ്ധികലശം നടത്തിയില്ലെന്ന പരാതി വ്യാപകമായിരുന്നു.

കരട് വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിരുന്നതും ഹിയറിങ്ങിനു വിളിക്കാത്തതുമായ വോട്ടർമാരെ അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കില്ലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

## വി.എസ്. അനിൽകുമാറിന്റെ വീടിനു മുന്നിൽ റീത്ത്

കണ്ണൂർ: സി.പി.എമ്മിൽ നിന്ന് പുറത്താക്കിയ വി. കുഞ്ഞികൃഷ്ണൻ രചിച്ച പുസ്തകം ഏറ്റുവാങ്ങിയ എഴുത്തുകാരനും വിമർശകനുമായ വി.എസ്. സുനിൽകുമാറിന്റെ കണ്ണപുരത്തെ വീടിനു മുന്നിൽ അജ്ഞാതർ റീത്ത് വെച്ചു. ഗേറ്റിന്റെ അടിയിലൂടെ അകത്തേക്കു വെച്ച നിലയിലായിരുന്നു. അനിൽകുമാർ കണ്ണപുരം പോലീസിൽ പരാതി നല്കിയിട്ടുണ്ട്. ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസെത്തി പരിശോധിച്ച ശേഷം റീത്ത് എടുത്തു മാറ്റി.

പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിക്കും. സംഭവമറിഞ്ഞ് സിപിഎമ്മിന്റെ പ്രാദേശിക നേതാക്കളടക്കം ഒട്ടേറെപ്പേർ വീട്ടിലെത്തി കാര്യങ്ങൾ അന്വേഷിച്ചു. സിപിഎം പയ്യന്നൂർ മുൻ ഏരിയാ സെക്രട്ടറി വി. കുഞ്ഞികൃഷ്ണൻ രചിച്ച ‘നേതൃത്വത്തെ അണികൾ തിരുത്തണം’ എന്ന പുസ്തക പ്രകാശനച്ചടങ്ങിൽ പുസ്തകം ഏറ്റുവാങ്ങിയത് അനിൽകുമാറായിരുന്നു. അന്ന് സിപിഎം നേതൃത്വത്തിനെതിരെ പ്രസംഗിക്കുകയും ചെയ്തിരുന്നു. പ്രൊഫ. എം.എൻ. വിജയന്റെ മകനാണ് സുനിൽകുമാർ.

റീത്ത് വെച്ചത് പ്രാകൃത രീതിയാണെന്നും അതിനെ ചിരിച്ചു തള്ളുന്നുവെന്നും സുനിൽകുമാർ പറഞ്ഞു. നിലപാടുകളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. കുഞ്ഞികൃഷ്ണനെ നേരിട്ടു കണ്ടത് പുസ്തക പ്രകാശനത്തിന് മാത്രമാണ്. റീത്ത് വെച്ചത് ആരെന്നോ കാരണമെന്തെന്നോ അറിയില്ല. പോലീസ് അന്വേഷിച്ചു കണ്ടെത്തട്ടേയെന്നും അനിൽകുമാർ പറഞ്ഞു.

## ഗാസ സമാധാന സമിതിയിൽ നിരീക്ഷകരാജ്യമായി ഇന്ത്യയും

വാഷിങ്ടൺ: ഗാസയിൽ സുസ്ഥിര സമാധാനമുണ്ടാക്കാൻ ലക്ഷ്യമിട്ട് യു.എസ്. പ്രസിഡണ്ട് ഡോണൾഡ് ട്രംപ് സ്ഥാപിച്ച ബോർഡ് ഓഫ് പീസിന്റെ (സമാധാനസമിതി) ഉദ്ഘാടനസമ്മേളനത്തിൽ ഇന്ത്യ നിരീക്ഷകരാജ്യമായി പങ്കെടുത്തു. ഫെബ്രുവരി 19-ന് വ്യാഴാഴ്ച വാഷിങ്ടണിലെ ഡോണൾഡ് ജെ. ട്രംപ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസിലായിരുന്നു സമ്മേളനം. യുഎസിലെ ഇന്ത്യൻ എംബസിയുടെ താത്കാലികചുമതല വഹിക്കുന്ന നയതന്ത്രജ്ഞൻ നാംഗ്യ ഖാംപയാണ് ഇന്ത്യയെ പ്രതിനിധാനം ചെയ്തത്.

സമിതിയിൽ ചേരാനുള്ള ക്ഷണം സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുകയാണെന്ന് ഇന്ത്യ നേരത്തേ പറഞ്ഞിരുന്നു. സമിതിയിലേക്ക് 1000 കോടി ഡോളർ യുഎസ് സംഭാവന ചെയ്യുമെന്നാണ് ട്രംപ് പ്രഖ്യാപിച്ചിട്ടുള്ളത്. ഒൻപത് അംഗരാജ്യങ്ങൾ ഗാസയുടെ പുനർനിർമാണത്തിനുമാത്രം 700 കോടി ഡോളർ പ്രഖ്യാപിച്ചു. ഗാസയുടെ സുരക്ഷാമേൽനോട്ടത്തിനുള്ള അന്താരാഷ്ട്രസേനയിലേക്ക് 9000 സൈനികരെ അയക്കാമെന്ന് ഇൻഡൊനീഷ്യ സമ്മതിച്ചു. സേനയുടെ ഡെപ്യൂട്ടികമാൻഡർ റോൾ അവർ വഹിക്കും. ഗാസാവിഷയം കൂടാതെ അന്താരാഷ്ട്രസംഘർഷങ്ങൾ പരിഹരിക്കാനുള്ള വേദിയായി ട്രംപ് വിഭാവനം ചെയ്ത ബോർഡ് ഓഫ് പീസ്, യുഎന്നിന് ബദലാകുമെന്നാണ് വിലയിരുത്തൽ. നിലവിൽ 27 അംഗരാജ്യങ്ങളുണ്ട്.

# ജോർജി വർഗീസ് ഫൊക്കാന ഇലക്ഷൻ കമ്മീഷണർ

## ജോൺ പി. ജോൺ, ബിജു കൊട്ടാരക്കര എന്നിവർ കമ്മീഷൻ അംഗങ്ങൾ

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ ഇലക്ഷൻ കമ്മീഷണർ ആയി ഫൊക്കാന മുൻ പ്രസിഡണ്ടും സാംസ്കാരിക, മാധ്യമപ്രവർത്തകനും കൂടിയായ ജോർജി വർഗീസിനെ (ഫ്ളോറിഡ) തെരഞ്ഞെടുത്തു. കമ്മീഷൻ അംഗങ്ങളായി ഫൊക്കാന മുൻ പ്രസിഡണ്ട് ജോൺ പി. ജോൺ (കാനഡ), ട്രസ്റ്റി ബോർഡ് സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര (ന്യൂയോർക്ക്) എന്നിവരെയും തെരഞ്ഞെടുത്തതായി ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ് അറിയിച്ചു.

ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽവെച്ച് നടത്തപ്പെടുന്ന ഫൊക്കാനയുടെ അന്തർദ്ദേശീയ കൺവൻഷനിൽ വെച്ചാണ് 2026-28 വർഷത്തേക്കുള്ള ഇലക്ഷൻ.



ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട ജോർജി വർഗീസ് ഫൊക്കാന പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഫൊക്കാന ടുഡേ ചീഫ് എഡിറ്റർ, ഇലക്ഷൻ കമ്മീഷണർ, കേരള കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും ഫൊക്കാനയുടെ വിവിധ പദവിളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫ്ളോറിഡയിലെ സാമൂഹിക സാംസ്കാരിക മാധ്യമ മേഖലയിൽ സജീവ സാന്നിദ്ധ്യമായ ജോർജി വർഗീസ് ഫൊക്കാനയുടെ പൊതുസമ്മതനായ പ്രവർത്തകനായി എക്കാലവും അറിയപ്പെടുന്ന വ്യക്തിയാണ്. മൾട്ടിനാഷണൽ കമ്പനിയായ ഹാരിസൺ ആൻഡ് ക്രോസ്സ്ഫീൽഡിന്റെ ലേബർ വെൽഫെയർ ഓഫീസറായി ജോലി ചെയ്യുമ്പോഴാണ് അമേരിക്കയിലേക്ക് വന്നത്.

ഐഐസിസി ഫ്ളോറിഡ ചാപ്റ്ററിന്റെ മുൻ പ്രസിഡണ്ട്, ലോക കേരള സഭാംഗം, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ പ്രസിഡണ്ട്, സെക്രട്ടറി, അഡ്വൈസറി ബോർഡ് ചെയർമാൻ, മാർത്തോമാ സഭ നോർത്ത് അമേരിക്കൻ ഭദ്രാസന മെംബർ, സൗത്ത് ഫ്ളോറിഡ ചർച്ച് വൈസ് പ്രസിഡണ്ട്, സെക്രട്ടറി തുടങ്ങി നിരവധി സ്ഥാനങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്തിട്ടുണ്ട്. ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ സോഷ്യൽ-വിഷനറി അവാർഡ് ജേതാവാണ്. ബ്രോവാർഡ് കൗണ്ടി ഹ്യൂമൻ സർവീസിൽ സീനിയർ മാനേജരായി ജോലി ചെയ്യുന്നു. തിരുവല്ല കവിയൂർ സ്വദേശിയാണ്.

ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട ജോൺ പി. ജോൺ ഫൊക്കാനയുടെ മുൻ പ്രസിഡണ്ട്, മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കാനഡയിൽ നടത്തിയ ഫൊക്കാന കൺവൻഷൻ ചരിത്രമാക്കി മാറ്റിയതിന്റെ വ്യക്തിത്വത്തിന്റെ ഉടമയാണ്. 1968-ൽ ഇരുപത് അംഗങ്ങളുമായി ആരംഭിച്ച ടോറന്റോ മലയാളി സമാജം, നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ സംഘടനകളിൽ ഒന്നായി മാറ്റിയതിൽ ജോൺ പി. ജോണിന്റെ സംഘടന പാടവത്തിന് തെളിവാണ്. പത്തു തവണ ടോറന്റോ മലയാളി സമാജത്തിന്റെ പ്രസിഡണ്ടായ അദ്ദേഹം കനേഡിയൻ-അമേരിക്കൻ മലയാളികൾക്ക് സർവ്വ സമ്മതനാണ്. ഫൊക്കാന പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് മെംബർ, കമ്മിറ്റി മെംബർ, ഇലക്ഷൻ കമ്മീഷണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം പ്രവാസി ചാനൽ ആദ്യമായി ഏർപ്പെടുത്തിയ നാമി അവാർഡ് നേടിയ ആദ്യവ്യക്തി കൂടിയാണ്. കോട്ടയം കളത്തിപ്പടി സ്വദേശിയായ ജോൺ കാനഡയിലെ അറിയപ്പെടുന്ന വ്യവസായിയാണ്.

ഇലക്ഷൻ കമ്മീഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ബിജു ജോൺ കൊട്ടാരക്കര ഫൊക്കാനയുടെ ഇപ്പോഴത്തെ ട്രസ്റ്റി ബോർഡ് സെക്രട്ടറിയും ഫൊക്കാന മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി ട്രഷററും, അഡീഷണൽ അസോസിയേറ്റ് ട്രഷറർ, ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ ജോ. ട്രഷറർ, ഫൊക്കാന ടുഡേ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. മലയാളം ട്രബ്യൂണൽ ഓൺലൈൻ പത്രത്തിന്റെ ചീഫ് എഡിറ്റർ, മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ അറിയപ്പെടുന്ന വ്യക്തിത്വമാണ്. സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ മേഖലകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന അദ്ദേഹം കേരളാ എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ സജീവ പ്രവർത്തകനും സംഘടനയുടെ നിരവധി പദവികളിലും പ്രവർത്തിച്ചിട്ടുണ്ട്. കീൻ ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോ-ഓർഡിനേറ്റർ, കീൻ ലോങ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡണ്ട്, പബ്ലിക് റിലേഷൻ കോ-ഓർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) ചാപ്റ്ററിന്റെ ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡണ്ട് ചുമതലയും വഹിച്ചിട്ടുണ്ട്. ദുബായിൽ ദീർഘകാലം ജോലി ചെയ്തിട്ടുള്ളതും നിലവിൽ ന്യൂയോർക്ക് ട്രാൻസിറ്റ് അതോറിറ്റിയിലെ സൂപ്പർവൈസറും റിയൽ എസ്റ്റേറ്റ് മേഖലയിലും പ്രവർത്തിക്കുന്ന ബിജു കൊട്ടാരക്കര സ്വദേശിയാണ്.

# ഡോ. പി.കെ. രമണി അന്തരിച്ചു

തൃശൂർ: തൃശൂർ ജില്ലാ സഹകരണ ആശുപത്രി മുൻ മെഡിക്കൽ സൂപ്രണ്ടും പ്രശസ്ത ചികിത്സകയുമായ ഡോ. പി.കെ. രമണി (72) അന്തരിച്ചു. മൂന്നു പതിറ്റാണ്ടിലേറെക്കാലം തൃശൂരിലെ ആരോഗ്യരംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്ന ഡോക്ടർ കരുണാർദ്രമായ പെരുമാറ്റത്തിലൂടെയും പുഞ്ചിരിയോടെയുമുള്ള ചികിത്സയിലൂടെയും ജനമനസ്സുകളിൽ ഇടംനേടിയ വ്യക്തിത്വമായിരുന്നു.

തൃശൂർ പൊന്നാരശ്ശേരി കാപ്പന്റെയും കാർത്യായനിയുടെയും മകളായി 1951 ഡിസംബർ 12-നാണ് ജനനം. തൃശൂരിലെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബിഎസ്സി പഠനത്തിനും ശേഷം കോഴിക്കോട് മെഡിക്കൽ കോളജിൽനിന്ന് മെഡിക്കൽ ബിരുദം നേടി. തൃശൂർ ജില്ലാ സഹകരണ ആശുപത്രിയിൽ എആർഎംഒ ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച ഡോ. രമണി നീണ്ട 35 വർഷത്തെ സേവനത്തിനുശേഷം മെഡിക്കൽ സൂപ്രണ്ടായിട്ടാണ് വിരമിച്ചത്.



ആശുപത്രിയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച അവർ രോഗികൾക്കും സഹപ്രവർത്തകർക്കും ഒരുപോലെ പ്രിയങ്കരിയായിരുന്നു.

പരേതനായ രവി കെ. കുരുവങ്ങാട്ടിലാണ് ഭർത്താവ്.

ലഫ്റ്റനന്റ് കേണൽ നവീൻ കെ.ആർ. മകനാണ്. മരുമകൾ: മേജർ (റിട്ട. സീമ കുമാരി. ഡോ. പി.കെ. രമണിയുടെ നിര്യാണത്തിൽ സഹകരണ ആശുപത്രി ഭരണസമിതിയും ജീവനക്കാരും അഗാധമായ ദുഃഖം രേഖപ്പെടുത്തി.

ആശുപത്രി പ്രസിഡണ്ട് ടി.കെ. പൊറിഞ്ചു, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരും മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. രാംദാസ്, ജീവനക്കാരെ പ്രതിനിധീകരിച്ച് സ്റ്റാൻലി ജോസഫ് എന്നിവരും അനുശോചനം രേഖപ്പെടുത്തി.

# ഫ്ളോറൽ പാർക്കിൽ ഫാ. ഡയസ് ആന്റണി നയിക്കുന്ന നോമ്പുകാല ധ്യാനം മാർച്ച് 12, 13 തീയതികളിൽ

പോൾ ഡി. പനയ്ക്കൽ

ന്യൂയോർക്ക്: ഫ്ളോറൽ പാർക്കിലെ ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ 2026 നോമ്പുകാല ധ്യാനം നടത്തപ്പെടുന്നു. ഈ ആത്മീയധ്യാനം ഫാ. ഡയസ് ആന്റണിയാണ് നയിക്കുക.

ബ്രൂക്ലിൻ രൂപതയുടെ ഇൻ ലാറ്റിൻ റൈറ്റ് അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ ആത്മീയ നവീകരണ അവസരത്തിലേക്ക് താല്പര്യമുള്ള എല്ലാ മലയാളികളേയും സ്വാഗതം ചെയ്യുന്നു എന്ന് അപ്പസ്തോലിക് കോ-ഓർഡിനേറ്റർ ഫാ. റോബർട്ട് അമ്പലത്തിങ്കൽ അറിയിച്ചു.




കത്തോലിക്കാ സഭയിൽ ക്ഷാരബുധൻ മുതൽ ഈസ്റ്റർ വരെയുള്ള നാല്പത് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന നോമ്പ്കാലത്ത് വിശ്വാസികളിൽ ഒരു ആത്മീയ നവീകരണത്തിന് അവസരം നല്കുക എന്നതാണ് നോമ്പുകാല ധ്യാനംകൊണ്ട് ഉദ്ദേശിക്കുന്നത്.

ധ്യാനത്തിന്റെ വൈകാരികവും ധൈഷണികവും ആത്മീയവുമായ പ്രസംഗങ്ങൾ, നയിക്കപ്പെടുന്ന പ്രാർത്ഥന, ശാന്തമായ വിചിന്തനം, വേദഗ്രന്ഥത്തിൽ നിന്നുള്ള പ്രചോദനം, പരസ്പര ആശയവിനിമയം എന്നിവ പങ്കെടുക്കുന്നവരിൽ ജീവിതത്തെ ആത്മീയ കാഴ്ചപ്പാടോടെ അവലോകനം ചെയ്യുന്നതിനും മാനസാന്തരത്തിനും ജീവിതത്തിലെ വീഴ്ചകളിൽനിന്ന് ആത്മീയമായ ഉയർച്ചയ്ക്കും പ്രായശ്ചിത്തത്തിനും വഴിയൊരുക്കും.

ദൈനംദിന ജീവിതത്തിൽ പലപ്പോഴും നമ്മൾ അവഗണിക്കുകയോ ശ്രദ്ധിക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന ബാഹ്യബന്ധങ്ങളെയും സ്വന്തം പെരുമാറ്റങ്ങളെയും നടപടികളെയും ഉപാധികളില്ലാത്ത കാഴ്ചപ്പാടോടെ കണ്ട് മാനസിക, ആത്മീയ സമാധാനത്തിനും മാനുഷികബന്ധങ്ങളിൽ നല്ലതായ മാറ്റങ്ങൾ വരുത്തുന്നതിനും നോമ്പ് ധ്യാനങ്ങൾ പൊതുവെ സഹായകമാകാറുണ്ട്.

ധ്യാനം നയിക്കുന്ന ഫാ. ഡയസ് ആന്റണി സ്വതസിദ്ധമായ ലാളിത്യത്തിലൂടെ, വിനയത്തിലൂടെ, ചിന്തോദ്ദീപകവും പ്രതിഫലനോത്ഭവവുമായ കൊച്ചുകൊച്ചു പ്രസംഗങ്ങളിലൂടെ അനേകായിരം പേരെ ആകർഷിക്കുകയും അവരിൽ ആത്മീയസ്വാധീനം ചെലുത്തുകയും ചെയ്തിട്ടുള്ള വൈദികനാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ യൂട്യൂബ് വീഡിയോകൾ ദശലക്ഷങ്ങളുടെ മതിപ്പ് നേടിയിട്ടുണ്ട്.

പെൻസിൽവേനിയ ഇടവകയിൽ സേവനം ചെയ്യുന്ന ഫാ. ഡയസ് ആന്റണി മാർച്ച് പന്ത്രണ്ടിന് വെള്ളിയാഴ്ച വൈകിട്ട് ഏഴ് മുതൽ ഒൻപതു വരെയും പതിമൂന്നിന് ശനിയാഴ്ച രാവിലെ ഒൻപതു മുതൽ വൈകിട്ട് നാല് വരെയും ആയിരിക്കും ധ്യാനം നയിക്കുക.

കൂടുതൽ വിവരങ്ങൾക്ക് ഫാ. റോബർട്ട് അമ്പലത്തിങ്കൽ (718 490 5057), ബിന്ദു കോയിപ്പറമ്പിൽ (718 344 9140), പ്രീജിത് പൊയ്യത്തുരുത്തി (516 200 3221), ടിം ഗ്ലാഡ്സൺ ചെറിയപറമ്പിൽ (9176794552), സജിത്ത് പനയ്ക്കൽ (516 418 8305) എന്നിവരെ ബന്ധപ്പെടുക.

# വിദ്യാർത്ഥി രാഷ്ട്രീയം നിയന്ത്രിക്കണമെന്ന് ഗവർണർ

തിരുവനന്തപുരം: സർവകലാശാലകളിലെ വിദ്യാർത്ഥി രാഷ്ട്രീയം നിയന്ത്രിക്കണമെന്ന് വൈസ് ചാൻസലർമാർക്ക് ഗവർണർ രാജേന്ദ്ര ആർലേക്കറുടെ നിർദേശം.

ഫെബ്രുവരി 19-ന് വ്യാഴാഴ്ച കുസാറ്റിൽചേർന്ന വിസിമാരുടെ യോഗത്തിൽ, വിദ്യാർത്ഥി രാഷ്ട്രീയത്തിനു കടിഞ്ഞാണിടാനുള്ള മാർഗരേഖ നടപ്പാക്കാനും ഗവർണർ ആവശ്യപ്പെട്ടു. എന്നാൽ, നിർദേശം നടപ്പാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ വിസിമാർ ഗവർണറെ അറിയിച്ചെന്നാണ് വിവരം. കേരള സർവകലാശാലയിൽ ഈയിടെ നടന്ന സമരങ്ങൾ അതിരുകടന്ന്, അക്രമങ്ങളിലെത്തിയ പശ്ചാത്തലത്തിൽ കൂടിയാണ് ഗവർണറുടെ നടപടി. വിസിയുടെ ഓഫീസിനു മുന്നിലെ സംഘർഷം നേരിടാൻ പോലീസ് മടിച്ചിരുന്നു. ഗവർണർ ഇടപെട്ടപ്പോഴാണ് സമരക്കാരെ അറസ്റ്റു ചെയ്തു നീക്കിയത്.

വിദ്യാർത്ഥി രാഷ്ട്രീയത്തിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2005-ൽ എംജി സർവകലാശാല നിയന്ത്രണങ്ങൾ പുറപ്പെടുവിച്ചിരുന്നു.

കലാലയങ്ങളിലെ വിദ്യാർത്ഥി സംഘടനകൾക്ക് രാഷ്ട്രീയ പാർട്ടികളുമായി ബന്ധം പാടില്ല, കലാലയ വളപ്പിൽ



രാഷ്ട്രീയ മുദ്രാവാക്യങ്ങൾ പാടില്ല, ബാനറോ പ്രകടനങ്ങളോ പാടില്ല തുടങ്ങിയ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത്. പല കോളജുകളിലും ഈ നിയന്ത്രണം വന്നു. ഇത് എല്ലായിടത്തും നടപ്പാക്കാനാണ് ഇപ്പോൾ ഗവർണർ നിർദേശിച്ചിരിക്കുന്നത്. എന്നാൽ, കോളജുകൾപോലെ സർവകലാശാലകളിൽ നിയന്ത്രണം ഏർപ്പെടുത്താൻ പ്രായോഗിക പ്രശ്നങ്ങൾ ഏറെയുണ്ടെന്ന് വിസിമാർ പറഞ്ഞതായാണ് വിവരം.

സർവകലാശാലാ വിഷയങ്ങളിൽ സർക്കാരുമായി ഗവർണർ ഏറ്റുമുട്ടിയതിനു പിന്നാലെ, ചാൻസലർ നിയമിച്ച വിസിമാർക്കെതിരെ സിപിഎം നിയന്ത്രണമുള്ള സിൻഡിക്കേറ്റുകൾ കൊമ്പുകോർക്കുകയാണ്. ഇതിനു പിന്നാലെ, സർവകലാശാലകളിൽ കാവിവത്കരണം ഉയർത്തിക്കാട്ടി വിദ്യാർത്ഥി സമരങ്ങളും ശക്തമായി. ഈ സാഹചര്യത്തിൽക്കൂടിയാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിന് കടിഞ്ഞാണിടാനുള്ള ഗവർണറുടെ നീക്കം.

# രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തുടക്കമായി

കോട്ടയം: അനശ്വര തിയറ്ററിൽ രാജ്യാന്തര ചലച്ചിത്രമേളയ്ക്കു തുടക്കം. മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. സംവിധായകൻ എം.പി. സുകുമാരൻ നായർ മുഖ്യാതിഥിയായി. ഫെസ്റ്റിവൽ രക്ഷാധികാരി ജൂബിലി ജോയി തോമസ്, ഫെസ്റ്റിവൽ ചെയർമാനും ചലച്ചിത്ര സംവിധായകനുമായ ജയരാജ്, മാക്ട ചെയർമാൻ ജോഷി മാത്യു എന്നിവർ പ്രസംഗിച്ചു. ഒളിവർ ലാക്സെ സംവിധാനം ചെയ്ത സ്പാനിഷ് സിനിമ 'സിറാത്ത്' ഉദ്ഘാടനചിത്രമായി പ്രദർശിപ്പിച്ചു.

എൻഎഫ്ഡിസി പാക്കേജ് സിനിമകളുടെ പ്രദർശനോദ്ഘാടനം എഴുത്തുകാരൻ എസ്. ഹരീഷ് നിർവഹിച്ചു.

'കോട്ടയം സിനിമ പൈതൃകം' വിഭാഗത്തിലെ സിനിമകളുടെ പ്രദർശനം സംവിധായകൻ ജിയോ ബേബി ഉദ്ഘാടനം ചെയ്തു. കോട്ടയം ഫിലിം സൊസൈറ്റി, സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ എന്നിവർ ചേർന്ന് നടത്തുന്ന മേള 26-ന് സമാപിക്കും. 35 സിനിമകൾ പ്രദർശിപ്പിക്കും.

# നാവികക്കരുത്ത് കാട്ടാൻ മിലൻ–2026

വിശാഖപട്ടണം: ഏഷ്യയിലെ ഏറ്റവും വലിയ നാവികാഭ്യാസ പ്രകടനമായ മിലൻ-2026 ബംഗാൾ ഉൾക്കടലിൽ തുടങ്ങി. 72 രാജ്യങ്ങളിലെ നാവികസേനകൾ പങ്കെടുത്ത അന്താരാഷ്ട്ര കപ്പൽവ്യൂഹ പരേഡ് ആന്ധ്രപ്രദേശിലെ വിശാഖപട്ടണം തീരത്ത് നടന്നു. അറുപതിലധികം യുദ്ധക്കപ്പലുകളാണ് അഭ്യാസത്തിൽ അണിനിരന്നത്. ഇറാൻ, യുഎസ് യുദ്ധക്കപ്പലും പ്രകടനത്തിനെത്തിയെന്നതും ശ്രദ്ധേയമാണ്. 25 വരെയാണ് പ്രകടനം.

ഫെബ്രുവരി 18-ന് ബുധനാഴ്ച വിശാഖപട്ടണത്തെ നാവികസേനാ ആസ്ഥാനത്തെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു, നാവികസേനയുടെ അഭിവാദ്യം സ്വീകരിച്ചു.

സമുദ്രപാരമ്പര്യങ്ങളോടുള്ള വിവിധ രാജ്യങ്ങളുടെ ഐക്യം, വിശ്വാസം, ആദരവ് എന്നിവയെയാണ് അന്താരാഷ്ട്ര കപ്പൽ വ്യൂഹ പരേഡ് പ്രതിഫലിപ്പിക്കുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

ഇന്ത്യയുടെ സമുദ്രതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിലും വിശാലമായ സമുദ്ര പൊതുമേഖലകളിൽ സ്ഥിരത കൈവരിക്കുന്നതിലും ഇന്ത്യൻ നാവികസേന ജാഗ്രത പുലർത്തുന്നുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. ഇന്ത്യ തദ്ദേശീയമായി നിർമിച്ച ഐഎൻഎസ് സുമേതയിൽ ആഴക്കടലിലെത്തിയാണ് രാഷ്ട്രപതി കപ്പലുകളും അന്തർവാഹിനികളും പരിശോധിച്ചത്.



അന്താരാഷ്ട്ര കപ്പൽവ്യൂഹ പരേഡിൽ എത്തിയ പ്രസിഡണ്ട് ദ്രൗപദി മുർമു, നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠി, ആന്ധ്രാ മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു എന്നിവർ.

# ശബരിമല സ്വർണക്കൊള്ള കേസ്: തന്ത്രി കണ്ഠര് രാജീവർക്കു ജാമ്യം

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠര് രാജീവർക്ക് ജാമ്യം നൽകി കൊല്ലം വിജിലൻസ് കോടതി. തന്ത്രിക്കു ശബരിമല സ്വർണക്കൊള്ളയുമായി നേരിട്ട് ബന്ധമുണ്ടെന്ന് തെളിയിക്കാൻ ഈ ഘട്ടത്തിൽ തെളിവുകളില്ലെന്നു വിലയിരുത്തിയാണ് കട്ടിളപ്പാളിക്കേസിലും ദ്വാരപാ



ലക ശിൽപക്കേസിലും കർശന ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

ചൊവ്വ, ശനി ദിവസങ്ങളിൽ എസ്ഐടിക്ക് മുമ്പിൽ ഹാജരാകണം, പത്തനംതിട്ട ജില്ലയിൽ പ്രവേശിക്കരുത്, കോടതി അനുമതിയില്ലാതെ കേരളം വിട്ടു പുറത്തു പോകരുത്, പാസ്പോർട്ട് സറണ്ടർ ചെയ്യണം തുടങ്ങിയവയാണ് ഉപാധികൾ. കേസിൽ ജാമ്യം കിട്ടുന്ന ആറാമത്തെ പ്രതിയാണ് തന്ത്രി കണ്ഠര് രാജീവര്. അറസ്റ്റിലായി 41-ാം ദിവസമാണ് തന്ത്രി പുറത്തിറങ്ങുന്നത്.

ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി തന്ത്രിക്ക് നേരിട്ട് ബന്ധമുണ്ടെന്ന് പ്രോസിക്യൂഷന് തെളിയിക്കാൻ കഴിഞ്ഞില്ല. തന്ത്രിക്ക് താന്ത്രികപരമായ അധികാരങ്ങൾ മാത്രമാണുള്ളതെന്ന വാദം കോടതി അംഗീകരിച്ചു. തന്ത്രിയുടെ ആരോഗ്യസ്ഥിതിയും പരിഗണിച്ചു. ജാമ്യ ഹർജിയിലെ വാദത്തിനിടെ തന്ത്രിയുടെയും ഭാര്യയുടെയും സ്വത്തു സമ്പാദനം സംബന്ധിച്ച നിർണായക തെളിവുകൾ എസ്ഐടി ഹാജരാക്കിയിരുന്നു. ഇരുവരുടെയും പേരിൽ കണക്കിൽപ്പെടാത്ത വൻ നിക്ഷേപമുണ്ടെന്നായിരുന്നു എസ്ഐടിയുടെ ആരോപണം. പ്രതിയുടെ സാമ്പത്തിക സ്രോതസ് ദുരൂഹമാണെന്നും വിശദമായ അന്വേഷണം വേണമെന്നും പ്രോസിക്യൂഷൻ വാദിച്ചു.

കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി തന്ത്രി കണ്ഠര് രാജീവർക്ക് അടുത്ത ബന്ധമുണ്ടെന്നും സാമ്പത്തിക ഇടപാടുകൾ നടന്നതായും പ്രോസിക്യൂഷൻ വാദിച്ചിരുന്നു. എന്നാൽ ആചാരപരമായ കാര്യങ്ങളിൽ മാത്രം ഇടപെട്ടയാളാണ് താനെന്നും സ്വർണക്കൊള്ളയിൽ പങ്കില്ലെന്നുമാണ് തന്ത്രി വാദിച്ചത്. ശബരിമല കേസിൽ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റി ഉൾപ്പെടെയുള്ള പ്രധാന പ്രതികൾക്കു നേരത്തെ ജാമ്യം ലഭിച്ചിരുന്നു. അതെല്ലാം കുറ്റപത്രം വൈകിയതു മൂലമുള്ള സ്വാഭാവിക ജാമ്യമായിരുന്നു.

സ്വർണപ്പാളികളടക്കമുള്ളവ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം ദേവസ്വം ബോർഡിനാണെന്നും ആചാരപരമായ കാര്യങ്ങളാണു തന്ത്രിയുടെ ചുമതലയിൽ വരുന്നതെന്നും ജാമ്യ ഉത്തരവിലുണ്ട്.

# വയറ്റിൽ കത്രിക കണ്ടെത്തിയ സംഭവം: ഡോക്ടറെയും നേഴ്സിനെയും സസ്പെൻഡ് ചെയ്തു

ആലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്കു വിധേയയായ സ്ത്രീയുടെ വയറ്റിൽ കത്രിക കണ്ടെത്തിയ സംഭവത്തിൽ അന്നത്തെ മെഡിക്കൽ സംഘത്തിന് വീഴ്ചയുണ്ടായെന്ന് നാലംഗ സമിതി റിപ്പോർട്ട്. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ബി. പത്മകുമാർ നിയോഗിച്ച ഡോക്ടർമാരുടെ സംഘമാണ് അന്വേഷണം നടത്തിയത്. അന്വേഷണറിപ്പോർട്ട് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷന് (ഡിഎംഇ) കൈമാറി. ആരോഗ്യവകുപ്പ് നിയോഗിച്ച മൂന്നംഗ വിദഗ്ധസംഘം റിപ്പോർട്ട് നൽകി. ഇരു റിപ്പോർട്ടുകളും പരിഗണിച്ചാകും തുടർനടപടി.

പുന്നപ്ര നാൽപ്പതിൽച്ചിറയിൽ ഉഷ ജോസഫിന്റെ (51) വയറ്റിലാണ് ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചു വർഷത്തിനുശേഷം ആർട്ടറി ഫോർസെപ്സ് എന്ന ഉപകരണം കണ്ടെത്തിയത്. ശസ്ത്രക്രിയ നടത്തുമ്പോൾ ചെറിയ രക്തക്കുഴലുകൾ മുറിഞ്ഞ് രക്തം പോകുന്നത് തടയാനായി ഉപയോഗിക്കുന്നതാണിത്.

ആഭ്യന്തര അന്വേഷണത്തിനു പുറമെ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നിർദേശപ്രകാരം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. ജയശ്രീ വാമനൻ, ഡോ. രഞ്ജു രവീന്ദ്രൻ, ഡോ. തോമസ് എന്നിവരടങ്ങുന്ന സംഘമാണു വിശദപരിശോധനയ്ക്കായി എത്തിയത്. ആലപ്പുഴ മെഡിക്കൽ കോളജ് ആർഎംഒ ഡോ. പി.എൽ. ലക്ഷ്മി ചെയർപേഴ്സണും സർജറി വിഭാഗം മേധാവി ഡോ. എൻ.ആർ. സജികുമാർ, ഗൈനക്കോളജി വിഭാഗം പ്രഫസർ ഡോ. പി. എസ്. അനസൂയ, ഫോറൻസിക് വിഭാഗം അസോ. പ്രഫസർ ഡോ. കെ.ബി. രാഖിൻ എന്നിവരുടേതായിരുന്നു ആഭ്യന്തര അന്വേഷണം.

2021 മേയ് 12-നായിരുന്നു ശസ്ത്രക്രിയ. ഈസമയം കോവിഡ് കാലമായതിനാൽ സ്റ്റാഫിന്റെ എണ്ണം കുറവായിരുന്നു. പിപിഇ കിറ്റും ഷീൽഡുമടക്കം ധരിച്ചാണു ശസ്ത്രക്രിയ നടത്തിയത്. പരിമിതികളിൽനിന്നു കാര്യങ്ങൾ നന്നായി ചെയ്തുവെന്നാണ് ഡോക്ടർമാരും നേഴ്സുമാരും മൊഴി നൽകിയത്. ടീംവർക്കിന്റെ കാര്യത്തിൽ വീഴ്ചയുണ്ടായെന്നും ഇതു സംഭവിക്കാൻ പാടില്ലാത്തതായിരുന്നെന്നും റിപ്പോർട്ടിൽ പരാമർശമുണ്ടെന്നാണ് സൂചന.

ഗൈനക്കോളജി വിഭാഗം മേധാവിയായിരുന്ന ഡോ. ലളിതാംബികയുടെ യൂണിറ്റിനു കീഴിൽ അസിസ്റ്റന്റ് ഡോ. ഷാഹിദയുടെ നേതൃത്വത്തിലുള്ള ടീമിനെ സഹായിക്കാൻ രണ്ടു ഡോക്ടർമാരും മൂന്ന് അനസ്തേഷ്യ ഡോക്ടർമാരും നേഴ്സിംഗ് ഓഫീസറും രണ്ടു നേഴ്സുമാരും ഉൾപ്പെടുന്ന മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. നിലവിൽ ജോലി ചെയ്യുന്നവരിൽനിന്നു നേരിട്ടും സ്ഥലംമാറിപ്പോയവരിൽനിന്ന് ഓൺലൈനായുമാണ് മൊഴി രേഖപ്പെടുത്തിയത്. ചികിത്സാപ്പിഴവിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ശസ്ത്രക്രിയാ പിഴവിൽ, ശസ്ത്രക്രിയ നടത്തിയ ഡോ. ജെ. ഷാഹിദയെയും നേഴ്സ് പി.എസ്. ധന്യയെയും ആരോഗ്യവകുപ്പ് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു.

# സുനിത വില്യംസ് നേരിട്ടത് കൽപന ചൗളയുടേതിന് സമാനമായ അപകടം

വാഷിങ്ടൺ: ബോയിങ് സ്റ്റാർലൈനർ പേടകത്തിന്റെ തകരാറു മൂലം സുനിത വില്യംസും ബുച്ച് വിൽമോറും ഒൻപത് മാസത്തോളം ബഹിരാകാശ നിലയത്തിൽ കുടുങ്ങാനിടയായ ദൗത്യം കൽപന ചൗളയുടെ മരണത്തിന് കാരണമായ ബഹിരാകാശ ദുരന്തത്തിന് സമാനമെന്ന് സമ്മതിച്ച് നാസയുടെ അന്തിമ റിപ്പോർട്ട്.

അതീവ ഗുരുതരമായ ടൈപ്പ് എ ദുരന്തത്തിന്റെ പട്ടികയിലാണ് സ്റ്റാർലൈനർ ദൗത്യത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് മനുഷ്യജീവൻ അപകടത്തിലാക്കിയതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയാണെന്നും സാങ്കേതിക പിഴവുകളും നേതൃത്വപരമായ പിഴവുകളുമാണ് ഇതിനു കാരണമായതെന്നും നാസ പുറത്തുവിട്ട 311 പേജുള്ള അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

നിർണായക സുരക്ഷാ മുന്നറിയിപ്പുകൾ പോലും അവഗണിച്ചു തുടക്കത്തിൽ തന്നെ പേടകത്തിന്റെ പ്രൊപ്പൽഷൻ സംവിധാനത്തിൽ തകരാർ ഉണ്ടായിരുന്നു. ത്രസ്റ്ററുകളിലും തകരാർ കണ്ടെത്തി.

സുനിതയെയും വിൽമോറിനെയും തിരിച്ചെത്തിക്കാനുള്ള ദൗത്യം അനിശ്ചിതമായി നീണ്ടപ്പോൾ തീർത്തും പ്രഫഷണൽ അല്ലാത്ത പ്രതികരണമാണ് സ്റ്റാർലൈനറിന്റെ ഭാഗത്ത് നിന്നുണ്ടായതെന്നും റിപ്പോർട്ടിലുണ്ട്.

2004 ജൂൺ അഞ്ചിനാണ് ഇരുവരും സ്റ്റാർലൈനർ പേടകത്തിൽ ബഹിരാ



കാശ നിലയത്തിലേക്കു പുറപ്പെട്ടത്. ജൂൺ 13-ന് മടങ്ങാനായിരുന്നു പദ്ധതിയെങ്കിലും പേടകത്തിന്റെ കേടുപാടുകൾ പരിഹരിക്കാനാകാതെ വന്നതോടെ യാത്ര നീണ്ടു. സെപ്റ്റംബർ ആറിന് സ്റ്റാർലൈനർ പേടകം ആളില്ലാതെ തിരികെയെത്തിച്ചു.

പിന്നീട്, യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഇടപെടലിനെത്തുടർന്ന് സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകത്തിലാണ് 2025 ഫെബ്രുവരിയിൽ ഇരുവരെയും തിരികെ എത്തിച്ചത്.

ബഹിരാകാശത്ത് കുടുങ്ങിയതല്ലെന്നും ദൗത്യം നീട്ടിയതാണെന്നുമായിരുന്നു നാസയുടെ ആദ്യ പ്രതികരണം.

ബഹിരാകാശ പേടകത്തിന് 20 ലക്ഷം ഡോളറിലേറെ നഷ്ടം സംഭവിക്കുകയോ ഒരു ബഹിരാകാശ യാത്രികന്റെ മരണത്തിനോ അല്ലെങ്കിൽ സ്ഥിരമായ വൈകല്യത്തിനോ കാരണമാകുകയും ചെയ്യുന്ന അപകടത്തെയാണ് 'ടൈപ്പ് എ' വിഭാഗത്തിൽപ്പെടുത്തുക. സ്റ്റാർലൈനർ പേടകത്തിന് സംഭവിച്ചത് 20 കോടി ഡോളറിന്റെ നഷ്ടമാണ്.

കൽപന ചൗളയുടെ മരണത്തിനിടയാക്കിയ ദുരന്തമുണ്ടായത് 2003-ൽ ആണ്. കൽപന ചൗളയും ആറ് ബഹിരാകാശ യാത്രികരും കയറിയ കൊളംബിയ പേടകം ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് തിരിച്ചിറങ്ങുമ്പോൾ കത്തിനശിക്കുകയായിരുന്നു.

# അറസ്റ്റിനു പിന്നിൽ സർക്കാരിന്റെ പ്രതികാരം: തന്ത്രി കണ്ഠര് രാജീവര്

തിരുവനന്തപുരം: ശബരിമല ക്ഷേത്രത്തിലെ യുവതീപ്രവേശത്തിനുള്ള ശ്രമവും ക്ഷേത്രം എല്ലാ ദിവസവും തുറക്കാനുള്ള നീക്കവും തന്ത്രിയെന്ന നിലയിൽ തടഞ്ഞതിനുള്ള പ്രതികാരമായാണു ശബരിമല സ്വർണക്കൊള്ള കേസിൽ വ്യാജ ആരോപണം ഉന്നയിച്ച് തന്നെ അറസ്റ്റ് ചെയ്തതെന്നു കണ്ഠര് രാജീവര്. കേസ് പരിഗണിക്കുന്ന കൊല്ലം വിജിലൻസ് കോടതിയിലെ ജാമ്യ ഹർജിയുടെ ഭാഗമായ സത്യവാങ്മൂലത്തിലാണ് തന്ത്രി കേരള സർക്കാരിനെതിരെ ഗുരുതരമായ ആരോപണം ഉന്നയിച്ചത്.

'നിശ്ചിത പ്രായപരിധിയിലുള്ള സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കാൻ ശ്രമം നടന്നപ്പോൾ, തന്ത്രിയെന്ന നിലയിൽ ക്ഷേത്രാചാരങ്ങൾ സംരക്ഷിക്കാൻ ശക്തമായ നിലപാടെടുത്തിരുന്നു. രാഷ്ട്രീയ ഇടപെടൽ അനുവദിക്കില്ലെന്നും ആചാരങ്ങളിൽ മാറ്റം വരുത്താൻ ശ്രമിച്ചാൽ പൂജകൾ നിർത്തിവെച്ച് ക്ഷേത്രത്തിൽ നിന്നിറങ്ങിപ്പോകുമെന്നും മുന്നറിയിപ്പു നൽകി. ഭരണകക്ഷിയുടെ താൽപര്യപ്രകാരം ഏതാനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ നടത്തിയ യുവതീപ്രവേശ ശ്രമം പരാജയപ്പെട്ടത് ഞാനെടുത്ത ശക്തമായ നിലപാട് മൂലമാണ്.

അറസ്റ്റ് ചെയ്ത ശേഷം പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) കസ്റ്റഡിയിലെടുത്ത് നടത്തിയ ചോദ്യംചെയ്യലും വീട്ടിൽ നടത്തിയ പരിശോധനയും പൊതുസമൂഹത്തെയും മാധ്യമങ്ങളെയും കബളിപ്പിക്കാനുള്ള പ്രഹസനമായിരുന്നെന്നും തന്ത്രിയുടെ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടുന്നു. 'ജനുവരി ഒൻപതിന് വീട്ടിൽ ഭാര്യയുടെയും മകളുടെയും പേരക്കുട്ടികളുടെയും സാന്നിദ്ധ്യത്തിൽ എസ്ഐടി നടത്തിയ എട്ട് മണിക്കൂർ പരിശോധനയിൽ 10 സാധനങ്ങൾ പിടിച്ചെടുത്തെന്നാണു പട്ടികയിൽ പറയുന്നത്. ഇതിൽ എട്ടെണ്ണവും ബാങ്ക് ചെക്കുകളും ഒരെണ്ണം പാസ്ബുക്കും അവസാനത്തേത് വാജിവാഹന വിഗ്രഹവുമാണ്. ആവശ്യപ്പെട്ടിരുന്നെങ്കിൽ എസ്ഐടിക്ക് നൽകുമായിരുന്ന വസ്തുക്കളാണ് ഇവയെല്ലാം. തിരികെ നൽകാമെന്ന് ബോർഡിനോട് പറഞ്ഞിരുന്ന വാജിവാഹനവും നിയമവിരുദ്ധമായി പിടിച്ചെടുക്കുകയായിരുന്നു' - സത്യവാങ്മൂലത്തിൽ പറയുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.74 |
| യൂറോ | 107.01 |
| സ്റ്റെർലിംഗ്പൗണ്ട് | 122.66 |
| സ്വിസ് ഫ്രാങ്ക് | 117.17 |
| സിംഗപ്പൂർ ഡോളർ | 71.74 |
| കനേഡിയൻ ഡോളർ | 66.22 |
| ഒമാൻ റിയാൽ | 236.14 |
| ബഹ്റൈൻ ദിനാർ | 240.66 |
| സൗദി റിയാൽ | 24.19 |
| യു.എ.ഇ. ദിർഹം | 24.72 |
| കുവൈത്ത് ദിനാർ | 295.90 |

# വയലിനിൽ അദ്ഭുതം ഒളിപ്പിച്ച വിരലുകൾ

കോട്ടയം: അനുപമമായ വയലിൻ സപര്യയ്ക്ക് അനുരൂപിനു കിട്ടിയ അംഗീകാരമാണ് കേരള സംഗീതനാടക അക്കാദമിയുടെ അവാർഡ്.

നിറഞ്ഞ സദസ്സിൽ ഹംസധ്വനിയുടെ രാഗപൂർണതയിൽ 'വാതാപി ഗണപതിം....' വായിച്ച് കയ്യടി നേടിയതു പോലുള്ള സന്തോഷമാണ് അവാർഡ് വിവരം അറിഞ്ഞപ്പോൾ ഉണ്ടായതെന്നു അനുരൂപ്.

തൃശൂർ ആകാശവാണിയിലെ ടോപ് ഗ്രേഡ് ആർട്ടിസ്റ്റ് ആയ അനുരൂപ് സംഗീതവേദിയിൽ ആദ്യമായി കയ്യടി നേടിയത് ജന്മനാടായ കോട്ടയത്തുനിന്നാണ്.

ഇപ്പോൾ, അടുത്ത ദിവസങ്ങളിലെ അനുരൂപിന്റെ സംഗീത അവതരണ കലണ്ടറിൽ ആറ്റുകാൽ, ഗുരുവായൂർ, കുറിച്ചിത്താനം, ഉഡുപ്പി തുടങ്ങിയ ക്ഷേത്ര ആഘോഷ വേദികളുടെ സമയക്രമങ്ങൾ കാണാം. ഇതിനു പുറമേയാണ് പ്രശസ്തരായ സംഗീതജ്ഞരുടെ കൂടെയുള്ള വേദികൾ.

മൂന്നര പതിറ്റാണ്ടായി തുടരുന്ന സംഗീതയാത്രയിൽ സർക്കാർ അംഗീകാരം ഇതാദ്യം. തിരുവാതുക്കൽ രഞ്ജിനി വീട്ടിൽ അച്ഛൻ വ്യവസായ വകുപ്പ് റിട്ട. സൂപ്രണ്ട് സി.എൻ. സുഗതൻ ആണ് അനുരൂപിനെ സംഗീതവഴിയിലേക്ക് നയിച്ചത്. പിന്നെ കലാക്ഷേത്രം മാത്യുവിന്റെ ശിക്ഷണം കൂടുതൽ മികവിലേക്കുള്ള സഞ്ചാരത്തിനു വഴിതെളിച്ചു.

1992-ൽ ആകാശവാണി തിരുനെൽവേലിയിൽ ആർട്ടിസ്റ്റായി ചേർന്നു. പിന്നെ ന്യൂഡൽഹി സ്റ്റേഷനിൽ. 2005 മുതൽ തൃശൂരിലാണ്. വയലിൻ അദ്ധ്യാപകൻ കൂടിയായ അനുരൂപിന് ഒട്ടേറെ ശിഷ്യരുണ്ട്.

വിദേശങ്ങളിൽ ഉൾപ്പെടെ 28 രാജ്യങ്ങളിൽ വിശ്രുത സംഗീതജ്ഞരോടൊപ്പം അനുരൂപ് കലാവിരുന്ന് അവതരിപ്പിച്ചിട്ടുണ്ട്.








OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

240 E. LAKE STREET, SUITE 109B, ADDISON, IL 60101

# കോതമംഗലം മാർ അത്തനേഷ്യസ് കോളജ് ഗവേഷണ സാങ്കേതിക വികസനപദ്ധതിക്ക് കൈത്താങ്ങായി എം.എ.സി. യുഎസ്എ അലൂംമ്നി



കോതമംഗലം: മാർ അത്തനേഷ്യസ് കോളജിൽ വീണ്ടുമൊരു പൂർവവിദ്യാർത്ഥി-അദ്ധ്യാപക സംഗമം ഫെബ്രുവരി 14-ന് ശനിയാഴ്ച കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. എം.എ കോളജ് അലൂംമ്നി പ്രസിഡണ്ട് പ്രൊഫ. കെ.എം. കുര്യാക്കോസ് അദ്ധ്യക്ഷത

**വർഗീസ് പോത്താനിക്കാട്**

വഹിച്ച സമ്മേളനത്തിൽ അമേരിക്കയിൽ നിന്നുമുൾപ്പെടെ വിവിധ ചാപ്റ്ററുകളിൽ നിന്നായി അനേകം പൂർവവിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.

കോതമംഗലം മാർ അത്തനേഷ്യസ് കോളജിന്റെ ആഭിമുഖ്യത്തിൽ ഗവേഷണമികവ് ത്വരിതപ്പെടുത്തുന്നതിനും കാമ്പസിൽ നവീകരണം വളർത്തുന്നതിനുമായി റിസർച്ച് ഇന്നൊവേഷൻ ഡിസൈൻ ആൻഡ് എന്റർപ്രെണർഷിപ്പ് എന്ന പേരിൽ ആരംഭിച്ച സംരംഭത്തിന് യുഎസ്എ അലൂംമ്നിയുടെ വകയായി പത്തു ലക്ഷത്തിലേറെ വരുന്ന തുക പ്രസിഡണ്ട് സാബു സ്കറിയ അഡ്വൈസറി ബോർഡ് അംഗങ്ങളായ പി.ഒ ജോർജ് പെരിങ്ങാട്ടു പറമ്പിൽ, ജോസ് പാലാക്കാത്തടം എന്നിവർ ചേർന്ന് കോളജ് അധികൃതർക്ക് കൈമാറി.



റിസേർച്ച് ഇന്നൊവേഷൻ ഡിസൈൻ ആൻഡ് എന്റർപ്രെണർഷിപ്പ്, ഭൗതികശാസ്ത്രം, രസതന്ത്രം, ഗണിതം, സസ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം, വാണിജ്യം എന്നീ ആറ് പ്രത്യേക ഗവേഷണ വകുപ്പുകളുള്ള ഈ കോളജ് വിവിധ വിഷയങ്ങളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണം മുന്നോട്ടു കൊണ്ടുപോകുന്നതിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. കോളജ് അദ്ധ്യാപന ഫാക്കൽറ്റിയിൽ ഏകദേശം 60 ശതമാനം പേർ പിഎച്ച്.ഡി നേടിയിട്ടുണ്ട്. കൂടാതെ 24 അംഗങ്ങൾ നിലവിൽ അംഗീകൃത ഗവേഷണ ഗൈഡുകളായി സേവനമനുഷ്ഠിക്കുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനിടെ കോളജ് ഫാക്കൽറ്റിയും വിദ്യാർത്ഥികളും പ്രശസ്തമായ സ്കോപ്പസ്, വെബ് ഓഫ് സയൻസ്-ഇൻഡെക്സ്ഡ് ജേണലുകളിൽ 300-ലധികം അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിപുലമായ ലബോറട്ടറികളും വിപുലമായ ലൈബ്രറി വിഭവങ്ങളും ഗവേഷണത്തിലും നവീകരണത്തിലും എം.എ.സി എന്ന സ്ഥാപനത്തിന് കൂടുതൽ സ്ഥാനം നല്കുന്നു. വിദ്യാർത്ഥികൾ വാഗ്ദാനമായ സ്റ്റാർട്ടപ്പ് സംരംഭങ്ങളുമായി മുന്നോട്ട് വന്നിട്ടുണ്ട്. അവരിൽ ഒരാളായ നിലവിലെ ബി.കോം ബാച്ചിലെ ആദിശങ്കർ എസ്. പുതിയാമഠം ഇ-ലേണിംഗ് കമ്പനിയുടെ ഏറ്റവും പ്രായംകുറഞ്ഞ സ്ഥാപകനും സിഇഒയുമായി മാറി.

മാത്രമല്ല ഫാക്കൽറ്റി വിദ്യാർത്ഥികൾ, ഗവേഷണ പണ്ഡിതർ എന്നിവർക്ക് ആഗോള എക്സ്പോഷർ അക്കാദമിക് മികവ്, അവരുടെ മേഖലകളിലെ ഏറ്റവും പുതിയ അറിവ് എന്നിവ നല്കുന്നതിനായി കോളജ് പതിവായി അന്താരാഷ്ട്ര സമ്മേളനങ്ങൾ നടത്തുന്നു.

എം.എ.സി പ്രമുഖ ആഗോള സ്ഥാപനങ്ങളുമായി ശക്തമായ അന്താരാഷ്ട്ര സഹകരണം സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ഇവ ഉൾപ്പെടുന്നു. എം.എ.സി അലൂംമ്നി യുഎസ്എയുടെ പിന്തുണയ്ക്കും സാമ്പത്തിക സഹായത്തിനും പ്രത്യേകം നന്ദി അറിയിച്ചുകൊണ്ട് തുടർന്നും യുഎസ്എ അലൂംമ്നിയുടെ ഇടപെടലുകൾ ഉണ്ടാകണമെന്നും കോളജ് അധികാരികൾ അഭ്യർത്ഥിച്ചു.

സംഗമത്തിൽ കോളജ് മുൻ യൂണിയൻ ഭാരവാഹികളെയും മറ്റ് വിശിഷ്ട വ്യക്തികളെയും ആദരിച്ചു. എം.എ കോളജ് യുഎസ്എ അലൂംമ്നിയുടെ പ്രസിഡണ്ട് സാബു സ്കറിയായെയും ആദരിച്ചു.

അത്തനേഷ്യസ് കോളജ് അസോസിയേഷൻ സെക്രട്ടറി ഡോ. വിന്നി വർഗീസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ, വൈസ് പ്രിൻസിപ്പിലും പൂർവവിദ്യാർത്ഥി അസോസിയേഷൻ സെക്രട്ടറിയുമായ ഡോ. എബി പി. വർഗീസ്, കേതമംഗലം എംഎൽഎ ആന്റണി ജോൺ, യുഎസ്എ ചാപ്റ്റർ പ്രസിഡണ്ട് സാബു സ്കറിയ, യുഎഇ ചാപ്റ്റർ ഭാരവാഹി ഡോ. താമരമോൾ, പൂർവവിദ്യാർത്ഥി അസോസിയേഷൻ വൈസ് പ്രസിഡണ്ട് ആശാ ലില്ലി തോമസ് എന്നിവർ പ്രസംഗിച്ചു.

## റയൻ വെട്ടിക്കാട്

(ഒന്നാം പേജിൽ നിന്നും)

**ഇല്ലിനോയി ഡെമോക്രാറ്റിക് പ്രൈമറിയിൽ വോട്ട് ചെയ്യുന്നത് എങ്ങനെ-മാർച്ച് 17, 2026:** ഇല്ലിനോയി പ്രൈമറിയിൽ തെരഞ്ഞെടുപ്പ് 2026 മാർച്ച് 17 ചൊവ്വാഴ്ചയാണ്. യുഎസ് ഹൗസ്, യുഎസ് സെനറ്റ് എന്നിവയുൾപ്പെടെയുള്ള വിവിധ പദവികൾക്കായുള്ള നവംബർ പൊതുതെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ വോട്ടർമാർ ഈ ദിവസം തീരുമാനിക്കും. തെരഞ്ഞെടുപ്പു ദിവസം രാവിലെ 6.00 മുതൽ വൈകുന്നേരം 7.00 വരെ സംസ്ഥാനത്തുടനീളം പോളിംഗ് കേന്ദ്രങ്ങൾ തുറന്നിരിക്കും.

**വോട്ട് ചെയ്യാനുള്ള മൂന്ന് പ്രധാന മാർഗ്ഗങ്ങൾ: 1. നേരിട്ട് മുൻകൂർ വോട്ടിംഗ് (Early Voting).** ഫെബ്രുവരി 5-ന് വ്യാഴാഴ്ച മുതൽ മാർച്ച് 16 തിങ്കളാഴ്ച വരെ ഇല്ലിനോയിൽ മുൻകൂർ വോട്ടിംഗ് നടക്കും. നിങ്ങളുടെ കൗണ്ടിയിലെ മുൻകൂർ വോട്ടിംഗ് കേന്ദ്രങ്ങളിൽ പോയി തെരഞ്ഞെടുപ്പ് ദിവസത്തിനു മുമ്പ് വോട്ട് ചെയ്യാം. തിരക്ക് ഒഴിവാക്കാൻ ആഗ്രഹിക്കുന്നവർക്ക് അല്ലെങ്കിൽ സമയം സംബന്ധിച്ച നിയന്ത്രണങ്ങളുള്ളവർക്ക് ഇത് ഏറെ സഹായകമാണ്.

**2. തപാൽ മുഖേന വോട്ടിംഗ് (Vote by Mail).** വീട്ടിൽനിന്ന് വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് മെയിൽ-ഇൻ ബാലറ്റ് അപേക്ഷിക്കാം. സാധാരണയായി 2026 മാർച്ച് 12-നകം അപേക്ഷ സമർപ്പിക്കണം. (ഓരോ കൗണ്ടിയുടെയും സമയപരിധി സംസ്ഥാന നിയമാനുസൃതമാണ്.) ബാലറ്റ് ലഭിച്ചാൽ അത് പൂരിപ്പിച്ച് മാർച്ച് 17-ന് തെരഞ്ഞെടുപ്പു ദിവസത്തിനകം പോസ്റ്റ്മാർക്ക് ലഭിക്കുന്ന വിധത്തിൽ സമയബന്ധിതമായി അയയ്ക്കണം.

8-ാം ജില്ലയിൽ ഉൾപ്പെടുന്ന പ്രധാന മൂന്ന് കൗണ്ടികളിലെ ഔദ്യോഗിക മെയിൽ-ഇൻ ബാലറ്റ് അപേക്ഷാ ലിങ്കുകൾ:

- •Cook County: https://mailvoting.cookcountyclerkil.gov
- •DuPageCounty: https://www.dupagecounty.gov/elected officials/election and voter information/voting information/vote by mail online application.php
- •Kane County: https://applications.Kanecountyil.gov/Election Website/en-us/VoteByMail/Search?id=30

(ഓരോ സൈറ്റും ബാലറ്റ് അപേക്ഷിക്കുകയും തിരിച്ചയയ്ക്കുകയും ചെയ്യുന്ന നടപടികൾ വിശദീകരിച്ച് നിങ്ങളെ നയിക്കും.)

3. തെരഞ്ഞെടുപ്പ് ദിവസത്തിൽ നേരിട്ട് വോട്ടിംഗ്. മാർച്ച് 17-ന് രാവിലെ 6 മുതൽ വൈകുന്നേരം 7 വരെ നിങ്ങളുടെ നിയുക്ത പോളിംഗ് കേന്ദ്രത്തിൽ നേരിട്ട് വോട്ട് ചെയ്യാം. രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർക്ക് പോലും ഇല്ലിനോയിലെ same-day registration വ്യവസ്ഥ പ്രകാരം പോളിംഗ് കേന്ദ്രത്തിൽ തന്നെ രജിസ്റ്റർ ചെയ്ത് വോട്ട് ചെയ്യാനുള്ള സൗകര്യമുണ്ട്.

റയനെയും അദ്ദേഹത്തിന്റെ ക്യാമ്പയിനിനെയും കുറിച്ച് കൂടുതലറിയാൻ ഇവിടെ ക്ലിക്ക് ചെയ്യുക: www.-ryanforillinois.com

## മാർ സെറാഫിം തിരുമേനിയുടെ പിതാവ് വി.എ. മാത്യൂസ് അന്തരിച്ചു



മാത്തൂർ: മലങ്കര ഓർത്തഡോക്സ് സഭ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം തിരുമേനിയുടെ പിതാവ് റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ മാത്തൂർ വടുതല പുത്തൻവീട്ടിൽ വി.എ. മാത്യൂസ് (തങ്കച്ചൻ-87) അന്തരിച്ചു.

സഹധർമ്മിണി ആനി മാത്യൂസ് തിരുവല്ല കാരയ്ക്കൽ കാട്ടുപറമ്പിൽ തുണ്ടിയിൽ കുടുംബാംഗമാണ്.

മക്കൾ: വി.എം. ബിജു (മദ്രാസ്), വി.എം. ബിന്നി (എം.ജി.എം ടെക്നോളജീസ്). മരുമക്കൾ: മല്ലശ്ശേരി ഇടയാടിയിൽ ലിജി ബിജു. അയിരൂർ തെങ്ങുംതോട്ടത്തിൽ സൂസൻ ഫിലിപ്പോസ് തരകൻ (പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ). സഹോദരങ്ങൾ: തങ്കമ്മ കുരുവിള, പരേതനായ വി.എ. കോശിക്കുട്ടി, സാലി ഏബ്രഹാം (സെ. ഗ്രിഗോറിയോസ് സ്കൂൾ ചെങ്ങന്നൂർ).

## ടോൾപ്ലാസയിൽ പണം പൂർണമായും ഓൺലൈനാക്കും

ന്യൂഡൽഹി: ഇന്ത്യയിൽ വ്യാപകമായി ദേശീയപാതകളിലെ ടോൾപ്ലാസകളിലെ പണമടയ്ക്കൽ ഏപ്രിൽ ഒന്നുമുതൽ പൂർണമായും ഓൺലൈനാക്കാനുള്ള നിർദേശം പരിഗണനയിൽ.

നടപ്പായാൽ ഫാസ്ടാഗ് മുഖേനയോ യുപിഐ ഉൾപ്പെടെയുള്ള മാർഗങ്ങളിലൂടെയോ മാത്രമേ ഫീസ് നൽകാൻ കഴിയൂ. പണമിടപാടുകൾ പൂർണമായും നിർത്താനാണ് തീരുമാനമെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചു.

ടോൾപ്ലാസകളിലെ തിരക്ക് കുറയ്ക്കാനും ഗതാഗതപ്രവാഹം മെച്ചപ്പെടുത്താനും ഇത് സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

# SEEKING BRIDEGROOM

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Pro-

# SEEKING BRIDE

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com**

## SEEKING BRIDEGROOM CONTD.....

fessor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## പി.കെ. സ്റ്റീഫൻ

**കല്ലറ:** പഴുക്കാത്തറയിൽ പി.കെ. സ്റ്റീഫൻ (കല്ലറ സ്റ്റീഫൻ-90) അന്തരിച്ചു. കടുത്തുരുത്തി ഹൗസിംഗ് സൊസൈറ്റി പ്രസിഡണ്ട്, കല്ലറ സർവീസ് സഹകരണബാങ്ക് ഭരണസമിതിയംഗം കേരള കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ പുന്നത്തുറ പനന്താനത്ത് ചിന്നമ്മ സ്റ്റീഫൻ. മക്കൾ: ഷൈനി (യുഎസ്), ബിന്ദു (പിറവം), ബിനോ സ്റ്റീഫൻ (ഫിൻലൻഡ്), മരുമക്കൾ: സാബു തെക്കേപ്പറമ്പിൽ (ഏറ്റുമാനൂർ), ഷാജി തെള്ളിയമ്മേൽ (പിറവം), ഷിജി പുറമറ്റത്തിൽ (ഞീഴൂർ).

## കെ.എ. ബെഞ്ചമിൻ



**ഡാളസ്/തിരുവനന്തപുരം:** കെൽട്രോൺ റിട്ട. ജനറൽ മാനേജർ നാരങ്ങാനം കണ്ടംകുളത്ത് കെ.എ. ബെഞ്ചമിൻ (പാപ്പച്ചൻ-73) തിരുവനന്തപുരത്ത് അന്തരിച്ചു. ഡാളസ് സെ. ആൻഡ്രൂസ് എപ്പിസ്കോപ്പൽ ചർച്ച് ഫാർമേഴ്സ് ബ്രാഞ്ച് വൈദികൻ റവ. റോയ് തോമസിന്റെ പിതൃസോഹദരനും ഡാളസ് മാർത്തോമ്മ ഇടവകാംഗം സൂസൻ വർഗീസിന്റെ സഹോദരനുമാണ്. ഭാര്യ അന്നമ്മ ബെഞ്ചമിൻ. മക്കൾ: ഡോ. അഞ്ജു, എബി. മരുമകൻ: ഡോ. നിജോ.

## സി.സി. ഏബ്രഹാം

**കുറവിലങ്ങാട്:** മാപ്പിളപറമ്പിൽ ചിറ്റക്കാട്ട് സി.സി. ഏബ്രഹാം (89) അന്തരിച്ചു. ഭാര്യ അരുവിത്തുറ പ്ലാത്തോട്ടത്തിൽ അന്നമ്മ. മക്കൾ: ജോളി, റോസമ്മ, ജോമി (യുഎസ്), മേഴ്സി, ആനി, ഷാജി, സജി (ഓസ്ട്രേലിയ), പരേതരായ ജോയി, ജോസഫ്. മരുമക്കൾ: ജോർജ് ജേക്കബ് പൂവത്തോലിൽ ചെങ്ങളം, ഷീനാ താഴത്തേൽ മേലുകാവുമറ്റം (യുഎസ്), ടോം പരുവപ്പറമ്പിൽ പുളിങ്കുന്ന്, ജോസ് പുളിക്കൽ തൊടുപുഴ, ജിൽജിൽ മേരി ഊക്കൻഫാമിലി തൃശൂർ (ഓസ്ട്രേലിയ), സോണിയ ഓലിക്കരോട്ട് കട്ടപ്പന (കാനഡ), അമ്പിളി വടക്കേക്കുന്നേൽ പാലാ (ഓസ്ട്രേലിയ).

**തൃക്കൊടിത്താനം:** പിഡബ്ല്യു.ഡി. റിട്ട. സൂപ്രണ്ടിങ് എൻജിനീയർ കോട്ടമുറി ജോൺ ജെ. ഏലംകുന്നം (തമ്പി-88) അന്തരിച്ചു.

**ഉപ്പുതോട്:** തെലങ്കാന മഞ്ചേരിയാൽ ക്രിസ്തുജ്യോതി പ്രോവിൻസ് അംഗം സിസ്റ്റർ മരിയ ജോൺ കുറുവന്താനത്ത് (93) അന്തരിച്ചു.

## അന്നാമ്മ ബേബി ചേലമലയിൽ



**കിടങ്ങൂർ സൗത്ത്:** ചേലമലയിൽ പരേതനായ ടി.കെ. ബേബിയുടെ ഭാര്യ അന്നാമ്മ ബേബി അന്തരിച്ചു. പരേത കോട്ടയം എസ്.എച്ച് മൗണ്ട് മുളകുമറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: ജോസിനി, ജോജിനി, ജോജിമോൻ, ജോമിനി. മരുമക്കൾ: കുഞ്ഞുമോൻ എള്ളങ്കിൽ (ഉഴവൂർ), സജി ഫിലിപ്പ് പള്ളിത്താഴത്ത് (കല്ലറ), ടെസ്സി തെക്കേവഞ്ചിപ്പുരയ്ക്കൽ (പാലത്തുരുത്ത്), ബിനീഷ് ചായിലത്ത് (കിഴക്കേ നട്ടാശ്ശേരി).

## സന്തോഷ് പി. നായർ

**കോട്ടയം:** മറിയപ്പള്ളി സുപ്രഭയിൽ പരേതനായ പുരുഷോത്തമൻ നായരുടെ (റിട്ട. എൻജിനീയർ കെഎസ്ഇബി) മകൻ കോസ്റ്റ് കോ (യുഎസ്) ഉദ്യോഗസ്ഥൻ സന്തോഷ് പി. നായർ (57) അന്തരിച്ചു. ഭാര്യ മണർകാട് കുളത്തിങ്കൽ ലതാ ചന്ദ്രൻ. മക്കൾ: ഗായത്രി, ഗോവിന്ദ് (എല്ലാവരും യുഎസ്).

## ജയശ്രീ ആർ. മേനോൻ

**തൃശൂർ:** തെക്കേമഠം റോഡ് പൗർണമിയിൽ പൂയത്ത് ജയശ്രീ ആർ. മേനോൻ (76) അന്തരിച്ചു. ഭർത്താവ് പരേതനായ പി. രാധാകൃഷ്ണ മേനോൻ. മക്കൾ: ഡോ. സൂരജ് മേനോൻ, സുജിത് മേനോൻ (ഇരുവരും യുകെ), ശരത് മേനോൻ (യുഎസ്). മരുമക്കൾ: ഡോ. അഞ്ജലി, നിഷ (ഇരുവരും യുകെ), അലീസ (യുഎസ്).

## ടി.സി. സണ്ണി

**മള്ളൂശ്ശേരി:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ തൈക്കാട്ട് ടി.സി. സണ്ണി (78) അന്തരിച്ചു. ഭാര്യ മള്ളൂശേരി അയിക്കര സാലി സണ്ണി. മക്കൾ: ഷേണി (യുകെ), സോണി, ഷെറി (ഇരുവരും യുഎസ്). മരുമക്കൾ: ഷൈബി കൊല്ലപ്പറമ്പിൽ മാന്നാനം (യുകെ), ലിജി വാലുമറ്റത്തിൽ അരീക്കര, സോണിയ ഉള്ളാടപ്പറമ്പിൽ ഉഴവൂർ (ഇരുവരും യുഎസ്).

**കുളനട:** തഴവ ഗവ. കോളജ് റിട്ട. പ്രിൻസിപ്പൽ പനങ്ങാട് ജയ സദനത്തിൽ ഡോ. കെ. എസ്. ജയശ്രീ (61) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** അഞ്ചാനിക്കൽ സെബാസ്റ്റ്യൻ മാത്യുവിന്റെയും ഷാൻ സെബാസ്റ്റ്യന്റെയും മകൾ റോണ സെബാസ്റ്റ്യൻ (22) അന്തരിച്ചു.

## കെ.സി. തോമസ്

**തിരുവല്ല:** കാട്ടൂക്കര തിട്ടയിൽ കെ.സി. തോമസ് (പാപ്പച്ചൻ-90) അന്തരിച്ചു. ഭാര്യ കൈനകരി കളിപ്പറമ്പിൽ സുമം. മക്കൾ: ഡോ. കുര്യൻ തോമസ് (യുഎസ്), കുഞ്ചെറിയ തോമസ് (മുംബൈ), അനിത സാറ ചെറിയാൻ. മരുമക്കൾ: അൻസു, വിനീത, ജേക്കബ് ചെറിയാൻ.

## പി.ടി. വർഗീസ്

**മുണ്ടക്കയം:** വണ്ടൻപതാൽ പുത്തൻചിറയിൽ വിമുക്തഭടൻ പി.ടി. വർഗീസ് (തങ്കച്ചൻ-79) അന്തരിച്ചു. ഭാര്യ മല്ലപ്പള്ളി കുഴിവേലിൽ ഓലിക്കൽ ഏലിയാമ്മ. മക്കൾ: ബോബി വർഗീസ് (യുഎസ്), പ്രിവി വർഗീസ് (ദുബായ്), ബിറ്റി മിനു തോമസ് (ബെംഗ്ളൂരു). മരുമക്കൾ: ജെയ്സിലി തോമസ് (യുഎസ്), നൈസി മേരി വർഗീസ് (ദുബായ്), മിനു തോമസ് (ബെംഗ്ളൂരു).

## ചെറിയാൻ തോമസ്



**ബാരി/ഒന്റാരിയോ:** ചെങ്ങന്നൂർ തിരുവൻവണ്ടൂർ കിഴക്കേമുണ്ടക്കൽ പരേതനായ ചെറിയാൻ തോമസിന്റെയും തങ്കമ്മ തോമസിന്റെയും മകൻ ചെറിയാൻ തോമസ് (സച്ചിൻ-50) കാനഡയിലെ ഒന്റാരിയോയിൽ അന്തരിച്ചു. തിരുവൻവണ്ടൂർ സെ. ഇഗ്നേഷ്യസ് ക്നാനായ ദേവാലയാംഗമായ പരേതൻ വർഷങ്ങളായി തേറാപ്പിസ്റ്റായി ജോലിചെയ്തുവരികയായിരുന്നു. ബാരിയിൽ തന്നെ ഫിസിക്കൽ തെറാപ്പിസ്റ്റായ തിരുവല്ല ഇരവിപേരൂർ കന്നകുഴിയിൽ ജയയാണ് ഭാര്യ. മക്കൾ: ദിയ (സോഷ്യൽ വർക്കർ), എൽസ (കോളജ് വിദ്യാർത്ഥിനി).

## സൂസി കുര്യാക്കോസ്

**കോട്ടയം:** വലിയപറമ്പിൽ സൂസി കുര്യാക്കോസ് (93) അന്തരിച്ചു. ഭർത്താവ് പരേതനായ ഡോ. വി.കെ. കുര്യാക്കോസ് (മെഡിക്കൽ കോളജ്, കോട്ടയം). മക്കൾ: ഡോ. സജീഷ് (യുഎസ്), സുഷ. മരുമക്കൾ: മാലു, ബോബി.

## എം.എം. തോമസ്

**തത്തംപള്ളി:** മൂഴയിൽ എം.എം. തോമസ് (ടോമിച്ചൻ-82) കാലിഫോർണിയയിൽ അന്തരിച്ചു. ഭാര്യ പൂപ്പള്ളി ലീല തോമസ്. മക്കൾ: ടോജോ, ടോണി, ടോബൽ, ലിയോ.

**മണർകാട്:** ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ട് തെങ്ങുംതുരുത്തേൽ റേച്ചൽ മാത്യു (ശാന്തമ്മ-73) അന്തരിച്ചു.

## മറിയാമ്മ തിമോത്തിയോസ്



**ഡിട്രോയിറ്റ്:** മാവേലിക്കര കരിപ്പുഴ കടകമ്പള്ളിൽ പരേതനായ ഡോ. കെ.ജി. തിമോത്തിയോസിന്റെ ഭാര്യ മറിയാമ്മ തിമോത്തിയോസ് (ഡോട്ടിമോൾ-88) ഡിട്രോയിറ്റിൽ അന്തരിച്ചു. മാറനാട് പുത്തൻപുരയിൽ കുടുംബാംഗമാണ്. മക്കൾ: ജീബി തിമോത്തിയോസ്, ഡോ. സോണിയ ബിജു. മരുമക്കൾ: ലീന ജീബി, ബിജു. സഹോദരങ്ങൾ: പരേതനായ മാത്യു പണിക്കർ (ബാബു), കോശി പണിക്കർ (സണ്ണി കോട്ടയം), ജോൺ പണിക്കർ (രാജൻ ഡിട്രോയിറ്റ്).

## ബ്രിജീത്ത ജോസഫ്

**തലയോലപ്പറമ്പ്:** പാലത്ത് ബ്രിജീത്ത ജോസഫ് (85) അന്തരിച്ചു. വൈക്കം പഴയകടവിൽ കുടുംബാംഗമാണ്. ഭർത്താവ് പി.ജെ. ജോസഫ്. മക്കൾ: ജോസഫ് (യുഎസ്), മോളി, ലില്ലി, ടോമി, ജെസി, ജെയ്സ്, ജെൻസി, മരുമക്കൾ: റീത്താമ്മ കണ്ണംകുളത്ത് തോട്ടുവാ, ജോമി ഗ്രീൻവില്ല തലയോലപ്പറമ്പ്, തോമസ് തുളിശേരി മുട്ടുചിറ, സുജ തുരുത്തികാലായിൽ വടകര, സാബു കൊട്ടിശേരിൽ ഉല്ലല, ജോമോൾ കടമകേരിൽ എളമക്കര, ബിജു പുതുവേലി, ഇലഞ്ഞി.

## ആർ. രാജഗോപാൽ

**വൈക്കം:** കെഎസ്ഇബി റിട്ട. അസി. എൻജിനീയർ ചൗണ്ടത്ത്മഠം വീട്ടിൽ ആർ. രാജഗോപാൽ (78) അന്തരിച്ചു. ഭാര്യ ശാന്തി രാജഗോപാൽ. മക്കൾ: ലക്ഷ്മി (യുഎസ്), രേഖ പടമുകൾ (എറണാകുളം), രേണു (തൃപ്പൂണിത്തുറ). മരുമക്കൾ: നടരാജ് ഗോപാലകൃഷ്ണൻ (യുഎസ്), ലിനു ജേക്കബ് (പടമുകൾ എറണാകുളം), പരേതനായ ഗണേഷ് എച്ച്. അയ്യർ.

## തോമസ് ജോൺ

**കിടങ്ങൂർ:** കൂടല്ലൂർ മുതുകാട്ടിൽ തോമസ് ജോൺ (83) അന്തരിച്ചു. ഭാര്യ ഉഴവൂർ വെട്ടുകല്ലേൽ ഏലിയാമ്മ തോമസ്. മക്കൾ: സോണി, സോമി, സാം, സോളി. മരുമക്കൾ: പയസ് മടയണകാവിൽ (യുഎസ്), ജോസ് പുള്ളിനിൽക്കുംകാലയിൽ (പെർത്ത്), മോൾസി മുതുകാട്ടിൽ (വിയന്ന), ജിമ്മി അഴകേടത്ത് (യുഎസ്).

**അടിച്ചിറ:** പ്രമുഖ ടൂറിസ്റ്റ് ബസ് ഓപ്പറേറ്ററും വ്യാപാരിയുമായ അടിച്ചിറ പുല്ലത്തിൽ ജോർജ് ചെറിയാൻ (69) അന്തരിച്ചു.

## കെ. ജോൺ കുരുവിള

**ആലുവ:** കോലത്തുകളത്തിൽ (കുറിച്ചി) കെ. ജോൺ കുരുവിള (91) അന്തരിച്ചു. തമിഴ്നാട് ഇൻഡസ്ട്രിയൽ എക്സ്പ്ലോസീവ്സ് ജനറൽ മാനേജരായിരുന്നു. ഭാര്യ സാറാമ്മ ജോൺ (അക്കര വലിയപറമ്പിൽ). മക്കൾ: ഡോ. കുരുവിള ജോൺ (യുഎസ്), ജ്യോതി സാറ ജോസഫ്. മരുമക്കൾ: ഗായത്രി, അനിൽ കെ. ജോസഫ്.


## വി.കെ. ഗോപാലൻ

**കോതനല്ലൂർ:** കാളാശേരിൽ വി.കെ. ഗോപാലൻ (93) അന്തരിച്ചു. ഭാര്യ പരേതയായ രാജമ്മ. മക്കൾ: സിന്ധുമോൾ, സജിമോൻ (യുഎസ്), സീനാകുമാരി, സുമ, ബിനു. മരുമക്കൾ: പരേതനായ മുരളീധരമേനോൻ കളർകോട്, രവീന്ദ്രൻ വേരുവള്ളി, സുമേഷ് വെമ്പള്ളി, ജയശ്രീ (യുഎസ്), കല (സൗദി).

## സി.ജെ. ഫിലിപ്പ്

**അയർക്കുന്നം:** മറ്റക്കര ചിറക്കൽ സി.ജെ. ഫിലിപ്പ് (87) അന്തരിച്ചു. ഭാര്യ കൈപ്പുഴ പള്ളത്തടത്തിൽ ഗ്രേസി ഫിലിപ്പ്. മക്കൾ: ജിനി ഫിലിപ്പ് (യുഎസ്), ജോൺസൺ ഫിലിപ്പ്, മിനു സുഭാഷ് (ഇരുവരും യുകെ). മരുമക്കൾ: പരേതനായ ഫിലിപ്പ് മറ്റത്തിൽ പുന്നത്തുറ, മേഴ്സി ജോൺസൺ പറമ്പേട്ട് മടമ്പം, സുഭാഷ് മാധവപ്പള്ളിൽ കല്ലറ.

## തോമസ് തോമസ്



**ഹൂസ്റ്റൺ:** റാന്നി കൊറ്റനാട് പുതുക്കുടിയിൽ തോമസ് തോമസ് (ജോർജ്-101) അന്തരിച്ചു. അയിരൂർ അയ്യക്കാവിൽ കുടുംബാംഗമാണ്. ഭാര്യ കല്ലൂപ്പാറ മേലേക്കുറ്റ് പരേതയായ ഏലിയാമ്മ. മക്കൾ: തോമസ് പി. തോമസ് (തമ്പി ഹൂസ്റ്റൺ), മാത്തുക്കുട്ടി (റാന്നി കണ്ടൻപേരൂർ), സാലി (ഓച്ചിറ), വത്സൻ, ലീലാമ്മ, മോളമ്മ (മൂന്നുപേരും ഡാളസ്), സുജ (ഹൂസ്റ്റൺ). മരുമക്കൾ: വത്സമ്മ (ഹൂസ്റ്റൺ), സിസിലി (കണ്ടൻപേരൂർ), തമ്പിക്കുഞ്ഞ് (ഓച്ചിറ), ബീന, ബേബി, മോനിച്ചൻ (മൂന്നുപേരും ഡാളസ്), പരേതനായ സാബു.

**കാഞ്ഞിരപ്പള്ളി:** വിമുക്തഭടൻ കുളങ്ങര ഡൊമിനിക് ഡോമിനിക് (84) അന്തരിച്ചു.

**കുറുമുള്ളൂർ:** മാങ്കുളം റിട്ട. വില്ലേജ് ഓഫീസർ പൂരുത്തുംകാലായിൽ എം.ടി. ജോസഫ് (ജോസ്-81) അന്തരിച്ചു.

**ഉള്ളനാട്:** മഠത്തികുന്നേൽ ജോൺ (കൊച്ച്-70) അന്തരിച്ചു.

## പാലോലിൽ ഗീവർഗീസ് അലക്സാണ്ടർ



**ഡാളസ്:** വെട്ടിയാർ ഇടപ്പോൺ പാലോലിൽ ഗീവർഗീസ് അലക്സാണ്ടർ (81) ഡാളസിൽ അന്തരിച്ചു. തിരുവല്ല തോട്ടഭാഗം കിഴവറമണ്ണിൽ സ്വദേശി മറിയാമ്മ അലക്സാണ്ടറാണ് ഭാര്യ. മക്കൾ: ആനി മാത്യു, ഗീവറുഗീസ് അലക്സാണ്ടർ (അനു) ജൂണിയർ. മരുമക്കൾ: ജോൺ മാത്യു (സണ്ണി ചെല്ലേത്ത്), രമ്യ അനു.

## ഡോ. കുമാരൻകുട്ടി

**തേഞ്ഞിപ്പലം:** കാലിക്കട്ട് സർവകലാശാല സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം മുൻ മേധാവിയും സാമൂഹിക പ്രവർത്തകനുമായിരുന്ന ഒലിപ്രംകടവ് റോഡ് ഇടത്തിൽ വീട്ടിൽ ഡോ. കെ. കുമാരൻകുട്ടി (89) അന്തരിച്ചു. ഭാര്യ പത്മാ കെ. കുട്ടി. മക്കൾ: മധു കെ. കുട്ടി (യുഎസ്), ഡോ. രാധിക കെ. കുട്ടി (യുകെ), അരവിന്ദ് കെ. കുട്ടി (ഡെന്മാർക്ക്). മരുമക്കൾ: ഡോ. മീനാക്ഷി മധു (യുഎസ്), ഡോ. അജിത്ത് മേനോൻ (യുകെ).

## ഏലിയാമ്മ ഏബ്രഹാം

**കൈപ്പുഴ:** താന്നിച്ചുവട്ടിൽ ഏലിയാമ്മ ഏബ്രഹാം (ഓലി-79) അന്തരിച്ചു. കൈപ്പുഴ പുളിയംപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എൽ. ഏബ്രഹാം. മക്കൾ: ലാലി, മേഴ്സി (യുഎസ്), റോയ്, റെജിമോൻ, ഫാ. ജോർജുകുട്ടി താന്നിച്ചുവട്ടിൽ, തിയോഫിൻ, ബ്രിജോ, ജോസ്മി (ഇരുവരും യുകെ). മരുമക്കൾ: പരേതനായ ബാബു ചിലമ്പത്ത് വടവാതൂർ, റോയ് പൂതക്കരി ഇരവിമംഗലം (യുഎസ്), ബിജി കുടുന്തയിൽ പുന്നത്തുറ, സിൻസി കുന്നത്തറക്കൽ മാഞ്ഞൂർ, ബെന്നി നന്ദികുന്നേൽ പുന്നത്തുറ (ഇരുവരും യുകെ).

## ബാബു തോമസ്

**കോട്ടയം:** ഓണാട്ട് ബാബു തോമസ് (71) യുഎസിൽ അന്തരിച്ചു. ഭാര്യ റാന്നി കോവൂർ ജെസി ബാബു. മക്കൾ: ജെബിൻ ബാബു, ജെനി ബാബു. മരുമക്കൾ: മാങ്ങാനം ഇളപ്പുങ്കൽ രേഷ്മ ജെബിൻ, കൊച്ചി കോന്നുള്ളിൽ റീഗൻ റോമിയോ (എല്ലാവരും യുഎസ്).

**നെടുങ്കുന്നം:** പടിഞ്ഞാറേ പുതുപ്പറമ്പിൽ റോസമ്മ ജോസഫ് (64) അന്തരിച്ചു.

**കാളിയാർ:** നെടുമലയിൽ അന്നക്കുട്ടി (100) അന്തരിച്ചു.

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## Favors Received



*Inserted by: Firm Believer, New York*

## Favors Received



*Inserted by: Firm Believer, New York*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: SUSAN SABU*

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

**Visit Our Website:** www.keralaexpress.com for Classified Advt.

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Chicago*




# നാല്പതുകളിലെ പ്രണയം




നടനും മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ രമേശ് എസ്. മകയിരം തിരക്കഥയെഴുതി സംവിധാനം ചെയ്ത നാല്പതുകളിലെ പ്രണയം (ലവ് ഇൻ ഫോർട്ടിസ്) തിയറ്ററിൽ.

ആശ വാസുദേവൻ നായർ, ജെറി ജോൺ, കുടശനാട് കനകം, ശ്രീദേവി ഉണ്ണി, മഴ രമേശ്, ഗിരിധർ കൃഷ്ണ, ക്ഷമ, മെർലിൻ, ധന്യ തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഷഹബാസ് അമൻ, നിത്യ മാമൻ, ഗിരീഷ് നാരായൺ, അന്നപൂർണ പ്രദീപ്, അമൃത ജയകുമാർ, കാഞ്ചന ശ്രീറാം, ഐശ്വര്യ മോഹൻ, ശ്രേയ അന്ന ജോസഫ് തുടങ്ങിയവർ ആലപിച്ച ആറ് ഗാനങ്ങൾ ഈ ചിത്രത്തിലുണ്ട്.

മഴ ഫിലിംസിന്റെ ബാനറിൽ രമേശ് എസ്. മകയിരം നിർമിച്ച ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എസ്. ജയൻദാസ് നിർവഹിക്കുന്നു. ഗാനരചന-രമേശ് എസ്. മകയിരം, ആശ വാസുദേവൻ നായർ, സംഗീതം-ഗിരീഷ് നാരായൺ, എഡിറ്റർ-ലിനോയ് വർഗീസ്, ആർട്ട്സ്-ശ്രുതി, പ്രൊഡക്ഷൻ കൺട്രോളർ-എൽദോ സെൽവരാജ്, സൗണ്ട് ഡിസൈൻ-ഷാജി മാധവൻ, മേക്കപ്പ്-ബിനു സത്യൻ, നവാസ് ഷെജി, പിആർഒ-എഎസ് ദിനേശ്, മനു ശിവൻ.

# കൂടോത്രം തിയറ്ററുകളിൽ എത്തി

നടൻ ബൈജു എഴുപുന്ന സംവിധാനം ചെയ്ത കൂടോത്രം എന്ന ചിത്രം റിലീസ് ചെയ്തു. മലയോര ജില്ലയായ ഇടുക്കിയുടെ മനോഹാരിതയിൽ പൂർണമായും ഹൊററ് ഹ്യൂമർ ഫാമിലി ഡ്രാമ ജോണറിലാണ് ഈ ചിത്രത്തിന്റെ അവതരണം. ക്ളീൻ എന്റർടെയ്നറെന്നു വിശേഷിപ്പിക്കാം. സാൻജോ പ്രൊഡക്ഷൻസിന്റെ ബാനറിലാണ് നിർമാണം. അധ്വാനികളായ സാധാരണക്കാർ താമ




സിക്കുന്ന കാർഷിക ഗ്രാമത്തിൽ ഒരു കൂടോത്രത്തോടെ ഉണ്ടാകുന്ന പ്രശ്നങ്ങളാണ് പ്രമേയം. ബൈജു എഴുപുന്ന കേന്ദ്രകഥാപത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിൽ ഡിനോ പൗലോസ്, ശ്രീനാഥ്കേത്തി, സലിം കുമാർ, ജോയ് മാത്യു, സായ് കുമാർ, ശ്രീജിത്ത് രവി, സുധികോപ്പ, ജോജി ജോൺ, കോട്ടയം രമേഷ്, സുനിൽ സുഖദ, പ്രമോദ് വെളിയനാട്, സ്ഫടികം സണ്ണി, റേച്ചൽ ഡേവിഡ്, ദിയ, ദിവ്യാ, അംബികാ ബിജു, വീണാ നായർ തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു. സന്തോഷ് ഇടുക്കിയുടേതാണ് രചന, ബി.കെ ഹരിനാരായണന്റെ വരികൾക്ക് ഗോപീസുന്ദർ ഈണമൊരുക്കുന്നു.

# 'ഫോർത്ത് ഫ്ളോർ' 27-ന് എത്തും




സൈക്കോളജി ത്രില്ലർ ചിത്രമായ ഫോർത്ത് ഫ്ളോർ ഇരുപത്തേഴിന് തിയറ്ററുകളിലെത്തും. തമിഴിലും മലയാളത്തിലുമായി ഒരുക്കുന്ന ഈ ചിത്രം എൽ.ആർ. സുന്ദരപാണ്ഡ്യൻ സംവിധാനം ചെയ്യുന്നു. മനോ ക്രിയേഷൻസിന്റെ ബാനറിൽ എ. രാജയാണ് നിർമാണം.

സ്വാസികയെ തമിഴിൽ ആദ്യമായി അവതരിപ്പിച്ച വൈഗ, സത്യരാജ്, അജ്മൽ അമീർ, പൂർണിമ ഭാഗ്യരാജ്, ശ്രീമാൻ, വൈജി മഹേന്ദ്ര എന്നിവരഭിനയിച്ച ദീർഘദർശി എന്നീ ചിത്രങ്ങൾ ഒരുക്കിയ സുന്ദരപാണ്ഡ്യന്റെ മൂന്നാമത്തെ ചിത്രമാണിത്.

രക്തച്ചുഴി, നയൻതാര നായികയായ മായ തുടങ്ങിയ ചിത്രങ്ങളിൽ നായകനായ ആരി അർജുനനാണ് മുഖ്യവേഷത്തിൽ.

ബിഗ് ബോസ് തമിഴ് പതിപ്പിലെ വിന്നർ കൂടിയാണ് ആരി അർജുൻ, ദീപ്ഷിക, തലൈവാസൽ വിജയ്, പവിത്ര, സുബ്രഹ്മണ്യ ശിവ, ആദിത്യ കതിർ എന്നിവരും പ്രധാന താരങ്ങളാണ്.

ഒരു ഫ്ളാറ്റിൽ നടക്കുന്ന സംഭവമാണ് ചിത്രത്തിന്റെ പ്രമേയം. ഒരു വ്യക്തിയുടെ യഥാർത്ഥ ജീവിതവും സ്വപ്നവും കോർത്തിണക്കിയുള്ള സൈക്കോളജിക്കൽ ത്രില്ലർ ആറു മരണങ്ങൾക്കുപിന്നിലെ ദുരൂഹതകളുടെ ചുരുൾ നിവർത്തുന്നു.

സംഗീതം-ധരൻ കുമാർ, ഛായാഗ്രഹണം-ജെ. ലഷ്മൺ, എഡിറ്റിംഗ്-റാം സുദർശനൻ തുടങ്ങിയവർ അണിയറയിൽ പ്രവർത്തിക്കുന്നു.

# വിദ്യാർത്ഥി വിദ്യാർത്ഥിനികളെ



സോഷ്യൽമീഡിയ താരങ്ങൾക്കും യുവപ്രതിഭകൾക്കുമൊപ്പം കന്നഡയിലെ പ്രമുഖ റാപ്പർ ചന്ദൻ ഷെട്ടി നായകനായി അരങ്ങേറ്റം കുറിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെ 20-ന് പ്രദർശനത്തിനെത്തി. കാമ്പസിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ ചിത്രം ഒരു കംപ്ലീറ്റ് ആക്ഷൻ എന്റർടെയ്നറാണ്. അരുൺ അമുക്തയാണ് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്നത്. സുബ്രഹമണ്യകുക്കെ, എ.സി. ശിവലിംഗ ഗൗഡ എന്നിവർ ചേർന്ന് വെറൈറ്റി ക്രിയേഷൻസിന്റെ ബാനറിൽ നിർമിച്ച ഈ ചിത്രത്തിന്റെ ഛായാഗ്രഹണം കുമാർ ഗൗഡയാണ്. ചന്ദൻ ഷെട്ടിയെ കൂടാതെ അമർ, ഭാവന അപ്പു, ഭവ്യ, മനോജ് വിവൻ, അരവിന്ദ് റാവു, സുനിൽ പുരാണിക്, കോക്രോച്ച് സുധീർ, മാനസി, രഘു രാമനകോപ്പ, സിഞ്ചന എന്നിവരുൾപ്പെടെ ഒട്ടേറെപ്പേർ അണിനിരക്കുന്നു. പവൻ ഗൗഡയാണ് എഡിറ്റർ ടൈഗർ ശിവയും നരസിംഹയും നൃത്തസംവിധാനം നിർവഹിക്കുന്നു.




# ‘ആശാനി’ലെ നായകവേഷം ഗംഭീരമാക്കിയ ജോമോൻ ജ്യോതിറിന്റെ സിനിമാവിശേഷങ്ങൾ



‘രോമാഞ്ചത്തിലെ’ ഡി.ജെ. ബാബു ‘ഗുരുവായൂരമ്പലനടയിലെ’ ഡോക്ടർ ജോർജ് ‘വാഴ’യിലെ മൂസ, ‘വ്യസനസമേതം ബന്ധുമിത്രാദികളി’ലെ ശക്തി... ജോമോന്റെ മുൻ ഫിറ്റുകളിൽ നിന്നു മാറ്റിപ്പിടിച്ച പ്രകടനവുമായി ‘ആശാനി’ലെ അനന്തൻ. ജോൺപോൾ ജോർജ് സിനിമ ആശാനിൽ ഇന്ദ്രൻസിനൊപ്പം പ്രാധാന്യമുള്ള നായകവേഷം ഗംഭീരമാക്കിയ നടൻ ജോമോൻ ജ്യോതിറിന്റെ വിശേഷങ്ങൾ...

അവഗണനകൾ മറികടന്ന് സിനിമയിലെത്തിയ ‘ആശാനി’ലെ നായക കഥാപാത്രം അനന്തനെപ്പോലെ തീരെ ച്ചെറിയ വേഷങ്ങളിൽനിന്ന് നായക സ്ഥാനത്തേക്കുയർന്ന പുത്തൻതാരമാണ് ജോമോൻ ജ്യോതിർ. കളിമണ്ണിൽ നിന്ന് ഉദാത്തസൗന്ദര്യം കണ്ടെടുക്കും പോലെ ജോമോനിൽ നിന്നു ജോൺപോൾ ജോർജ് മെനഞ്ഞെടുത്ത ഹൃദയഹാരിയായ കഥാപാത്രമാണ് അനന്തൻ! ‘രോമാഞ്ച’ത്തിലെ ഡി.ജെ. ബാബു, ‘ഗുരുവായൂരമ്പലനടയി’ലെ ഡോക്ടർ ജോർജ്, ‘വാഴ’യിലെ മൂസ, വ്യസനസമേതം ബന്ധുമിത്രദികളിലെ ശക്തി... ഹിറ്റായ ജോമോൻ വേഷങ്ങളിൽനിന്നു കേട്ടിലും മട്ടിലും മാറ്റിപ്പിടിച്ച ‘ആശാൻ’ കഥാപാത്രം.

‘ഞാനുമായി നന്നായി അടുപ്പമുള്ള കഥാപാത്രമാണ് അനന്തൻ’. ഞങ്ങൾ തമ്മിൽ ഏറെ സാദൃശ്യങ്ങളുണ്ട്. ഒരു പക്ഷേ, ജോണേട്ടൻ അങ്ങനെ കണ്ടിട്ടാവാം എന്നെ കാസ്റ്റ് ചെയ്തത്. സിനിമയിൽ കയറാനുള്ള ആഗ്രഹത്തോടെ പിറകേ നടന്ന ഒരാളാണു ഞാനും’- ജോമോൻ പറഞ്ഞു.

സിനിമയിലെത്തിയത് യാദൃശ്ചികമായിട്ടല്ല. തോന്നയ്ക്കൽ എജെ കോളജിൽ നിന്ന് ബി.എ മാസ് കമ്യൂണിക്കേഷൻ കഴിഞ്ഞ് ഗ്രാഫിക് ഡിസൈനിംഗുമായി മുന്നോട്ടുപോയി. സിനിമതന്നെയായിരുന്നു മനസിൽ. കാറ്ററിംഗ് ഉൾപ്പെടെ, വട്ടച്ചെലവിനു പൈസ കിട്ടുന്ന പരിപാടികളെല്ലാം ചെയ്യുന്നുണ്ടായിരുന്നു. കുറച്ചു പണം വീട്ടിലും അയച്ചുകൊടുത്തിരുന്നു. ഒടുവിൽ എങ്ങനെയെങ്കിലും സിനിമയിൽ കയറിയേ പറ്റു എന്ന അവസ്ഥയിലെത്തി. കാരണം 25 വയസിനു പുറത്തായി മനസിൽ സിനിമ കിടക്കുമ്പോൾ വേറെ ജോലിക്കു പോകാൻ പറ്റുന്നുമില്ല. പത്തു പതിനഞ്ച് ഓഡിഷനുകളിൽ വിജയിച്ചിട്ടും അവർ പറയുന്ന ഫ്രെയിമിൽ പോയി നിന്നതല്ലാതെ ഡയലോഗുകളൊന്നും കിട്ടിയിരുന്നില്ല. പത്തുപേരുടെ കൂട്ടത്തിൽ ഒരാളായി രണ്ടു മാസമൊക്കെ നിന്നു മനസു മടുക്കുന്ന അവസ്ഥ.

കോവിഡ് സമയത്തു യൂട്യൂബിൽ കണ്ടന്റ് റീൽസ് ചെയ്തുതുടങ്ങി. അതു കണ്ട് ഇഷ്ടമായിട്ടാണ് ജൂഡ് ആന്റണി എന്നെ ‘സാറാസി’ലേക്കു വിളിച്ചത്. യുട്യൂബ് വെബ് സീരീസുകൾ തുടർന്നും ചെയ്തു. അതിനിടെ സംവിധായകൻ ജിത്തു മാധവൻ ‘രോമാഞ്ച’ത്തിലേക്കു വിളിച്ചു. ജോൺപോൾ ജോർജായിരുന്നു നിർമാതാവ്. വഴിത്തിരിവായി രോമാഞ്ചം. അത്യാവശ്യം പടങ്ങൾ വന്നു തുടങ്ങി. ഒരു സീൻ അഭിനയിക്കാനാണു വിപിൻദാസ് ‘ഗുരുവായൂരമ്പലനടയി’ലേക്കു വിളിച്ചത്. ചെയ്തത് ഇഷ്ടമായപ്പോൾ നാലഞ്ചു സീൻകൂടി തന്ന് എന്നെ ക്ലൈമാക്സ് വരെ എത്തിച്ചു. അങ്ങനെ ഡോ. ജോർജ് വലിയ കഥാപാത്രമായി. തുടർന്ന് അവസരങ്ങൾ കൂടിവന്നു. ‘വാഴ’യിൽ മൂസ എന്ന കഥാപാത്രം ചെയ്തശേഷമാണ് ജോൺപോൾ എന്നെ ‘ആശാനി’ലേക്കു വിളിച്ചത്. പിന്നീടു ‘വ്യസനസമേതം ബന്ധുമിത്രാദികളി’ലെ ശക്തിയും ക്ലിക്കായി. ‘ഇന്നസെന്റി’ലും ‘പെറ്റ് ഡിറ്റക്ടീവി’ലും ഹ്യൂമർ വേഷങ്ങളാണു ചെയ്തത്.

അനന്തനാകാൻ ജോൺപോളിന്റെ സപ്പോർട്ടുണ്ടായിരുന്നു. കയ്യിൽ നിന്നിടുന്ന പരിപാടിയൊക്ക ഇതിൽ മാറ്റിവയ്ക്കണം. ചേട്ടൻ പറയും അതുപോലെ ചെയ്താൽ മതി എന്നു ജോൺപോൾ ആദ്യമേ പറഞ്ഞിരുന്നു. സ്ക്രിപ്റ്റ് ഒരുതവണ എനിക്കു വായിച്ചുതന്നു. പിന്നീടു രണ്ടുതവണ ഞാൻ വായിച്ചു ഇതുവരെയുള്ള അഭിനയരീതിയിൽനിന്നു ട്രാക്ക് മാറ്റിപിടിക്കാൻ ജോൺപോൾ എന്നെ നല്ല രീതിയിൽ സഹായിച്ചു. ഞാൻ സിനിമയിലെത്തിയിട്ട് ഏകദേശം രണ്ട് വർഷമേ ആയിട്ടുള്ളൂ. ആക്ടിംഗ് വർക്ഷോപ്പിനോ ആക്ടിംഗ് ക്യാമ്പിനോ പോയിരുന്നില്ല. ഈ പടം തുടങ്ങുന്നതിന് അഞ്ചു ദിവസം മുമ്പ് ജോൺപോൾ എന്നെ ക്യാമ്പിലേക്കു കൊണ്ടുപോയി വേണ്ട കാര്യങ്ങൾ പറഞ്ഞുതന്നശേഷമാണു ഷൂട്ടിംഗിലേക്കു കടന്നത്. സിനിമയിലെത്താൻ ആഗ്രഹിക്കുന്നവരും സിനിമയെക്കുറിച്ചു പഠിക്കാൻ താത്പര്യമുള്ളവരും ഈ പടം ഒരു തവണ കണ്ടാൽമതി. എല്ലാം വ്യക്തമാകും. ആദ്യ പകുതി നർമം, രണ്ടാം പകുതി ക്ലാസ്-അങ്ങനെയാണു മേക്കിംഗ്.

മുമ്പ് രണ്ടു മൂന്നു പടങ്ങളിൽ വച്ച് ഇന്ദ്രൻസുമായി കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. പക്ഷേ, കൂടുതൽ കമ്പനിയായത് ആശാനിലാണ്. ഒന്നിച്ചുള്ള സീനെടുക്കും മുമ്പ് കുറച്ചു നേരം സംസാരിച്ചിരുന്ന് മാനസിക അടുപ്പമുണ്ടായാൽ ഏതു സീനും ഗംഭീരമായി ചെയ്യാനാവും. അദ്ദേഹത്തിനും അതറിയാം. നല്ല അടുപ്പമായതോടെ ഒപ്പം വർക്ക് ചെയ്യാൻ എളുപ്പമായി. എല്ലാവരോടും ഒരുപോലെയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റമാണ് എന്നെ ഏറ്റവുമധികം ആകർഷിച്ചത്. അദ്ദേഹത്തെ വലിയ ആളാക്കുന്നതും ആ പെരുമാറ്റമാണ്.

ഒരു ഷോട്ട് കഴിഞ്ഞ് ഡയറക്ടർ പറയാതെ അദ്ദേഹം ആ ലൊക്കേഷനിൽനിന്ന് ഒരടി അനങ്ങില്ല. കാരവാനിൽ പോയി ഡ്രസ് മാറും, ഭക്ഷണം കഴിക്കും ബാക്കി സമയം കോസ്റ്റ്യൂം വിഭാഗത്തിലെത്തി തയ്യൽമെഷീനു സമീപം കസേരയിട്ട് ഇരിക്കും. അതല്ലേ അദ്ദേഹത്തിന്റെ സെക്കൻഡ് ഹോം.

ഈ പടത്തിൽ ഇന്ദ്രൻസേട്ടൻ ആദ്യം ചെയ്തതു ക്ലൈമാക്സ് സീനാണ്. ഒരു പടം തുടങ്ങി ഏറെ നേരം അതിലൂടെ സഞ്ചരിച്ചു ക്ലൈമാക്സിൽ എത്തുമ്പോഴുള്ള ഇമോഷൻ എന്തെന്നു മനസിലാക്കിയാണ് അദ്ദേഹം ആദ്യ ദിവസം തന്നെ ആ സീൻ ചെയ്തത്. പരിചയക്കുറവു കാരണം എന്റെ സീനുകൾ കൃത്യമായ ക്രമത്തിൽ എടുത്തെടുത്താണുപോയത്. അദ്ദേഹത്തിന് ഇത്രയും വർഷത്തെ അനുഭവപരിചയമുള്ളതിനാൽ അവസാന സീൻ ആദ്യമെടുത്താലും പ്രശ്നമില്ല. ഞാൻ അതിലേക്ക് എത്താൻ കുറച്ചു വർഷങ്ങൾകൂടിയെടുക്കും.



എപ്പോഴും ഹീറോ ആകണമെന്നു വലിയ ആഗ്രഹമൊന്നുമില്ല. പക്ഷേ അത്യാവശ്യം ഭേദപ്പെട്ട ഒരു കാരക്ടർ വേഷം. അതു വില്ലൻ ആണെങ്കിലും ഞാൻ ഹാപ്പിയാണ്. വില്ലൻ വേഷങ്ങൾ എനിക്കു താത്പര്യമാണ്. എനിക്കു ചെയ്യാൻ പറ്റുന്ന കഥാപാത്രങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ട്. വരുന്നതു നായക വേഷമോ മറ്റേതെങ്കിലുമോ ആവട്ടെ. അതു നോക്കിയാവും തീരുമാനം.

കോമഡി ചെയ്യുന്നതു വലിയ അപകടമാണ്. തുടർച്ചയായി കോമഡി ചെയ്തു നിന്നാൽ ഒരു പരിധിവരെ മാത്രമേ ആളുകൾക്ക് ഇഷ്ടമാവുകയുള്ളൂ. അതു സ്ഥിരമാക്കിയാൽ അവർ നമ്മളെ വെറുക്കും. അതിനുമുമ്പേ കാരക്ടർ വേഷങ്ങളിലൂടെ നമ്മുടെ അഭിനയം വേറൊരു തലത്തിലേക്ക് എത്തിക്കണം. അതിനുള്ള പണിയിലാണ്. പക്ഷേ കോമഡി വിട്ടുകളയില്ല അതു ചെയ്യുന്നതാണ് എനിക്കു സമാധാനം.

‘കാലന്റെ തങ്കക്കുട’മാണ് അടുത്ത റിലീസ്. ‘ഇഡി’യുടെ സംവിധായകൻ അമീർ പള്ളിക്കലിന്റെ ‘പ്രേം പാറ്റ’ എന്ന സിനിമയുടെ ഷൂട്ടിംഗ് തുടങ്ങി. അതിൽ നായകനാണ്. സമകാലിക പ്രസക്തിയുള്ള, എനിക്കിഷ്ടമുള്ള പ്രമേയമാണ്. വിപിൻദാസ് നിർമിക്കുന്ന പടത്തിലും നായകവേഷം. അൽഫോൺസ് പുത്രൻ സംവിധാനം ചെയ്യുന്ന പടത്തിൽ മെയിൻ ലീഡാണ്. ‘ആശാൻ’ എല്ലാ സിനിമാക്കാരിലേക്കും എത്തുമ്പോഴേക്കും വേറിട്ട പുതിയ വേഷങ്ങൾ തേടിയെത്തുമെന്നാണു പ്രതീക്ഷ.

## ഡാർക്ക് ട്രാക്കിംഗ് പൂർത്തിയായി

നല്ലൊരു കുറ്റാന്വേഷണ കഥയുമായി എത്തുകയാണ് ഡാർക്ക് ട്രാക്കിംഗ് എന്ന ചിത്രം. കാമറാമാൻ എ.കെ. ശ്രീകുമാർ രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രം പൂർത്തിയായി. ഉടൻ തിയറ്ററുകളിലെത്തും. അരിസ്റ്റോ സുരേഷ് പ്രധാന വേഷത്തിലെത്തുന്ന ചിത്രത്തിൽ മറ്റ് പ്രമുഖ താരങ്ങളും പുതുമുഖങ്ങളും അഭിനയിക്കുന്നു.

ഒരു ഓർഫനേജിനെ ചുറ്റിപ്പറ്റി നടക്കുന്ന ഒരു ആക്ഷൻ ത്രില്ലർ ചിത്രമാണിത്. ഫാദേഴ്സ് നടത്തുന്ന ഓർഫനേജിൽ നിന്ന് പ്രിൻസ് എന്ന യുവാവ് മിസിംഗ് ആകുന്നു. ഓർഫനേജിലെ കുട്ടികൾ ഡി.ജി.പിക്ക് വിവരം മെയിൽ ചെയ്യുന്നു. സൈബർ സെൽ ഓഫീസർ രാമകൃഷ്ണ (അരിസ്റ്റോ സുരേഷ്)യുടെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിക്കുന്നു. തുടർന്നുണ്ടാകുന്ന സംഭവ ബഹുലമായ കഥ നല്ലൊരു അവതരണത്തോടെ അവതരിപ്പിക്കുകയാണ് സംവിധായകൻ എ.കെ. ശ്രീകുമാർ തന്നെ. വർഷങ്ങളോളം കാമറാമാനായി പ്രവർത്തിച്ച എ.കെ. ശ്രീകുമാർ, ഡാർക്ക് ട്രാക്കിംഗ് ബഹുഭാഷാ ചിത്രമായാണ് ഒരുക്കുന്നത്. ആർ.ജെ. കംബയിൻസ് ആൻഡ് ക്രീയേഷൻസിനുവേണ്ടി ജലജ എം.




കെ നിർമിക്കുന്നു. ഗാനരചന-വിനോദ് കൃഷ്ണൻ, ജീമോൻ ഏബ്രഹാം, സംഗീതം- സന്തോഷ് ഗോപാൽ, എഡിറ്റർ-രാജേന്ദ്ര ചോഴൻ, ബിജിഎം- സഞ്ജീവ് കൃഷ്ണൻ, ആർട്ട്- അനിൽ കോരാണി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് -രാജൻ ജോർജ്, പിആർഒ- അയ്മനം സാജൻ, അരിസ്റ്റോ സുരേഷ്, നിതാരാധ, ആശാ എസ്. നായർ, തുടങ്ങിയവരും മറ്റ് പ്രമുഖ താരങ്ങളും, പുതുമുഖങ്ങളും വേഷമിടുന്നു.

# ഡെലവെയർവാലി ഓർത്തഡോക്സ് ദേവാലയത്തിൽ യൂത്ത് കോൺഫറൻസ് കിക്കോഫ്

ജിനേഷ് തമ്പി

പെൻസിൽവേനിയ: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ഡെലവെയർവാലി സെന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം. ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കൃപയുടെ പാത്രങ്ങൾ എന്നതാണ് ചിന്താവിഷയം.



(2 തിമോത്തി 2:20-22-എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ട്. ചിലത് മാന്യകാര്യത്തിനും ചിലത് ഹീനകാര്യത്തിനും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന വിശിഷ്ടപാത്രം ആയിരിക്കും. അതുകൊണ്ട് യൗവനമോഹങ്ങളെവിട്ടോടുക. എന്നാൽ, ശുദ്ധഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടെ നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിന്തുടരുക).

കോൺഫറൻസ് പ്രചാരണത്തിന്റെ ഭാഗമായി ഡെലവെയർവാലി സെന്റ് ജോൺസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ റിംഗിൾ ബിജു, സ്റ്റെഫനി ബിജു, അകില സണ്ണി എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി. ദേവാലയ വികാരി ഫാ. ടോജോ ബേബിയും ഇടവക കമ്മിറ്റിയും കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

പള്ളി സന്ദർശിച്ചതിനു നന്ദി പ്രകാശിപ്പിക്കുന്നതിനൊപ്പം ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനായി ടീം അംഗങ്ങളുടെ സമർപ്പണത്തെയും സേവനത്തെയും പ്രശംസിച്ചു ഫാ. ടോജോ ബേബി എല്ലാ ദേവാലയ അംഗങ്ങളെയും കോൺഫറൻസിന് രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു.



അസി. ട്രഷറർ റിംഗിൾ ബിജു കോൺഫറൻസ് തീയതി, തീം, മുഖ്യ പ്രഭാഷകർ, സ്ഥലം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ പങ്കുവെച്ചു. രജിസ്ട്രേഷൻ ഫീസിനെക്കുറിച്ചും സൈന്റ് ആൻഡ് സൗണ്ട് ഷോയെക്കുറിച്ചും റിംഗിൾ വിശദമായി സംസാരിച്ചു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ.ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

സ്പോൺസർഷിപ്പിനെക്കുറിച്ച് ഫിനാൻസ് കമ്മിറ്റി അംഗം സ്റ്റെഫനി ബിജു സംസാരിച്ചു. റാഫിൾ മാനേജർ അകില സണ്ണി ഈ വർഷത്തെ സുവനീറിനെക്കുറിച്ചും പങ്കെടുക്കുന്നവർക്ക് കോൺഫറൻസിനെ പിന്തുണയ്ക്കാൻ വ്യക്തിഗത അല്ലെങ്കിൽ ബിസിനസ് പരസ്യങ്ങൾ നല്കാനുള്ള സാദ്ധ്യതകളെക്കുറിച്ചും അറിയിച്ചു.

ടോജോ അച്ചന്റെയും ദേവാലയാംഗങ്ങളുടെയും ഊഷ്മളമായ സ്വാഗതത്തിനും കോൺഫറൻസ് കമ്മിറ്റിക്ക് ദേവാലയം സന്ദർശിക്കാൻ അവസരം നല്കിയതിനും റിംഗിൾ ബിജു നന്ദി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറയുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

# എയ്ഡഡ് സ്കൂൾ: 20,000 അദ്ധ്യാപകർക്ക് സ്ഥിരനിയമനം

തിരുവനന്തപുരം: ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമക്കുരുക്കിൽ നിയമനാംഗീകാരം തടയപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ 20,000-ത്തിലേറെയുള്ള അദ്ധ്യാപകർക്കു സ്ഥിര നിയമനം നൽകാൻ ഉത്തരവ്. ഭിന്നശേഷി സംവരണ നിയമന തസ്തികകൾ ഒഴിച്ചിട്ടു ബാക്കിയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകാനാണ് നിയമസഭാ തെരഞ്ഞെടുപ്പു മുന്നിൽ കണ്ടുള്ള സർക്കാർ തീരുമാനം.

20,000-ത്തിലേറെ അദ്ധ്യാപകരുടെ നിയമനാംഗീകാരം വർഷങ്ങളായി തടഞ്ഞുവെച്ച വിദ്യാഭ്യാസ വകുപ്പിന്റെ നടപടിക്കെതിരെ വിവിധ ക്രൈസ്തവ സംഭകളും മതമേലദ്ധ്യക്ഷന്മാരും രംഗത്തുവന്നതോടെയാണ് സർക്കാർ നടപടി. വിധി ഇതര മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കാനായി സർക്കാർ സുപ്രീംകോടതിയിൽ പ്രത്യേക അനുമതി ഹർജി സമർപ്പിച്ചിരുന്നു. കേസ് ഏപ്രിൽ 14-ലേക്ക് മാറ്റിയിരുന്നു.

കേസിലെ അന്തിമവിധിക്ക് വിധേയമായി ഇതര മാനേജ്മെന്റുകൾക്ക് കീഴിലെ നിയമനങ്ങൾക്കും അംഗീകാരം നൽകാനാണ് തീരുമാനമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കേരളത്തിലെ കോർപറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള 893 സ്കൂളുകളിലെയും 1171 സിംഗിൾ മാനേജ്മെന്റ് സ്കൂളുകളും അടക്കം 2064 സ്കൂളുകളിലെ അദ്ധ്യാപകർക്കാണ് നിയമനാംഗീകാരം. നിയമന തീയതി മുതൽ എല്ലാ ആനുകൂല്യങ്ങളും സർക്കാർ ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസമന്ത്രി അറിയിച്ചു. നിയമനാംഗീകാര പ്രൊപ്പോസലുകൾ മാർച്ച് നാലിനകം വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ചു തീർപ്പാക്കണം. ഇതിൽ തീർപ്പാകാത്തവ വിദ്യാഭ്യാസ ഉപഡയറക്ടർ അദാലത്ത് നടത്തി മാർച്ച് 12-നകം തീർപ്പാക്കണം. തുടർന്നും അവശേഷിക്കുന്നവ പൊതുവിദ്യാഭ്യാസ ഡയറക്ടർ അദാലത്ത് നടത്തി ഒരാഴ്ചയ്ക്കകം തീർക്കണം. ഇതിനുശേഷവും തീർപ്പുകൽപ്പിക്കാത്തവ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യുകയും ഒരാഴ്ചയ്ക്കകം തീർപ്പാക്കുകയും ചെയ്യണം. നടപടികളുടെ പുരോഗതി റിപ്പോർട്ട് ആഴ്ചയിൽ ഒരു തവണ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കണം. ഇതിനായുള്ള മാർഗനിർദേശങ്ങൾ ഡയറക്ടർ പുറപ്പെടുവിക്കുമെന്നും ഉത്തരവിൽ പറയുന്നു.

എൻഎസ്എസ് മാനേജ്മെന്റിന് അനുകൂലമായി ലഭിച്ച വിധി അവർക്ക് മാത്രം ബാധകമെന്നും മറ്റുള്ളവർക്കു നടപ്പാക്കാനാകില്ലെന്നും സർക്കാർ നേരത്തെ നിയമോപദേശം വാങ്ങിയിരുന്നു. ഈ വാദം ഉയർത്തിയാണ് ഒരു വർഷത്തോളമായി ആവശ്യം സർക്കാർ നിരാകരിക്കുകയായിരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ നടപടിക്കെതിരെ സമരവും വിമർശനവും കടുത്തതോടെയാണ് വിധി മറ്റുള്ളവർക്ക് കൂടി ബാധകമാക്കാൻ തീരുമാനിച്ചത്. സുപ്രീം കോടതിയിലുള്ള ഹർജിയുടെ ഫലത്തിന് വിധേയമായി, ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിത തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിലും താത്കാലിക ജോലി ചെയ്യുന്ന അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് സീനിയർ അഭിഭാഷകരിൽനിന്ന് നിയമോപദേശം ലഭിച്ച സാഹചര്യത്തിലാണ് നടപടിയെന്ന് മന്ത്രി വിശദീകരിച്ചു. ഭിന്നശേഷി നിയമന പ്രശ്നം കാരണം താത്കാലിക നിയമനാംഗീകാരത്തിലും ദിവസവേതനത്തിലുമായി തുടരുന്ന ഇരുപതിനായിരത്തിലേറെ അദ്ധ്യാപകർക്കാണ് ഇതുവഴി സ്ഥിരം നിയമനത്തിന് വഴിയൊരുങ്ങുന്നത്.

# റഷ്യയിൽ ലോക മത പാർലമെന്റ് നടത്തി ശിവഗിരി മഠം

മോസ്കോ: മാനവികതയുടെയും സാഹോദര്യത്തിന്റെയും ജാതി-മത രഹിത സമൂഹത്തിന്റെയും സന്ദേശമുയർത്തി ശിവഗിരിമഠം മോസ്കോയിൽ ലോക മത പാർലമെന്റ് സംഘടിപ്പിച്ചു. ഒരു നൂറ്റാണ്ട് മുൻപ് ആലുവയിൽ ശ്രീനാരായണ ഗുരുദേവൻ സംഘടിപ്പിച്ച സർവമത സമ്മേളനത്തിന്റെ ശതാബ്ദിയുടെ ഭാഗമായി നടത്തിയ ലോക മത പാർലമെന്റ് റഷ്യൻ പാർലമെന്റ് അംഗം ആഞ്ചേല എഗോറെവ്ന ഗ്ലാജ്കോവ ഉദ്ഘാടനം ചെയ്തു. ഗുരുദർശനം ലോകം ആഴത്തിൽ അറിയേണ്ടതുണ്ടെന്നും ഗുരുദേവ ദർശനത്തിന്റെയും സന്ദേശങ്ങളുടെയും മഹിമ ഭൂമുഖത്തു ശാന്തിക്കും സഹകരണത്തിനുമുള്ള വഴി തെളിക്കുമെന്നും ആഞ്ചേല എഗോറെവ്ന ഗ്ലാജ്കോവ പറഞ്ഞു. റഷ്യൻ എംബസിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സമ്മേളനം റഷ്യൻ ഭാഷയിൽ തർജമ ചെയ്ത 'ദൈവദശകം' പ്രാർത്ഥനയോടെയാണ് ആരംഭിച്ചത്. റഷ്യയിലെ ഇന്ത്യൻ അംബാസഡർ വിനയ് കുമാർ മുഖ്യാതിഥിയായി.

# മുഖ്യമന്ത്രിയുടെ വിവാദ കത്ത്

(ഒന്നാം പേജിൽ നിന്നും)

സർക്കാർ ജീവനക്കാർ അനധികൃതമായി ക്ഷേമപെൻഷൻ വാങ്ങുന്നുണ്ടോയെന്നു കണ്ടെത്താൻ കഴിഞ്ഞ വർഷം ഈ ഡേറ്റയും ക്ഷേമപെൻഷൻ ഡേറ്റയുമായി താരതമ്യ പരിശോധന നടത്തിയിരുന്നു. ഡേറ്റയുടെ സുരക്ഷിതത്വം കണക്കിലെടുത്ത്, അനധികൃതമായി പെൻഷൻ വാങ്ങുന്നവരുടെ വിവരംപോലും വിവരാവകാശ നിയമപ്രകാരം ചോദിച്ചവർക്കു സർക്കാർ നൽകിയിരുന്നില്ല. പിന്നീടു നിയമസഭയിൽ മാത്രമാണ് സർക്കാർ പട്ടിക സമർപ്പിച്ചത്.

ശേഖരിക്കുന്ന ഡേറ്റ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ ഉടമയുടെ അനുമതി വാങ്ങിയിരിക്കണമെന്നു നിയമത്തിലുണ്ട്. ഈ അനുമതി എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. കേന്ദ്ര രജിസ്ട്രിയിൽ 'ഡു നോട്ട് ഡിസ്റ്റർബ്' (ശല്യപ്പെടുത്തരുത്) ആയി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കു പ്രചാരണ സന്ദേശങ്ങൾ അയയ്ക്കാനും പാടില്ല. എന്നാൽ, ഇങ്ങനെ രജിസ്റ്റർ ചെയ്തവർക്കു പോലും വാട്സാപ് സന്ദേശമെത്തി.

കേരളത്തിൽ ആദ്യമായാണ് സർക്കാർ നേട്ടങ്ങളും വാഗ്ദാനങ്ങളും പ്രചരിപ്പിക്കാൻ ഔദ്യോഗിക ഡേറ്റ ഉപയോഗിക്കുന്നത്. മുഖ്യമന്ത്രിയുടെ സമൂഹമാധ്യമസംഘം ഉപയോഗിച്ച ഈ ഡേറ്റ പുറത്തുപോയാൽ ഇന്റർനെറ്റ് അധോലോകമായ ഡാർക് വെബിൽ ഉൾപ്പെടെ ദുരുപയോഗം ചെയ്യപ്പെടാം. ചില ബാങ്കുകളുടെ സമാന ഡേറ്റ ചോർന്നതാണ് തുടർച്ചയായ സൈബർ തട്ടിപ്പുകൾക്കു കാരണമായത്. അതേസമയം, ഈമാസം ഒന്നിന് ആരംഭിച്ച മെഡിസെപ് രണ്ടാം ഘട്ടത്തെക്കുറിച്ച് ഇതുവരെ സർക്കാരിന്റെ പ്രചാരണ സന്ദേശം എത്തിയിട്ടില്ല. 33 ലക്ഷം പേരുൾപ്പെട്ട ഈ ഡേറ്റബേസ് ധനവകുപ്പിന്റെയും പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയുടെയും പക്കലാണിപ്പോൾ.


# ഭരണ – പ്രതിപക്ഷ വാക്പോര്

(ഒന്നാം പേജിൽ നിന്നും)

വിജിലൻസ് കോടതിയുടേത് അന്തിമ വിധിപോലെയാണെന്നും എസ്ഐടി പറയുന്നു. കൊല്ലം വിജിലൻസ് കോടതിവിധിയിൽ അസാധാരണത്വമുണ്ടെന്ന് നിയമമന്ത്രി പി. രാജീവും പറഞ്ഞു.

സിപിഎം നേതാക്കളെ രക്ഷിക്കാനും സിപിഎമ്മിന്റെ മേൽ പതിച്ച ശബരിമല സ്വർണക്കൊള്ളയുടെ നിഴൽ ഒഴിവാക്കാനുമാണെന്നാണ് കോൺഗ്രസ് തെരഞ്ഞെടുപ്പു സമിതി ചെയർമാൻ രമേശ് ചെന്നിത്തല പറയുന്നത്. അറസ്റ്റ് രാഷ്ട്രീയ പ്രേരിതമാണെന്ന ആരോപണവുമായി ബിജെപി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖരും രംഗത്തെത്തി. ശബരിമല തന്ത്രിയെ കള്ളക്കേസിൽ കുടുക്കിയ നടപടിയിൽ പ്രതിഷേധവുമായി കൂടുതൽ ഹൈന്ദവ സംഘടനകൾ രംഗത്ത് എത്തുമെന്നാണ് വിവരം.

അതേസമയം, തന്ത്രിക്കെതിരെ കടുത്ത പരാമർശവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ രംഗത്തെത്തി. തന്ത്രി കള്ളന്മാരുടെ ആളാണെന്നായിരുന്നു എം.വി. ഗോവിന്ദന്റെ ആരോപണം.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**